# ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

## കൈത്തറി നെയ്ത്തുകാരുടെ സമഗ്ര ക്ഷേമ പദ്ധതിയുടെ ഘടകം

***പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ***

**ആമുഖം.**

കൈത്തറി നെയ്ത്തുകാർക്ക് ഗുണകരമായ തരത്തിലുള്ള ഒരു ക്ഷേമപ്രവൃത്തി എന്ന നിലയ്ക്ക് 1992-93 കാലഘട്ടം മുതൽ തന്നെ ഭാരത സർക്കാർ ഒരു ആരോഗ്യ പാക്കേജ് പദ്ധതി നടപ്പിലാക്കി വരുന്നു. 2005-06 കാലഘട്ടം മുതൽ നെയ്ത്തുകാർക്കുവേി ഐ.സി.ഐ.സി.ഐ ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം ഭാരത സർക്കാർ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി. 2007-08-ലും 2008-09-ലും ഈ പദ്ധതി പുതുക്കിയ മാതൃകയിൽ നടപ്പിലാക്കി വരുന്നു.. ഈ പദ്ധതിയുടെ ലക്ഷ്യങ്ങളും മറ്റു സുപ്രധാന സവിശേഷതകളും ചുവടെ ചേർക്കുന്നു.

**ലക്ഷ്യങ്ങൾ**

രാജ്യത്ത് നിലവിലുള്ള ആരോഗ്യരക്ഷാ സംവിധാനങ്ങൾ നെയ്ത്തുകാർക്ക് പരമാവധി പ്രയോജനപ്പെടുത്താവുന്ന തരത്തിൽ അവരെ സാമ്പത്തികമായി സജ്ജരാക്കുക എന്നതാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ലക്ഷ്യം. നിർദ്ദിഷ്ട നെയ്ത്തുകാരനു മാത്രമല്ല അദ്ദേഹത്തിന്റെ ഭാര്യയ്ക്കും രണ്ടു മക്കൾക്കു കൂടി ഈ പദ്ധതി പ്രകാരം പരിരക്ഷ ലഭിക്കുന്നതാണ്. കൂടാതെ മുൻപ് നിലനിന്നിരുന്നതും പുതുതായി രൂപം കൊള്ളുന്നതുമായിട്ടുള്ള എല്ലാ രോഗങ്ങളും ഇതിന്റെ പരിധിയിൽ വരുന്നു. ഇതോടൊപ്പം തന്നെ നെയ്ത്തു വ്യവസായത്തിലെ സഹായക തൊഴിലുകളായ പാവ് നിർമ്മാണം, നൂൽചുറ്റൽ, ചായം മുക്കൽ, പ്രിന്റിംഗ്, ഫിനിഷിംഗ്, സൈസിംഗ്, ഛാല നിർമ്മാണം, ജക്കാർഡ് കട്ടിംഗ് തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്നത് അർഹതയുള്ളവരായിരിക്കും.

2. പദ്ധതിയുടെ പ്രധാന സവിശേഷതകൾ

2.1. ധനസഹായത്തിന്റെ തോത്

( i ) ഭാരത സർക്കാരിന്റെ സംഭാവന: ഒരു വർഷത്തിൽ 642.40 രൂപ

(പ്രീമിയം തുക - 556.50 രൂപ
സേവനനികുതി- 85.90 രൂപ
(2007-08 വർഷത്തിൽ 12.3 ശതമാനം
എന്ന കണക്കിൽ)

(ii ) നെയ്ത്തുകാരന്റെ/സംസ്ഥാന സർക്കാരിന്റെ സംഭാവന : ഒരു വർഷത്തിൽ 139.13 രൂപ

ഒരു നെയ്ത്തുകാരന്റെ ഏറ്റവും കുറഞ്ഞ സംഭാവന ഒരു കുടുംബത്തിന് 50 രൂപ എന്ന കണക്കിലായിരിക്കണം. പ്രസ്തുത നെയ്ത്തുകാരനുവേണ്ടി സംസ്ഥാന സർക്കാർ സംഭാവന നൽകുന്ന സാഹചര്യത്തിൽ പോലും ഈ നിയമം പാലിയ്ക്കപ്പെടേതാണ്.

(iii) ആകെ പ്രീമിയം : ഒരു വർഷത്തിൽ 781.60 രൂപ
(സേവന നികുതി ഉൾപ്പെടെ)

2.2 ധനസഹായം അനുവദിയ്ക്കുന്നതിനുള്ള മാർഗ്ഗരേഖകൾ

ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന നെയ്ത്തുകാർക്കുള്ള കേന്ദ്ര സർക്കാർ വിഹിതമായ പ്രീമിയം തുക ഗഡുക്കളായി ഐ.സി.ഐ.സി.ഐ ലൊംബാർഡിന് നേരിട്ട് ലഭിക്കുന്നതായിരിക്കും. ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്ന ആകെ നെയ്ത്തുകാർക്കുള്ള പ്രീമിയം തുകയുട 30 ശതമാനം കണക്കാക്കി (സർക്കാർ വിഹിതമായ പ്രീമിയം തുകയും സേവന നികുതിയുടെ തുകയും ചേർത്ത്) കമ്പനിയ്ക്ക് അനുവദിക്കുന്നതാണ്. എപ്പോഴാണോ മേൽ സൂചിപ്പിച്ച തുകയുടെ 66 ശതമാനം തുക നെയ്ത്തുകാരെ അംഗങ്ങളാക്കുന്നതിനായി വിനിയോഗിയ്ക്കുന്നത്, തദവസരത്തിൽ അംഗങ്ങളായ നെയ്ത്തുകാരുടെ എണ്ണവും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങളും സംബന്ധിച്ച പുരോഗതി റിപ്പോർട്ടും കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേ താണ്. പുരോഗതി റിപ്പോർട്ടും അതിന്റെ വാസ്തവികത ഉറപ്പുവുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട സാക്ഷ്യപത്രവും ലഭ്യമായാലുടൻ തന്നെ അടുത്ത ഗഡുവായ 30 ശതമാനം പ്രീമിയം തുക അനുവദിയ്ക്കുന്നതിനുള്ള നടപടികൾ കൈത്തറി വികസന കമ്മീഷണൽ കൈക്കൊള്ളുന്നതാണ്. തുടർന്ന് 90% പ്രീമിയം തുകയും ഇതേ അനുപാതത്തിൽ തന്നെ അനുവദിക്കുന്നതാണ്. എന്നാൽ അനുവദിച്ച 90% വരെയുള്ളപ്രീമിയം തുകയ്ക്കുള്ള വിനിയോഗ സർട്ടിഫിക്കറ്റും

ഹാജരാക്കിയ ശേഷം മാത്രമേ അവശേഷിയ്ക്കുന്ന 10 ശതമാനം പ്രീമിയം തുക അനുവദിക്കുകയുള്ളൂ

.

2. വാർഷിക ഇൻഷ്വറൻസ് പ്രീമിയം തുകയായ 695.63 രൂപയിൻമേലുള്ള സേവന നികുതി കേന്ദ്ര സർക്കാർ വഹിയ്ക്കുന്നതാണ്.

3. നിർവ്വഹണ ഏജൻസികൾ

ഈ പദ്ധതി കൈത്തറി വികസന കമ്മീഷണറുടെ കാര്യാലയം ഐ.സി.ഐ.സി.ഐ ലൊംബാർഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. അതാത് സംസ്ഥാനങ്ങളിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന്റെ ചുമതല സംസ്ഥാന കൈത്തറി ഡയറക്ടർക്ക്/വ്യവസായ ഡയറക്ടർക്ക്/കൈത്തറിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് ആയിരിക്കും.

4. യോഗ്യരായവർ

കൈത്തറി നെയ്ത്തുകാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നെയ്ത്തുകാർ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിരിയ്ക്കേണ്ടതാണ്:- ('' നെയ്ത്തുകാരൻ'' എന്ന പ്രയോഗം കൊണ്ട് കൈത്തറി വ്യവസായത്തിന്റെ സഹായക തൊഴിലുകളായ പാവ് നിർമ്മാണം, നൂൽ ചുറ്റൽ, ചായം മുക്കൽ, പ്രിന്റിംഗ്, ഫിനിഷിംഗ് സൈസിംഗ്, ഷാല നിർമ്മാണം, ജക്കാർഡ് കട്ടിംഗ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരെയും ലക്ഷ്യമാക്കുന്നു.)

**Ж നെയ്ത്തുകാരൻ തന്റെ വരുമാനത്തിന്റെ 50 ശതമാനം തുകയും കൈത്തറി നെയ്ത്തിൽ നിന്നായിരിയ്ക്കണം സമ്പാദിക്കേണ്ടത്.**

**Ж ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്നതിനായി സ്ത്രീപുരുഷ ഭേദമന്യേ എല്ലാ നെയ്ത്തുകാരും അർഹരായിരിയ്ക്കും. നെയ്ത്തുകാരന്റെ കുടുംബത്തിലെ നാലംഗങ്ങൾ അതായത് നിർദ്ദിഷ്ട നെയ്ത്തുകാരനും അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് മക്കളും ഉൾപ്പെടെയുള്ളവർ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായിരിക്കും. ഒരു ദിവസം മുതൽ 80 വയസ്സ് വരെയുള്ള പ്രായക്കാർ ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായിരിയ്ക്കും.**

Ж വനിതാ നെയ്ത്തുകാർ, ന്യൂനപക്ഷ സമുദായാംഗങ്ങളായ നെയ്ത്തുകാർ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ നെയ്ത്തുകാർ (അരുണാചൽ പ്രദേശ്, ആസാം, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ത്രിപുര, സിക്കിം മുതലായ സംസ്ഥാനങ്ങളിലെ) എന്നിവർക്ക് ഈ പദ്ധതിയിൻ കീഴിൽ മതിയായ പ്രാതിനിധ്യം ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

Ж സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനുകൾ/അപ്പക്സ്/പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ നെയ്ത്തുകാർക്ക് ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്നതിന് അർഹതയുണ്ടായിരിക്കും. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരല്ലാത്ത നെയ്ത്തുകാർ തങ്ങളുടെ അർഹതയെ സംബന്ധിച്ച് ബന്ധപ്പെട്ട സംസ്ഥാന കൈത്തറി ഡയറക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന പക്ഷം അവരെയും ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതാണ്.

Ж ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന നെയ്ത്തുകാരുടെയും നെയ്ത്തുമായി ബന്ധപ്പെട്ട സഹായക തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വരുടെയും അർഹതയെ സംബന്ധിച്ച് പരിശോധന നടത്തേണ്ടത് സംസ്ഥാന കൈത്തറി ഡയറക്ടറുടെ ചുമതലയായിരിക്കും.

5. **ഇൻഷ്വറൻസ് പരിരക്ഷയുടെ വ്യാപ്തി**

രാജ്യത്തിനകത്തുള്ള ഏതെങ്കിലും ആശുപത്രിയിലോ നേഴ്സിംഗ് ഹോമിയിലോ ചികിത്സ നടത്തിയ വകയിൽ നെയ്ത്തുകാർക്കുണ്ടാകുന്ന ചെലവുകൾ ഐ.സി.ഐ.സി.ഐ ലൊംബാർഡ് വഹിക്കുകയോ മടക്കി നൽകുകയോ (റീഇംബേഴ്സ് ചെയ്യുക) ചെയ്യുന്നതായിരിക്കും. ചില നിബന്ധനകൾക്ക് വിധേയമായിരിക്കും തുക അനുവദിക്കുന്നത്.

6. **ക്യാഷ് ലെസ് സൗകര്യങ്ങൾ**

രാജ്യത്താകമാനമുള്ള എംപാനൽഡ് ആശുപത്രികളിലും / നഴ്സിംഗ് ഹോമുകളിലും അംഗീകൃത പ്രതിനിധികൾ വഴി (മൂന്നാമസ്ഥരായ കാര്യനിർവ്വഹണകർത്താക്കൾ) ഐ.സി.ഐ.സി.ഐ ലൊംബാർഡ് ക്യാഷ്ലെസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. അതായത് പാനലിലുള്ള ഏതെങ്കിലുമൊരു ആശുപത്രിയിൽ ഒരു രോഗിയ്ക്ക് യഥാർത്ഥത്തിൽ പണം കെട്ടിവയ്ക്കാതെ തന്നെ ചികിത്സ തേടാവുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഒരു രോഗിയ്ക്ക് അംഗീകരിച്ച പട്ടികയിലുള്ളതല്ലാത്ത

ഏതെങ്കിലും ഡോക്ടറുടെ പക്കലോ ക്ലിനിക്കിലോ ചികിത്സ തേടേണ്ടിവരുന്ന പക്ഷം, ബന്ധപ്പെട്ട കുറിപ്പടികളും വൗച്ചറുകളും ഐ.സി.ഐ.സി.ഐ ലൊംബാർഡിനോ അതിന്റെ അംഗീകൃത പ്രതിനിധിയ്ക്കോ നൽകുന്ന മുറയ്ക്ക്, ആവശ്യമായ എല്ലാ രേഖകളും വിവരങ്ങളുടം ലഭ്യമാണെന്ന് ഉറപ്പുവരുത്തയിശേഷം 15 ദിവസങ്ങൾക്കകം അർഹമായ തുക അനുവദിക്കുന്നതാണ്.

7. <u>കാലാവധി</u>

7.1 ഇൻഷ്വർ ചെയ്യുന്ന കമ്പനിയുടെ പക്കൽ പ്രീമിയം ലഭ്യമാക്കുന്ന തീയതി മുതൽ 12 മാസക്കാലയളവിൽ പ്രസ്തുത പോളിസി നിലവിലുണ്ടായിരിക്കു ന്നതാണ്.

7.2. ഒരു നെയ്ത്തു കുടുംബത്തിന് അവരുടെ പ്രീമിയം തുക ഒടുക്കുന്ന മുറയ്ക്ക് സാധാരണയായി ഒരു വർഷക്കാലയളവിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതായിരിക്കും. തുടർന്നുള്ള ഓരോ വർഷവും പ്രീമിയം തുക ഒടുക്കുന്ന പക്ഷം പോളിസി പുതുക്കുന്നതിന് അർഹതയുണ്ടായിരിക്കും.

7.3 പോളിസികൾ പുതുക്കുന്നതിനായിരിക്കണം പ്രാധാന്യം നൽകേണ്ടത്. കുറഞ്ഞത് 80 ശതമാനം പോളിസികളെങ്കിലും രണ്ടാം വർഷം പുതുക്കിയിരിക്കേണ്ടതാണ്. രണ്ടാം വർഷം ഇപ്രകാരം കുറഞ്ഞത് 80 ശതമാനം പുതുക്കലുകൾ നടത്താൻ കഴിയാതെ വന്നാൽ കമ്പനിയെ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും പുറത്താക്കുന്നതാണ്.

8. ആനുകൂല്യങ്ങൾ

| | |
|---|---|
| ഒരു കുടുംബത്തിനുള്ള (1+3) വാർഷിക പരിധി | രൂപാ 15,000/- |
| ഒരു കുടുംബത്തിനുള്ള ഉപ പരിധികൾ<br>മുൻപ് നിലനിന്നിരുന്ന - പുതിയ രോഗങ്ങൾ<br>രോഗങ്ങൾ | 15,000/- |
| പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ<br>ആദ്യത്തെ രണ്ടു കുട്ടികളിൽ ഓരോ കുഞ്ഞിനും) | 2500/- |
| ദന്ത ചികിത്സ | 250/- |
| നേത്ര ചികിത്സ | 75/- |
| കണ്ണടകൾക്ക | 250/- |
| | 4000/- |

| | |
|---|---|
| ആയുർവേദം/യുനാനി/ഹോമിയോപ്പതി/സിദ്ധ | 4000/- |
| ആശുപത്രിയിൽ കിടത്തി ചികിത്സ (മുൻപും ശേഷവും) | 15000/- |
| ശിശുക്കൾക്ക് | 500/- |
| ഒ.പി.ഡി | 7500/- |
| ഓരോ രോഗത്തിനുമുള്ള പരിധി | 7500/- |

ഒഴിവാക്കപ്പെട്ടവ:- സൗന്ദര്യവർദ്ധക ശസ്ത്രക്രിയകൾ അല്ലെങ്കിൽ ചികിത്സകൾ, എച്ച്.ഐ.വി, എയിഡ്സ്, വന്ധ്യത, ആന്തരിക പരിക്കുകൾ, ലഹരിപദാർത്ഥങ്ങളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലമുള്ള അസുഖങ്ങൾ, യുദ്ധം, ലഹള, സമരം, ഭീകര പ്രവർത്തനം, അണവ സംബന്ധമായുണ്ടാകുന്ന പ്രശ്നങ്ങൾ.

9. **നടപടി ക്രമങ്ങൾ**

9.1. സംസ്ഥാന കൈത്തറി ഡയറക്ടർ ഐ.സി.ഐ.സി.ഐ ലൊംബാർഡുമായി ചേർന്ന് നെയ്ത്തുകാരുടെ ഇൻഷ്വറൻസ് പരിരക്ഷയെ സംബന്ധിച്ച് അവസാന തീരുമാനം കൈക്കൊള്ളേണ്ടതാണ്.

9.2. കേന്ദ്ര സർക്കാർ നെയ്ത്തുകാർക്കുള്ള '' ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്ന തീയതി മുതൽ ഈ പദ്ധതി നിലവിൽ വരുന്നതാണ്.

9.3. സംസ്ഥാന കൈത്തറി ഡയറക്ടറുടെ കാര്യാലയവും അതിന്റെ കീഴ് കാര്യാലയങ്ങളുമായിരിക്കും ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ നോഡൽ ഏജൻസികൾ.

9.4 ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന നെയ്ത്തുകാർക്കുള്ള കേന്ദ്ര സർക്കാർ വിഹിതമായി പ്രീമിയം തുക ഗഡുക്കളായി ഐ.സി.ഐ.സി.ഐ ലൊംബാർഡിന് നേരിട്ട് ലഭിക്കുന്നതായിരിക്കും. ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ആകെ നെയ്ത്തുകാർക്കുള്ള പ്രീമിയം തുകയുടെ 30 ശതമാനം കണക്കാക്കി (സർക്കാർ വിഹിതം പ്രീമിയം തുകയും സേവന നികുതിയുടെ തുകയും ചേർത്ത്) കമ്പനിക്ക് അനുവദിക്കുന്നതായിരിക്കും. എപ്പോഴാണോ മേൽ സൂചിപ്പിച്ച തുകയുടെ 66 ശതമാനം തുക നെയ്ത്തുകാരെ അംഗങ്ങളാക്കുന്നതിനായി വിനിയോഗിക്കുന്നത്, തദവസരത്തിൽ അംഗങ്ങളായ നെയ്ത്തുകാരുടെ എണ്ണവും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങളും സംബന്ധിച്ച

പുരോഗതി റിപ്പോർട്ട് കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേതാണ്. പുരോഗതി റിപ്പോർട്ടും അതിന്റെ വാസ്തവികത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ ബന്ധപ്പെട്ട സാക്ഷ്യപത്രവും ലഭ്യമായാലുടൻ തന്നെ അടുത്ത ഗഡുവായ 30 ശതമാനം പ്രീമിയം തുക അനുവദിക്കുന്നതിനുള്ള നടപടികൾ കൈത്തറി വികസന കമ്മീഷണർ കൈക്കൊളളുന്നതാണ്. തുടർന്ന് 90% പ്രീമിയം തുകയും ഇതേ അനുപാതത്തിൽ തന്നെ അനുവദിയ്ക്കുന്നതാണ്. എന്നാൽ അനുവദിച്ച 90 ശതമാനം പ്രീമിയം തുകയ്ക്കുമുളള വിനിയോഗ സർട്ടിഫിക്കറ്റും ഹാജരാക്കിയശേഷം മാത്രമേ അവശേഷിയ്ക്കുന്ന 10 ശതമാനം പ്രീമിയം തുക അനുവദിയ്ക്കുകയുള്ളു.

9.5. ഒരു നിർദ്ദിഷ്ട ഗുണഭോക്താവ് അംഗത്വ ഫോം പൂരിപ്പിച്ച് തന്റെ പ്രീമിയം വിഹിതം സഹിതം സംസ്ഥാന കൈത്തറി ഡയറക്ടർക്ക് സമർപ്പിയ്ക്കേ താണ്. നിർദ്ദിഷ്ട അപേക്ഷ/അംഗത്വ ഫാറം സംസ്ഥാന കൈത്തറി ഡയറക്ടർക്കും/നെയ്ത്തുകാർക്കും ലഭ്യമാക്കേ ചുമതല ഐ.സി.ഐ.സി.ഐ ലൊംബാർഡിനായിരിക്കും.

9.6. സംസ്ഥാന കൈത്തറി ഡയറക്ടർ അപേക്ഷ പരിശോധിച്ച്, അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, പ്രീമിയം തുക സ്വീകരിച്ച്, അപ്രകാരമുളള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി, പ്രീമിയം തുക സഹിതം ഐ.സി.ഐ.സി.ഐ ലൊംബാർഡിന് സമർപ്പിക്കേതാണ്.

9.7 സംസ്ഥാന കൈത്തറി ഡയറക്ടറുടെ പക്കൽ നിന്നും ഗുണഭോക്താക്കളുടെ പട്ടികയും പ്രീമിയം തുകയും ലഭ്യമായാലുടൻ തന്നെ ഐ.സി.ഐ.സി.ഐ ലൊംബാർഡ് സംസ്ഥാന കൈത്തറി ഡയറക്ടർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകപ്പെട്ട വ്യക്തികളുടെ പട്ടികയോടൊപ്പം '' ആരോഗ്യകാർഡുകൾ'' കൂടി നൽകേണ്ടതാണ്. ഇൻഷ്വറൻസ് പരിരക്ഷയെ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന കൈത്തറി ഡയറക്ടറും നിർവ്വഹണ ഏജൻസിയും ചേർന്ന് വ്യക്തിഗത ഗുണഭോക്താക്കളെ അറിയിക്കേണ്ടതാണ്.

9.8 ഇൻഷ്വറൻസ് പരിരക്ഷയുടെ കാലാവധി സമയത്ത് ഒരു നെയ്ത്തുകാരൻ ഒരു സംഘത്തിൽ നിന്നോ കോർപ്പറേഷനിൽ നിന്നോ മറ്റൊന്നിലേയ്ക്ക് തൊഴിൽ സംബന്ധമായി മാറുകയാണെങ്കിൽ പ്രസ്തുത വിവരങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ടതാണ്.

9.9. ഈ പദ്ധതി നടപ്പാക്കുന്നതിനായി കൈത്തറി നെയ്ത്തുകാരുടെ ഇടയിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് അവബോധം സൃഷ്ടിയ്ക്കുന്നതിന്റെ മുഖ്യ ചുമതല സംസ്ഥാന സർക്കാരുകൾക്കും സംസ്ഥാന കൈത്തറി കോർപ്പറേഷനുകൾ/ അപ്പക്സ്/പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ/യൂണിയനുകൾ/ അസോസിയേഷനുകൾ എന്നിവയ്ക്കായിരിക്കും.

9.10. ആകെ അംഗങ്ങളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും ഐ.സി.ഐ.സി.ഐ ലൊംബാർഡ് സംസ്ഥാന കൈത്തറി ഡയറക്ടർക്ക് സമർപ്പിയ്ക്കേതാണ്. അദ്ദേഹം അംഗങ്ങളുടെ എണ്ണവും ആരോഗ്യ കാർഡുകൾ വിതരണം ചെയ്തതിന്റെ എണ്ണവും ഒത്തുനോക്കി ഉറപ്പു വരുത്തുന്നതാണ്.

9.11. എല്ലാ മാസവും 10-ാം തീയതിയോടുകൂടി ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച് അർഹമായ തുക നൽകിയത് സംബന്ധിച്ചുമുള്ള കാലാനുസൃത റിപ്പോർട്ട് സംസ്ഥാന കൈത്തറി ഡയറക്ടർ കേന്ദ്ര കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

10. തുക ആവശ്യപ്പെടുന്ന നടപടിക്രമം.

(i ) ആസൂത്രിത ആശുപത്രി വാസം

(എ) ഒരു രോഗിയ്ക്ക് നിർദ്ദിഷ്ട പട്ടിക പ്രകാരമുള്ള ഏത് ആശുപത്രിയോ/നഴ്സിംഗ് ഹോമോ തന്റെ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. അത്തരം ആശുപത്രികളുടെ പട്ടിക ഐ.സി.ഐ.സി.ഐ ലൊംബാർഡ് നൽകുന്നതായിരിക്കും. ഈ പട്ടികയുടെ പകർപ്പ് **www.handlooms.nic.in** എന്ന വെബ്സൈറ്റിൽ ലഭ്യമായിരിയ്ക്കും.

(ബി) ബന്ധപ്പെട്ട ആശുപത്രികളോ/നഴ്സിംഗ് ഹോമുകളോ രോഗിയുടെ പേര്/പോളിസി നമ്പർ/അസുഖവിവരം/ആശുപത്രിയുടെ പേര് എന്നിവ ഐ.സി.ഐ.സി.ഐ ലൊംബാർഡിനെ അറിയിക്കേണ്ടതാണ്. ഐ.സി.ഐ.സി.ഐ ലൊംബാർഡിന്റെ പ്രതിനിധികളുടെ/ ബന്ധപ്പെടേ വരുടെ പട്ടിക ഐ.സി.ഐ.സി.ഐ ലൊംബാർഡ് നൽകുന്നതാണ്.

(ബി) ബന്ധപ്പെട്ട ആശുപത്രികളോ/നഴ്സിംഗ് ഹോമുകളോ രോഗിയുടെ പേര്/പോളിസി നമ്പർ/അസുഖവിവരം/ആശുപത്രിയുടെ പേര് എന്നിവ ഐ.സി.ഐ.സി.ഐ ലൊംബാർഡിനെ അറിയിക്കേണ്ടതാണ്.

ഐ.സി.ഐ.സി.ഐ ലൊംബാർഡിന്റെ പ്രതിനിധികളുടെ/ ബന്ധപ്പെടേണ്ടവരുടെ പട്ടിക ഐ.സി.ഐ.സി.ഐ ലൊംബാർഡ് നൽകുന്നതാണ്.

(സി) ക്യാഷ് ലെസ് സൗകര്യങ്ങൾ ലഭ്യമാകുന്നതിനായി ഇൻഷ്വറൻസ് പരിരക്ഷ നേടുന്നവർക്ക് ഐ.സി.ഐ.സി.ഐ തിരിച്ചറിയൽ കാർഡുകൾ നൽകുന്നതാണ്. ഐ.സി.ഐ.സി.ഐ ലൊംബാർഡിന്റെയോ പ്രതിനിധികളുടെയോ വിശദവിവരങ്ങൾ, ഫോൺ നമ്പറുകൾ/സഹായക ടെലിഫോൺ നമ്പറുകൾ തുടങ്ങിയവ തിരിച്ചറിയൽ കാർഡുകളിൽ സൗകര്യാർത്ഥം സൂചിപ്പിച്ചിരിക്കുന്നതാണ്. ഇത് കുടാതെ നിർദ്ദിഷ്ട ആശുപത്രികൾ ഒരു അധികാര പത്രവും കൂടി ഐ.സി.ഐ.സി.ഐ ലൊംബാർഡിനോ അതിന്റെ പ്രതിനിധികൾക്കോ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അധികാര പത്രത്തിന് 12 മണികൂറുകൾക്കകം അംഗീകാരം നൽകുന്നതായിരിക്കും.

(ഡി) രോഗി ചികിത്സ കഴിഞ്ഞ്, രസീത് ഒപ്പിട്ട് നൽകി, ആശുപത്രിയിൽ നിന്നും വിടുതൽ നേടേണ്ടതാണ്. പണം ഒടുക്കേണ്ടതില്ല.

(ii ) അടിയന്തിര ആശുപത്രിവാസം

(എ) ഒരു രോഗിയെ ഏതെങ്കിലും നിർദ്ദിഷ്ട ആശുപത്രിയിൽ പ്രവേശിപ്പിയ്ക്കാവുന്നതാണ്.

(ബി) ആശുപത്രിയിൽ തിരിച്ചറിയൽ കാർഡ് പ്രദർശിപ്പിച്ച് ചികിത്സ തേടാവുന്നതാണ്. അതേ സമയം തന്നെ, അദ്ദേഹത്തിന്റെ കുടുംബം ഐ.സി.ഐ.സി.ഐ ലൊംബാർഡിനെയോ പ്രതിനിധികളെയോ സഹായക ടെലിഫോൺ നമ്പറിൽ ബന്ധപ്പെട്ട് മുൻകൂർ-അധികാര പത്രം സമർപ്പിക്കേണ്ടതാണ്. ഐ.സി.ഐ.സി.ഐ ലൊംബാർഡ് അല്ലെങ്കിൽ അതിന്റെ അംഗീകൃത പ്രതിനിധികളോ അംഗീകാര പത്രം ആശുപത്രിയ്ക്ക് ഫാക്സ് മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

(സി) രോഗി ചികിത്സ കഴിഞ്ഞ്, രസീത് ഒപ്പിട്ട് നൽകി ആശുപത്രിയിൽ നിന്നും വിടുതൽ നൽകേണ്ടതാണ്. പണം ഒടുക്കേതില്ല.

(iii ). ***പണം മടക്കി വാങ്ങുന്നതിനുളള മാർഗ്ഗരേഖകൾ***

നിർദ്ദിഷ്ട പട്ടികയിൽപ്പെടാത്ത ആശുപത്രികളിൽ നിന്നോ, ക്ലിനിക്കിൽ നിന്നോ ഡോക്ടറുടെ പക്കൽ നിന്നോ രോഗികൾക്ക് ചികിത്സ തേടാവുന്നതാണ്. നെയ്ത്തുകാരൻ ആശുപത്രി ബില്ലുകൾക്ക് നേരിട്ട് പണം ഒടുക്കാവുന്നതാണ്. നിർദ്ദിഷ്ട പട്ടികയിൽപ്പെടാത്ത ആശുപത്രികളിലോ നഴ്സിംഗ് ഹോമുകളിലോ ചികിത്സ തേടുന്ന നെയ്ത്തുകാർക്ക് കേന്ദ്ര സർക്കാർ ആരോഗ്യ പദ്ധതി (സി.ജി.എച്ച്.സ്) പ്രകാരമുളള അർഹമായ

തുകയെക്കാൾ കൂടാത്ത തരത്തിൽ പരിമിതപ്പെടുത്തിക്കൊണ്ട് ചെലവായ തുക നൽകുന്നതിന് ഇൻഷ്വറൻസ് കമ്പനിയ്ക്ക് അധികാരമുായിരിക്കും. നെയ്ത്തുകാരൻ ഡോക്ടറുടെ കുറിപ്പടിയും മരുന്നുകളുടെ വൗച്ചറുകളും ഇൻഷ്വറൻസ് കമ്പനിയ്ക്കോ അതിന്റെ അംഗീകൃത പ്രതിനിധിയ്ക്കോ സമർപ്പിയ്ക്കേണ്ടതും, ആയതിൻമേൽ 15 ദിവസത്തിനകം ഇൻഷ്വറൻസ് കമ്പനി നടപടി സ്വീകരിച്ച് മുഴുവൻ തുകയും അനുവദിയ്ക്കേണ്ടതുമാണ്.

(സി) രോഗി ചികിത്സ കഴിഞ്ഞ്, രസീത് ഒപ്പിട്ട് നൽകി ആശുപത്രിയിൽ നിന്നും വിടുതൽ നൽകേണ്ടതാണ്. പണം ഒടുക്കേണ്ടതില്ല.

(iii ). <u>ധനസഹായം</u>

.

1. ഇതിനു പുറമേയുളള ഏത് ധനസഹായത്തിനും രാജ്യത്തുടനീളംമുളള **ICICI** ലൊംബാർഡിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർമാരുമായി ബന്ധപ്പെടാ വുന്നതാണ്. ഇപ്രകാരം ബന്ധപ്പെടാവുന്ന ഉദ്യോഗസ്ഥരുടെ പട്ടിക മാതൃഭാഷയിൽ ലഭ്യമാണ്. ഈ പട്ടികയുടെ പകർപ്പു **www.handlooms.nic.in** എന്ന വെബ് സൈറ്റിലും പത്രങ്ങളിലും ലഭ്യമായിരിക്കും.

2. അച്ചടിച്ച പട്ടികകൾ ലഭ്യമാക്കുന്നതിന് പുറമേ **ICICI** ലൊംബാർഡ് ആശുപത്രികളുടെയും നഴ്സിംഗ് ഹോമുകളുടെയും വിശദ വിവരങ്ങൾ, അംഗീകൃത പ്രതിനിധികളുടെയും **ICICI** ലൊംബാർഡിനെ സംബന്ധിക്കുന്നതുമായ വിശദവിവരങ്ങളും എല്ലാ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും വെബ്സൈറ്റുകളിൽ പ്രദർശിപ്പിച്ചിരിയ്ക്കും. ഈ പട്ടികയുടെ പകർപ്പു **www.handlooms.nic.in** എന്ന വെബ് സൈറ്റിൽ ലഭ്യമായിരിക്കും.

11. ***<u>ICICI ലൊംബാർഡിന്റെ പങ്ക്</u>***

(1) **ICICI** ലൊംബാർഡോ അതിന്റെ അംഗീകൃത പ്രതിനിധികളോ ഇടത്തരം ആശുപത്രികളുടെയും നഴ്സിംഗ് ഹോമുകളുടെയും പട്ടിക സംസ്ഥാന സർക്കാരുകൾക്കും കൈത്തറി വികസന കമ്മീഷണർക്കും സമർപ്പിക്കേണ്ടതാണ്. നാലുമാസത്തിലൊരിയ്ക്കൽ ഈ പട്ടിക പുതുക്കേണ്ടതാണ്.

(2) **ICICI** ലൊംബാർഡോ അതിന്റെ അംഗീകൃത പ്രതിനിധികളോ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരം അംഗീകരിച്ചിട്ടുളള ആശുപത്രികളുടെ പട്ടിക സംസ്ഥാന സർക്കാരുകൾക്കും കുറഞ്ഞത് 250 കൈത്തറി ക്ലസ്റ്ററുകൾക്കും ക്യാഷ് ലെസ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി നൽകേതാണ്. സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശപ്രകാരം കൈത്തറി വികസന കമ്മീഷണറെ അറിയിച്ചുകൊണ്ട് ഈ പട്ടികയിൽ പേരുകൾ ചേർക്കുകയോ/മാറ്റുകയോ ചെയ്യാവുന്നതാണ്.

(3) ഈ പദ്ധതി വിജയിപ്പിക്കുന്നതിനായുളള എല്ലാ നടപടികളും **ICICI** ലൊംബാർഡ് കൈക്കൊള്ളേണ്ടതാണ്. പ്രാരംഭ പ്രവർത്തനങ്ങളായ ഗുണ ഭോക്താക്കളെ തിരിച്ചറിയൽ, ഫാറങ്ങൾ പൂരിപ്പിച്ച് നൽകൽ തുടങ്ങിയവ ദ്രുതഗതിയിൽ നടത്തുന്നതിനായി **ICICI** ലൊംബാർഡ് സംസ്ഥാന കൈത്തറി ഡയറക്ടറുമായി ബന്ധപ്പെടേണ്ടതാണ്.

(4) രാജ്യത്തുടനീളമുളള കൈത്തറി നെയ്ത്തുകാരുടെ ഇടയിൽ ഈ പദ്ധതി പ്രചരിപ്പിക്കുന്നതിനായി **ICICI** ലൊംബാർഡോ അതിന്റെ അംഗീകൃത പ്രതിനിധികളോ ഇലക്ട്രോണിക് വാർത്താ മാധ്യമങ്ങളെയും വർത്തമാന പത്രങ്ങളെയും ആശ്രയിയ്ക്കേണ്ടതാണ്.

(5) **ICICI** ലൊംബാർഡ് ഈ പദ്ധതിയെയും അതിന്റെ ഗുണഭോക്താക്കളേയും സംബന്ധിച്ച് പരസ്യങ്ങൾ അതാത് മാതൃഭാഷകളിലായിരിയ്ക്കണം നൽകേണ്ടത്. ഇപ്രകാരമുളള നടപടികൾ കൈക്കൊതിന്റെ വിശദവിവരങ്ങൾ കൈത്തറി വികസന കമ്മീഷണറെയും സംസ്ഥാന സർക്കാരിനേയും അറിയിക്കേ ണ്ടതാണ്.

(6) ഒ.പി.ഡി. പരിരക്ഷയ്ക്കുളളിൽ നിന്നു കൊണ്ട് ആശുപത്രി ബില്ലുകൾ സംബന്ധിച്ച് വേഗത്തിൽ പണം മടക്കി ലഭിക്കുന്നതിന് **ICICI** ലൊംബാർഡ് അല്ലെങ്കിൽ അതിന്റെ പ്രതിനിധികൾ കുറഞ്ഞത് 250 കൈത്തറി ക്ലസ്റ്ററുകളിൽ (ആകെ അംഗീകരിച്ച 470 കൈത്തറി ക്ലസ്റ്ററുകളിൽ) പദ്ധതി ആരംഭിച്ച് ഒരു മാസത്തിനുളളിൽ ആഫീസുകൾ തുറക്കേണ്ടതാണ്.

(7) ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമായ ആളുകളുടെ എണ്ണം, വിനിയോഗിച്ച ധനത്തിന്റെ തോത്, തുക മടക്കി നൽകിയതിന്റെ വിവരങ്ങൾ എന്നിവയടങ്ങുന്ന പ്രതിമാസ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 20-ാം

തീയതിയോടുകൂടി ICICI ലൊംബാർഡ് കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

(8) എല്ലാ മാസവും 18-ാം തീയതി, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിർവ്വഹണ നടപടികൾ വിലയിരുത്തുന്നതിനായി ICICI ലൊംബാർഡും സംസ്ഥാന കൈത്തറി ഡയറക്ടറും ചേർന്ന് ഒരു യോഗം വിളിച്ചുകൂട്ടേ താണ്. അന്നേദിവസം അവധിയായിരിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ യോഗം കൂടേണ്ടതാണ്. ഇൻഷ്വറൻസ് കമ്പനി തങ്ങളുടെ ക്ലെയിംസ് വകുപ്പിൽ നിന്നും ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച വിശദ വിവരങ്ങൾ മുൻകൂറായി ലഭ്യമാക്കേണ്ടതാണ്. തുകകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും പരിഹരിയ്ക്കുന്നതിനുളള അവശ്യ നടപടികൾ ICICI ലൊംബാർഡ് കൈക്കൊള്ളേണ്ടതാണ്.

(12) **<u>അവലോകനവും വിലയിരുത്തലും</u>**

(12.1) ജില്ലാതലത്തിൽ അപേക്ഷകരെ അംഗങ്ങളാക്കിയതിന്റെയും ധനസഹായം ലഭ്യമാക്കിയതിന്റെയും തുകകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിച്ചതിന്റെയും പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും ആദ്യവാരം സംസ്ഥാന സർക്കാരിലെ അസിസ്റ്റന്റ് ഡയറക്ടറും ICICI ലൊംബാർഡിന്റെ പ്രതിനിധികളും ഉൾപ്പെട്ട ജില്ലാതല കമ്മിറ്റിയോഗം കൂടേണ്ടതാണ്.

(12.2) കൈത്തറി വികസന കമ്മീഷണറുടെ കാര്യാലയം അതിന്റെ ഉപകാര്യാലയങ്ങൾ മുഖാന്തിരവും സംസ്ഥാന സർക്കാരുകളുമായും ICICI ലൊംബാർഡ്മായും മീറ്റിംഗുകൾ സംഘടിപ്പിച്ചും പദ്ധതിയുടെ നടത്തിപ്പു കാലാകാലങ്ങളിൽ വിലയിരുത്തുന്നതാണ്.

## ''മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന'' പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

**ആമുഖം**'-

കേന്ദ്ര സർക്കാർ 2003 ഡിസംബർ മാസം രൂപവൽക്കരിച്ച പദ്ധതിയാണ് 'ബങ്കർ ബീമാ യോജന'. ജനശ്രീ ബീമാ യോജന പദ്ധതിയെയും എൽ.ഐ.സി യുമായി ചേർന്ന് നടപ്പിലാക്കുന്ന ആഡ്-ഓൺ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയെയും സംയോജിപ്പിച്ചാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. 2005-06 കാലയളവിൽ ഈ പദ്ധതി പരിഷ്കരിക്കുകയും തുടർന്ന് മഹാത്മാഗാന്ധി ബങ്കർ യോജന എന്ന പേരിൽ നിലവിൽ വരുകയും ചെയ്തു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 'മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന' കൂടുതൽ ആനുകൂല്യങ്ങളോടെ നടപ്പിലാക്കുന്നതായിരിക്കും. ഈ പദ്ധതി പ്രകാരം 2007-08 മുതൽ 2011-12 കാലയളവിൽ **6666665** നെയ്ത്തുകാർക്ക് ആനുകൂല്യം ലഭ്യമാകും എന്ന് കണക്കാക്കപ്പെടുന്നു. ഓരോ വർഷവും ഇൻഷ്വറൻസ് പുതുക്കേണ്ട നടപടികൾ പരമാവധി നടപ്പിലാക്കാൻ പദ്ധതിയുണ്ട്.

**ലക്ഷ്യങ്ങൾ**

'മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന' യുടെ അടിസ്ഥാന ലക്ഷ്യം സ്വാഭാവികമായോ അപകടം മൂലമോ മരണപ്പെടുന്ന നെയ്ത്തുകാർക്കും പൂർണ്ണമായോ ഭാഗികമായോ വൈകല്യം സംഭവിക്കുന്ന നെയ്ത്തുകാർക്കും പരമാവധി വർദ്ധിച്ച ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നതാണ്.

***ഈ പദ്ധതി പ്രകാം ആനുകൂല്യം ലഭിയ്ക്കുന്നതിനാ യോഗ്യരായവർ***

ഈ പദ്ധതി പ്രകാരം ധനസഹായം ലഭിയ്ക്കുന്നതിന് നെയ്ത്തുകാർക്കു വേണ്ടി യോഗ്യതകൾ ചുവടെ ചേർക്കുന്നു.

- ഒരു നെയ്ത്തുകാരൻ തന്റെ ആകെ വരുമാനത്തിന്റെ 50 ശതമാനമെങ്കിലും കൈത്തറി നെയ്ത്തിലൂടെയായിരിക്കണം സമ്പാദിക്കുന്നത്.
- സ്ത്രീ പുരുഷ ഭേദമില്ലാതെ 18-നും 59-നും ഇടയിൽ പ്രായമുള്ള എല്ലാ നെയ്ത്തുകാരും ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന്

അർഹരായിരിയ്ക്കും. ന്യൂനപക്ഷമെന്നോ, സ്ത്രീകളെന്നോ, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ നെയ്ത്തുകാരെന്നോ ഉള്ള വേർതിരിവില്ലാതെ എല്ലാവരും ഇപ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹരായിരിക്കും.

♣ സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനുകൾ, അപ്പെക്സ്/പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ എന്നിവയിലെ നെയ്ത്തുകാരും ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിയ്ക്കുവാൻ അർഹരായിരിക്കും. സഹകരണ മേഖലയിൽ പ്രവർത്തിയ്ക്കാത്ത നെയ്ത്തുകാർ സംസ്ഥാന കൈത്തറി ഡയറക്ടറുടെ അംഗീകാരപത്രം സമർപ്പിയ്ക്കുന്ന പക്ഷം അവരും ആനുകൂല്യത്തിന് അർഹരായിരിയ്ക്കും.

♣ ഈ പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുവാൻ യോഗ്യരായ നെയ്ത്തുകാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടത് സംസ്ഥാന കൈത്തറി ഡയറക്ടറുടെ ഉത്തരവാദിത്തമായിരിക്കും.

♣ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വനിതാ നെയ്ത്തുകാർ, ന്യൂനപക്ഷ സമുദായാംഗങ്ങളായ നെയ്ത്തുകാർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ നെയ്ത്തുകാർ (അരുണാചൽ പ്രദേശ്, ആസാം, മണിപ്പൂർ, മേഘാലയ, മിസ്സോറാം, നാഗാലാൻഡ്, ത്രിപുര & സിക്കിം) എന്നിവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേത് സംസ്ഥാന കൈത്തറി ഡയറക്ടറുടെയും എൻ.ഐ.സി.ഐ യുടെയും ചുമതലയായിരിക്കും.

**നടത്തിപ്പു**

ഓരോ സംസ്ഥാനത്തിലെയും കൈത്തറി വകുപ്പിന്റെ മേധാവിയും എൽ.ഐ.സിയും സംയോജിച്ച് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായ നെയ്ത്തുകാരെ തെരഞ്ഞെടുക്കേണ്ടതാണ്.

**ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രധാന പ്രത്യേകതകൾ**

(1) എൽ.ഐ.സി ആയിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്.

(2) അതാത് സംസ്ഥാനങ്ങളിലെ കൈത്തറി വകുപ്പിന്റെ മേധാവിയും എൽ.ഐ.സി യും സംയുക്തമായി ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായ നെയ്ത്തുകാരെ തെരഞ്ഞെടുക്കേണ്ടതാണ്.

ആനുകൂല്യങ്ങൾ

| ക്രമനമ്പർ | | 1-10-07 മുതൽ നൽകി വരുന്ന ആനുകൂല്യങ്ങൾ |
|---|---|---|
| (i) | സ്വഭാവിക മരണം | 60,000 രൂപ |
| (ii ) | അപകട മരണം | 1,50,000 രൂപ |
| (iii ) | പൂർണ്ണ വൈകല്യം | 1,50,000 രൂപ |
| (iv ) | ഭാഗിക വൈകല്യം | 75,000 രൂപ |

ഇൻഷ്വറൻസ് വരി (പ്രീമിയം)

ഓരോ അംഗത്തിന്റെയും വാർഷിക പ്രീമിയം തുകയായ 330 രൂപയ്ക്ക് താഴെ സൂചിപ്പിയ്ക്കും പ്രകാരം ഓഹരി കണക്കാക്കുന്നതാണ.

| | |
|---|---|
| കേന്ദ്ര സർക്കാർ വിഹിതം | 150 രൂപ |
| നെയ്ത്തുകാരന്റെ വിഹിതം | 80 രൂപ |
| എൽ.ഐ.സി യുടെ വിഹിതം | 100 രൂപ |
| **ആകെ തുക** | **330** രൂപ |

പദ്ധതി നടപ്പിലാക്കേ ണ്ട നടപടി ക്രമങ്ങൾ

(1) ഇൻഷ്വറൻസ് പോളിസി ഓരോ വർഷവും പുതുക്കേണ്ടതാണ്. കൂടാതെ പോളിസി പുതുക്കേ കൃത്യമായ തീയതിയിൽ തന്നെ പ്രീമിയം തുക ഒടുക്കിയാൽ മാത്രമേ തുടർച്ചയായ ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുകയുള്ളൂ.

(2) ഒരിക്കൽ ഒടുക്കിയ പ്രീമിയം തുക തിരികെ നൽകുന്നതല്ല.

3) ഓരോ വർഷവും പരമാവധി പോളിസികൾ പുതുക്കി നൽകുന്നതായിരിക്കും. പ്രീമിയം തുക പൂർണ്ണമായും ലഭിച്ചശേഷം മാത്രമേ അതായത് സർക്കാരിന്റെയും ഗുണഭോക്താവിന്റെയും ഓഹരികൾ ലഭിച്ചശേഷം മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും നിലവിൽ വരുകയുള്ളൂ. ഏതെങ്കിലും വിപരീത സാഹചര്യത്തിൽ സർക്കാരിന്റെ പ്രീമിയം ഓഹരി ലഭിയ്ക്കുവാൻ വൈകുകയാണെങ്കിൽ, ഗുണഭോക്താവിന്റെ ഓഹരി തുക

എൽ.ഐ.സി സ്വീകരിച്ച് അതിൻമേൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്.

(4) ഓരോ സംസ്ഥാനത്തേയും കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയവും അതിന്റെ പരിധിയിൽ വരുന്ന മറ്റ് 'ഉപകാര്യാലയങ്ങളുമായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്ന നോഡൽ ഏജൻസികൾ. ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച എല്ലാ വിഷയങ്ങളിലും പദ്ധതിയിലെ അംഗങ്ങളെ പ്രതിനിധികരിക്കുന്നത് നോഡൽ ഏജൻസികളായിരിക്കും. ഈ പദ്ധതിയിൻകീഴിൽ പരമാവധി നെയ്ത്തുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കളെ തിരിഞ്ഞെടുക്കുന്നതിനും, ഫാറങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും എൽ.ഐ.സി. കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടറുമായി ബന്ധപ്പെടുന്നതാണ്.

(5) ഒരു നിർദ്ദിഷ്ട ഗുണഭോക്താവ് അപേക്ഷയും നാമനിർദ്ദേശ പത്രികയും അടങ്ങുന്ന ഫോറം പൂരിപ്പിച്ച് സ്വന്തം പ്രീമിയം വിഹിതം സഹിതം നോഡൽ ഏജൻസിയ്ക്ക് സമർപ്പിയ്ക്കേതാണ്. അപേക്ഷ ഫാറം എൽ.ഐ.സിയിൽ നിന്നും നോഡൽ ഏജൻസിയ്ക്ക് ലഭ്യമാക്കുന്നതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേതില്ല. പകരം സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്.

(6) മേൽ സൂചിപ്പിച്ച രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നോഡൽ ഏജൻസി അവ പരിശോധിയ്ക്കുകയും, ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹനാണെന്ന് ബോധ്യമായാൽ, പ്രീമിയം തുക സ്വീകരിച്ച്, ഇത്തരത്തിൽ അർഹരായ എല്ലാ ഗുണഭോക്താക്കളുടെയും പട്ടിക തയ്യാറാക്കി പ്രീമിയം തുക സഹിതം എൽ.ഐ.സിയ്ക്ക് സമർപ്പിയ്ക്കേ താണ്.

(7) നോഡൽ ഏജൻസിയിൽ നിന്നും ഗുണഭോക്താക്കളുടെ പട്ടികയും പ്രീമിയം തുകയും ലഭ്യമായാൽ ഉടൻതന്നെ എല്ലാ ഗുണഭോക്താക്കൾക്കും എൽ.ഐ.സി കാർഡുകൾ/സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. അത്തരം സർട്ടിഫിക്കറ്റുകൾ/കാർഡുകൾ

അതാത് നെയ്ത്തുകാരുടെ മാതൃഭാഷയിൽ തന്നെയായിരിയ്ക്കണം. കൂടാതെ പോളിസി പുതുക്കേണ്ട മാസം/തീയതി അതിൽ രേഖപ്പെടുത്തിയിരിക്കണം. എൽ.ഐ.സി യിൽ നിന്നും അർഹമായ വിഹിതം ആവശ്യപ്പെടുന്നതിന് ഇത് അവരെ സഹായിയ്ക്കും.

(8) മരണമോ വൈകല്യമോ സംഭവിക്കുന്ന പക്ഷം നോമിനി/ഗുണഭോക്താവ് ആവശ്യമായ രേഖകൾ, അതായത്, മരണ സർട്ടിഫിക്കറ്റ്/പോസ്റ്റ്-മോർട്ടം റിപ്പോർട്ട്/മെഡിക്കൽ സർട്ടിഫിക്കറ്റ് /ഡിസ്ചാർജ് സർട്ടിഫിക്കറ്റ് തുടങ്ങിയ അനുബന്ധ രേഖകൾ സഹിതം നോഡൽ ഏജൻസി മുഖാന്തിരം അർഹമായ വിഹിതം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ എൽ.ഐ.സിയ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്.

ഇത്തരം അപേക്ഷ ലഭിക്കുന്ന പക്ഷം നോഡൽ ഏജൻസി 15 ദിവസത്തിനകം തന്നെ അത് എൽ.ഐ.സി യ്ക്ക് സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം തന്നെ എൽ.ഐ.സി ഗുണഭോക്താവ്/നോമിനിയ്ക്ക് അർഹമായ തുക അനുവദിയ്ക്കേണ്ടതാണ്. ഈ തുക അക്കൗ പേയീ ചെക്ക് മുഖേന നേരിട്ടോ (നോഡൽ ഏജൻസിയെ അറിയിച്ചുകൊണ്ട്) അല്ലെങ്കിൽ നോഡൽ ഏജൻസി മുഖേനയോ നൽകാവുന്നതാണ്.

(9) എന്തെങ്കിലും കാരണവശാൽ ഗുണഭോക്താവ് അടുത്ത വർഷം ഇൻഷ്വറൻസ് പ്രീമിയം തുക ഒടുക്കാതിരിയ്ക്കുന്ന പക്ഷം ഇൻഷ്വറൻസ് പരിരക്ഷ ഉടനടി അവസാനിയ്ക്കുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ ഗുണഭോക്താവിന്റെ താല്പര്യാനുസരണം തുടർന്നുള്ള ഏതെങ്കിലും വർഷം ആവശ്യമായ പ്രീമിയം ഒടുക്കി ഈ പദ്ധതിയിൽ വീണ്ടും അംഗമാകാവുന്നതാണ്.

(10) ഇൻഷ്വറൻസ് പരിരക്ഷയുള്ള കാലയളവിൽ ഒരു നെയ്ത്തുകാരൻ ഒരു സൊസൈറ്റിയിൽ നിന്നോ കോർപ്പറേഷനിൽ നിന്നോ മാറി മറ്റൊരിടത്ത് ജോലി നോക്കുകയാണെങ്കിൽ, ആ വിവരം ഗുണഭോക്താവ് തന്നെ നോഡൽ ഏജൻസിയെ അറിയിയ്ക്കേണ്ടതാണ്.

(11) സംസ്ഥാന സർക്കാരുകളും സംസ്ഥാന കൈത്തറി കോർപ്പറേഷനുകൾ/ അപ്പക്സ്/പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളും/യുണിയനുകളും/ അസോസിയേഷനുകളും ഈ പദ്ധതി നടപ്പിലാക്കുന്നതിൽ പ്രധാന പങ്ക് വഹിയ്ക്കേതാണ്. ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് നെയ്ത്തുകാരെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി പത്രങ്ങളിലൂടെയും മറ്റ് ദൃശ്യ മാധ്യമങ്ങളിലൂടെയും പ്രചരണം നൽകേണ്ടതാണ്.

(12) ഇൻഷ്വറൻസ് പരിരക്ഷയുടെയും, അർഹമായ വിഹിതം അനുവദിച്ച്തിന്റെയും പീരിയോഡിയ്ക്കൽ റിപ്പോർട്ടുകൾ നോഡൽ ഏജൻസികൾ കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേ താണ്.

## അധിക ആനുകൂല്യങ്ങൾ

(1) 'മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന' യിൽ അംഗങ്ങളായിട്ടുള്ള നെയ്ത്തുകാരുടെ മക്കൾക്ക് ''ശിക്ഷാ സഹയോഗ് യോജന'' പദ്ധതി പ്രകാരം സ്കോളർഷിപ്പു നൽകുന്നു്.

(2) ഒൻപത് മുതൽ പന്ത്ര് വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്ക് നാലു മാസത്തിലൊരിയ്ക്കൽ 300 രൂപ എന്ന ക്രമത്തിൽ പരമാവധി 4 വർഷം അല്ലെങ്കിൽ അവർ പന്ത്രണ്ടാം ക്ലാസ്സ് പൂർത്തിയാക്കുന്നതുവരെ, ഏതാണോ ആദ്യം, അത് വരെ അനുവദിയ്ക്കുന്നതാണ്. ജൂൺ മുതൽ മെയ് വരെ നീളുന്ന ഒരു അദ്ധ്യയന വർഷത്തേയ്ക്കായിരിക്കും സ്കോളർഷിപ്പു അനുവദിയ്ക്കുന്നത്.

(3) ഈ പദ്ധതിയിൽ അംഗമായ ഗുണഭോക്താവിന്റെ മക്കളിൽ രണ്ടു പേർ മാത്രമേ സ്കോളർഷിപ്പിന് അർഹരായിരിയ്ക്കുകയുള്ളൂ. ആൺ/പെൺ ഭേദമെന്യേ രണ്ടു കുട്ടികളും സ്കോർഷിപ്പിന് അർഹരായിരിക്കും.

(4) ഒരേ ക്ലാസ്സിൽ രണ്ടു വർഷം പഠിയ്ക്കേ സാഹചര്യമുണ്ടായാൽ (തോൽവി മൂലം), രാം വർഷം സ്കോളർഷിപ്പ് തുക അനുവദിയ്ക്കുന്നതല്ല. എം.ജി.ബി.ബി വൈ-ശിക്ഷാ സഹയോഗ് യോജന പദ്ധതി പ്രകാരം സ്കോളർഷിപ്പ് ലഭിയ്ക്കുന്ന മിടുക്കരായ

വിദ്യാർത്ഥികളെ മുഖ്യധാരയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. മറ്റ് നെയ്ത്തുകുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇവർ മാതൃകയായിത്തീരുന്നതിന് ഇത് കാരണമാകും.

(5) ഒരിക്കൽ എം.ജി.ബി.ബി.വൈ യിൽ അംഗമായി കഴിഞ്ഞാൽ പിന്നെ സ്കോളർഷിപ്പിന് യോഗ്യരായവരെ തിരിഞ്ഞെടുക്കുന്ന സമയത്ത് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.

(6) ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നോ നോഡൽ ഏജൻസികളിൽ നിന്നോ പ്രീമിയം ഇടാക്കുന്നതല്ല. മഹാത്മഗാന്ധി ബങ്കർ ബീമാ യോജനയിൽ അംഗങ്ങളായ രക്ഷിതാക്കളുടെ മക്കൾക്ക് ലഭിയ്ക്കുന്ന അധിക ആനുകൂല്യമാണിത്. മഹാത്മഗാന്ധി ബങ്കർ ബീമാ യോജനയുടെ വാർഷിക പ്രീമിയം തുക പുതുക്കേണ്ട തീയതിയിൽ തന്നെ ഒടുക്കിയില്ലെങ്കിൽ കുട്ടിയ്ക്ക് തുടർന്ന് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിയ്ക്കില്ല.

(7) 'ശിക്ഷാ സഹയോഗ് യോജന' പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കേത് മഹാത്മാ ഗാന്ധി ബങ്കർ ബീമാ യോജന പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരിൽ നിന്നാണ്. ഒരു സംസ്ഥാനത്ത് മഹാത്മ ഗാന്ധി ബങ്കർ ബീമാ യോജന പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിയ്ക്കുന്നവരുടെ എണ്ണം കണക്കാക്കി അതിന് ആനുപാതികമായായിരിക്കണം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കേത്. സ്കോളർഷിപ്പുകളുടെ എണ്ണം പരിമിതമായതിനാൽ അവസാന ലിസ്റ്റ് തയ്യാറാക്കുന്നത് നിർദ്ധനരിൽ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിയ്ക്കുന്ന തരത്തിലായിരിയ്ക്കണം.

(8) എം.ജി.ബി.ബി.വൈ യിൽ അംഗമായ ഒരു നെയ്ത്തുകാരന്റെ പുത്രനോ പുത്രിയ്ക്കോ സ്കോളർഷിപ്പിന് അർഹതയുണ്ടെങ്കിൽ നിർദ്ദിഷ്ട അപേക്ഷ ഫോറം(നോഡൽ ഏജൻസിയിൽ നിന്നും ലഭിയ്ക്കുന്നത്) പൂരിപ്പിച്ച് നോഡൽ ഏജൻസിയ്ക്ക് സമർപ്പിയ്ക്കണം. ഇപ്രകാരം ലഭിയ്ക്കുന്ന എല്ലാ അപേക്ഷകളും സാക്ഷ്യപ്പെടുത്തി

അപേക്ഷകരുടെ പട്ടികയോടൊപ്പം ബന്ധപ്പെട്ട എൽ.ഐ.സി. യുടെ പി.ജി.എസ് യുണിറ്റിലേയ്ക്ക് നോഡൽ ഏജൻസി അയയ്ക്കേണ്ട താണ്. 'ശിക്ഷാ സഹയോഗ് യോജന' പദ്ധതിപ്രകാരമുള്ള സ്കോളർഷിപ്പുകൾ നോഡൽ ഏജൻസി മുഖാന്തിരം വിതരണം ചെയ്യുന്നതാണ്

(9) സ്കോളർഷിപ്പ് തുകയ്ക്കുള്ള അക്കൗണ്ട് പേയീ ചെക്ക് അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സഹിതം എൽ.ഐ.സി. നോഡൽ ഏജൻസിയ്ക്ക് അയയ്ക്കുന്നതാണ്. നോഡൽ ഏജൻസി ഇത് സംബന്ധിച്ച് റെക്കോർഡ് സൂക്ഷിയ്ക്കേതാണ്. കൂടാതെ കാലാനുഗതമായി എൽ.ഐ.സി.യുടെ പി & ജി എസ് യുണിറ്റിന് വിനിയോഗ സർട്ടിഫിക്കറ്റും സമർപ്പിക്കേതാണ്.

## എം.ജി.ബി.ബി.വൈ പദ്ധതി പ്രകാരം അർഹമായ തുകയ്ക്ക് അപേക്ഷിയ്ക്കുന്ന നടപടി ക്രമം.

മരണപ്പെടുന്ന അംഗത്തിന്റെ ഗുണഭോക്താവ് നോഡൽ ഏജൻസിയ്ക്ക് മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ സമർപ്പിയ്ക്കേതാണ്. നോഡൽ ഏജൻസി ഉടൻതന്നെ അർഹതപ്പെട്ട തുകയ്ക്കുള്ള അപേക്ഷയും അനുബന്ധരേഖകളും മരണ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട എൽ.ഐ.സി യുടെ ബ്രാഞ്ചിൽ സമർപ്പിക്കേതാണ്. (ഇൻഷ്വറൻസ് പരിരക്ഷ അനുവദിച്ചത് എൽ.ഐ.സി യുടെ ഏത് ബ്രാഞ്ചാണോ അവിടെയാണ് സമർപ്പിയ്ക്കേണ്ടത്). എൽ.ഐ.സി ഇത് അംഗീകരിച്ചാലുടൻ തന്നെ ഗുണഭോക്താവിന് നേരിട്ട് അക്കൗണ്ട് പേയീ ചെക്ക് മുഖാന്തിരം അർഹതപ്പെട്ട തുക അയയ്ക്കുന്നതാണ്. ഇത് സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിനേയും കൈത്തറി വികസന കമ്മീഷണറേയും അറിയിക്കേണ്ടതാണ്.

അപകട ഇൻഷ്വറൻസിനാണ് അപേക്ഷിക്കുന്നതെങ്കിൽ, പോലീസിന്റെ അന്വേഷണ റിപ്പോർട്ടും കൂടി ഒപ്പം സമർപ്പിയ്ക്കേ താണ്. ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളെല്ലാം എൽ.ഐ.സി യുടെ സോഷ്യൽ സൊസൈറ്റി ഗ്രൂപ്പ് പദ്ധതികളുടേതിന് തുല്യമായിരിക്കും.

## ഫണ്ട് അനുവദിയ്ക്കൽ

(1) മതിയായ ഫണ്ട് അനുവദിക്കുന്നതിനായി, എൽ.ഐ.സി യും അതാത് സംസ്ഥാനത്തെ കൈത്തറി വകുപ്പിന്റെ മേധാവിയും ചേർന്ന് ഇൻഷ്വറൻസ് പരിരക്ഷയ്ക്ക് അർഹരായ നെയ്ത്തുകാരെ കണ്ടത്തേതാണ്. ഇപ്രകാരം കണക്കാക്കപ്പെടുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായ പ്രീമിയം വിഹിതം കൈത്തറി വികസന കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും മുൻകൂറായി നേരിട്ട് എൽ.ഐ.സിയ്ക്ക് അനുവദിക്കുന്നതാണ്. തുടർന്ന് ഫണ്ട് അനുവദിക്കുന്നതിന് അപേക്ഷിയ്ക്കുന്ന സാഹചര്യത്തിൽ, ക്ലെയിമുകൾ അനുവദിയ്ക്കുകയും തീർപ്പാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങളും കൂടി എൽ.ഐ.സി സമർപ്പിയ്ക്കേണ്ടതാണ്.

(2) പ്രീമിയം തുകയുടെ കേന്ദ്ര വിഹിതം എൽ.ഐ.സി യ്ക്ക് നേരിട്ട് അനുവദിക്കുന്നതാണ്.

## അവലോകനവും വിലയിരുത്തലും

(1) പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച അവലോകനവും വിലയിരുത്തലും സംസ്ഥാന സർക്കാരുകൾ നടത്തേതാണ്. പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് നാലു മാസത്തിലൊരിയ്ക്കൽ ഭൗതിക-ധനപര പുരോഗതി റിപ്പോർട്ടുകൾ കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേതാണ്.

(2) എം.ജി.ബി.ബി.വൈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ മാസവും രണ്ടാമത്തെ ആഴ്ച അതാത് സംസ്ഥാനങ്ങളിലെ കൈത്തറി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം എൽ.ഐ.സി വിളിച്ചു കൂട്ടേതാണ്. ഇതിനു മുൻപായി ക്ലെയിമുകളെ സംബന്ധിച്ച കണക്കുകൾ എൽ.ഐ.സി ഇവർക്ക് നൽകിയിരിയ്ക്കണം.

(3) കൈത്തറി വികസന കമ്മീഷണർ ഫീൽഡ് ഓഫീസുകൾ വഴിയും, സംസ്ഥാന സർക്കാരുകൾ/എൽ.ഐ.സി എന്നിവയുമായുള്ള മീറ്റിംഗുകൾ വഴിയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതാണ്.

(4) 11-ാം പഞ്ചവത്സര പദ്ധതിയുടെ മദ്ധ്യകാല അപ്രൈസൽ സമയത്ത് ഈ പദ്ധതി വിലയിരുത്തപ്പെടുന്നതാണ്.

## ഹാൻട്‌ലൂം മാർക്ക് പദ്ധതി

കൈത്തറി വസ്ത്രം ഇൻഡ്യയുടെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തിലെ കാലാതീതമായ മുഖബിംബം സ്ഥാപിച്ചിട്ടുണ്ട്. സാമ്പത്തികമായ പ്രവർത്തനത്തിൽ, ജനങ്ങൾക്ക് ജീവനോപാധി നൽകുന്നതിൽ കൈത്തറി മേഖല, കാർഷിക മേഖലയ്ക്കു മാത്രം പിന്നിൽ, രണ്ടാമതായി നിലകൊള്ളുന്നു. നേരിട്ടും അല്ലാതെയും 65 ലക്ഷം പേർക്ക് കൈത്തറി മേഖലതൊഴിൽ നൽകുന്നതായും ഏകദേശം 35 ലക്ഷം തറികൾ ഇൻഡ്യയിലാകമാനം പ്രവർത്തിക്കുന്നതായും കണക്കാക്കപ്പെടുന്നു. 2005-06 കാലഘട്ടത്തിൽ കൈത്തറി വസ്ത്രത്തിന്റെ ഉല്പാദനം ഏകദേശം 6188 മില്ല്യൻ ചതുരശ്ര മീറ്ററാണെന്നും കൈത്തറി, മിൽ യന്ത്രത്തറി മേഖലകളുടെ മൊത്തം ഉല്പാദനത്തിന്റെ ഏകദേശം 16% കൈത്തറി മേഖലയുടെ സംഭാവനയാണെന്നും കണക്കാക്കപ്പെടുന്നു.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയ്ക്കും സമൃദ്ധിയ്ക്കു മൊപ്പം ആഭ്യന്തര, വിദേശ വിപണിയുടെ വലിപ്പവും പ്രതിശീർഷ ഉപഭോഗവും വർദ്ധിക്കും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. യന്ത്രത്തറി, മിൽമേഖലകൾക്കുമേൽ കൈത്തറി മേഖലയ്ക്ക് ഒരു മേൽക്കൈ കാണാവുന്നതാണ്, അതായത് ചെറിയ അളവുകളിൽ വാണിജ്യോല്പാദനം നടത്താനുള്ള കഴിവ്, നവീനതകളിലേയ്ക്ക് തുറന്നിരിക്കപ്പെടുന്ന അവസ്ഥ, പുതിയ ഡിസൈനുകൾ, പുതിയ ഡിസൈനുകളിലേയ്ക്ക് ഗതിമാറാനുള്ള സാധ്യത, കലാപരമായ ഡിസൈനുകളുടെ സൃഷ്ടിയ്ക്കും അനുയോജ്യരായ വിതരണക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാനുള്ള കഴിവ് എന്നിവ.

കൈത്തറി മേഖല അനേകം വെല്ലുവിളികൾ നേരിടുകയാണ്. കൈത്തറി നെയ്ത്ത് പരമപ്രധാനമായി പരുത്തിയിൽ അധിഷ്ഠിത മായിരിക്കുമ്പോൾ, ഭാവിയിലെ നൂൽ ഉപഭോഗത്തിന്റെ ഘടന പരുത്തിയേയും മറ്റുതരം നാരുകളേയും ഒരു പോലെ

ഉൾപ്പെടുത്തുന്നതാണെന്നു പ്രതീക്ഷിക്കപ്പെടുന്നു. സാങ്കേതിക വിദ്യയുടെ വികാസത്തോടെ കൈത്തറി ഉല്പന്നങ്ങൾ യന്ത്രത്തറിയിലൂടെ വളരെ കുറഞ്ഞ ചെലവിൽ പകർത്തപ്പെടുന്നത് വർദ്ധിച്ചിട്ടുണ്ട്. മൊത്തം ടെക്സ്റ്റയിൽ മേഖലയുടെയും സൗഹാർദ്ദ പൂർണ്ണമായ വളർച്ചയ്ക്ക് സാഹചര്യമൊരുക്കുന്ന പരിശ്രമമാണ് സർക്കാരിന്റേതെങ്കിലും, അതേ സമയം കൈത്തറിയുടെ നിർവ്വചിക്കപ്പെട്ടതും ഇഴചേർന്നതുമായ മേഖലകളിൽ യന്ത്രത്തറി, മിൽമേഖലകളുടെ ക്രമരഹിതമായ കടന്നുകയറ്റം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കണമെന്നു കൂടി ആഗ്രഹിക്കുന്നു.

ഭാരത സർക്കാരിന്റെ കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ്, നെയ്ത്തുകാരുടെ ക്ഷേമവും താല്പര്യവും സംരക്ഷിക്കുന്നതിന് അനേകം വികസന പദ്ധതികളും പരിപാടികളും നടപ്പിലാക്കി വരുന്നു. 'ഹാന്റ്ലൂം മാർക്ക്'' പദ്ധതി നടപ്പിലാക്കാനും അതുവഴി കൈത്തറി ഉല്പന്നങ്ങൾക്ക് ഏകീകൃതമായ അനന്യത നൽകുന്നതിനും അതുവഴി കൈത്തറി ഉല്പന്നങ്ങൾക്ക് ജനസമ്മതി നേടിക്കൊടുക്കുക മാത്രമല്ല, വാങ്ങുന്നവർക്ക് കൈത്തറിയിൽ വർദ്ധിച്ച യഥാർത്ഥ ഉല്പന്നമാണെന്ന് ഉറപ്പു നൽകാനും കഴിയുന്നു. ഇതു കൂടാതെ ഉല്പന്നത്തേയും ഉല്പാദാവിനേയും തിരിച്ചറിയാൻ സാധിക്കുന്ന തരത്തിൽ പ്രത്യേകമായ പേര് നൽകാനും കഴിയുന്നു. ഹാന്റ്ലൂം മാർക്ക്, അതുവഴി ഉല്പന്നത്തിനുള്ള വ്യക്തതയും ശക്തവും സർഗ്ഗാത്മകവുമായ പ്രക്രിയയുടെ മുഖമുദ്രയും നൽകുകയും മത്സരങ്ങളിൽ നിന്നും വ്യത്യസ്ഥമാക്കി കൊണ്ട് ഉപഭോക്താക്കളുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നു.

ഹാന്റ്ലൂം മാർക്കിന്റെ സൃഷ്ടിയ്ക്കായി ചുമതല നൽകിയത് അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനാണ്. ഊടിന്റേയും പാവിന്റേയും പരസ്പര ബന്ധത്തെ ചിത്രീകരിക്കുന്ന തരത്തിലാണ് ലോഗോ രൂപപ്പെടുത്തിയിരിക്കുന്നത്. ഈ നാരുകൾ സഹായം നൽകുന്ന സ്ഥാപനങ്ങളേയും കരവിരുത് നൽകുന്ന നെയ്ത്തുകാരേയും പ്രതീകവൽക്കരിക്കുന്നു. അവ തമ്മിലുള്ള സംവേദനം ഒരു നെറ്റ്വർക്കിലേയ്ക്ക് നയിക്കുന്നു. ഊടും പാവും

മൂന്നു തലങ്ങളുള്ള സമപാർശ്വ ഘനരൂപമായി രൂപീകരിക്കപ്പെട്ടിരിക്കുന്നു.

ഹാന്റ്‌ലൂം മാർക്ക് രണ്ടു രൂപങ്ങളിലുണ്ട്. ഒരെണ്ണം ആഭ്യന്തര ഉപയോഗത്തിനുള്ളതാണ്. ലോഗോയുടെ അടിയിലായി ഹാന്റ് വോവൻ ഇൻ ഇൻഡ്യ എന്നു എഴുതിയിരിക്കുന്നു. 2006 ഏപ്രിൽ മാസം 7-ാം പുറത്തിറങ്ങിയ '' വിദേശ വ്യാപാരനയം 2004-09'' വാർഷിക സപ്ലിമെന്റിൽ '' സംസ്കരിക്കപ്പെട്ട് മത്സ്യം, തുകൽ ഉല്പന്നങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, വെടി മരുന്ന് ഉല്പനങ്ങൾ, കായിക വിനോദ ഉപകരണങ്ങൾ, കരകൗശല ഉല്പന്നങ്ങൾ, ഹാന്റ്‌ലൂം മാർക്ക് രേഖപ്പെടുത്തിയ കൈത്തറി ഉല്പന്നങ്ങൾ എന്നീ വിജ്ഞാപനം ചെയ്യപ്പെട്ട ഉല്പന്നങ്ങളുടെ കയറ്റുമതി വിറ്റുവരവിന്റെ 50% വരുന്ന തുകയ്ക്ക് 2.5% എന്ന നിരക്കിൽ ഡ്യൂട്ടി ക്രെഡിറ്റ് സൗകര്യം അനുവദിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

- **ട്രേഡ് മാർക്ക് ആക്ട് 1999 പ്രകാരമുള്ള സർട്ടിഫിക്കേഷൻ രജിസ്ട്രേഷനും കോപ്പി റൈറ്റ് ആക്ട് 1957 പ്രകാരമുള്ള പകർപ്പവകാശം ലഭ്യമാകുന്നതിനും അപേക്ഷിക്കപ്പെടുന്നു.**
- **ഓരോ ലേബലിന്റേയും പിൻവശത്ത് എളുപ്പത്തിൽ തിരിച്ചറിയാവുന്ന/ തരംതിരിക്കാവുന്ന വിധത്തിൽ കോഡ് ചേർത്തിട്ടു്. ഉദാഹരണമായി ആഭ്യന്തര വില്പനയ്ക്കുള്ള തുണി എന്നതിന് D.F എന്നും ആഭ്യന്തര വില്പനയുള്ള വസ്ത്രങ്ങളും തുണിയുല്പന്നങ്ങളും എന്നതിന് DM എന്നും കയറ്റുമതിയ്ക്കുള്ള തുണിത്തരങ്ങൾക്ക് EF എന്നും കയറ്റുമതിയുള്ള വസ്ത്രങ്ങൾ, തുണിയുല്പന്നങ്ങൾ എന്നിവയ്ക്കും EM എന്നും കോഡ് നൽകിയിട്ടു്.**
- **കൈത്തറിയിൽ നിർമ്മിക്കപ്പെട്ട ഓരോ വസ്ത്രത്തിനും ഓരോ തുണിയുല്പന്നത്തിനും ഒരു ലേബൽ പതിയ്ക്കുന്നു.. ഉപയുക്താവിന്റെ തരംതിരിവിനു വിധേയമായി ചരട് കൊണ്ട് കെട്ടുകയോ തുന്നിച്ചേർക്കുകയോ ചെയ്യാവുന്നതാണ്.**

א കൈക്കൊു നെയ്തെടുത്ത വസ്ത്രത്തിന്റെ മടക്കിന്റെ അകവശത്ത് ഒരു ലേബൽ പതിക്കുന്നു.

א തുണിത്തരങ്ങൾ ചില്ലറ വില്പനയ്ക്കായി മുറിയ്ക്കുമ്പോൾ മുറിച്ചെടുത്ത കഷണങ്ങളിൽ ചില്ലറ വ്യാപാരി ലേബലുകൾ പതിക്കുന്നു.

א എല്ലാ കൈത്തറിത്തുണിത്തരങ്ങളേയും അതുകൊണ്ടു നിർമ്മിക്കപ്പെട്ട ഉല്പന്നങ്ങളേയും ഈ പദ്ധതി ഭാഗമാക്കുന്നു.

א ഹാന്റ്ലൂം മാർക്ക് പദ്ധതി രാജ്യമെമ്പാടും ഉപയോഗിക്കപ്പെടുന്നതാണ്. വ്യക്തിഗത നെയ്ത്തുകാർ, അപ്പക്സ്-പ്രാഥമിക നെയ്ത്തു സഹകരണ സംഘങ്ങൾ, മാസ്റ്റർ വീവർമാർ, കൈത്തറി വികസന കോർപ്പറേഷനുകൾ, ചെറുകിട കച്ചവടക്കാർ, കയറ്റുമതിക്കാർ എന്നിവരെല്ലാം ഈ പദ്ധതിയിൽ പങ്കെടുക്കാനും അതിന്റെ പ്രയോജനം ആർജ്ജിക്കാനും അർഹരാണ്.

א ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും കൈത്തറി ഉല്പനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

א ഉല്പന്നത്തിന്റെ നിർമ്മിതിയെ സംബന്ധിച്ച സത്യസ്ഥിതി ഉപഭോക്താക്കൾക്ക് ഉറപ്പുനൽകുന്നു.

א കൈത്തറി നെയ്ത്തുകാർക്ക് അന്തരാഷ്ട്രവിപണിയുമായുള്ള ബന്ധപ്പെടുത്തൽ ശക്തിപ്പെടുത്തുന്നു.

א കൈത്തറി ഉല്പന്നങ്ങളുടെ വിതരണ ശൃംഘലയെ ശക്തിപ്പെടുത്തുന്നു..

א കൈത്തറി ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും വില ലഭ്യത ഉയർത്തിക്കൊണ്ടു വരുന്നു.

א കൈത്തറി നെയ്ത്തു സമൂഹത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നു.

א കൈത്തറി നെയ്ത്തുകാർക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ തൊഴിൽ ലഭ്യമാക്കുന്നതിന് സൗകര്യമൊരുക്കുന്നു.

א ഭാരത സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിലൂടെയും ഭാവിയിലേയ്ക്ക് രൂപം കൊടുത്തിട്ടുള്ള പദ്ധതികളിലേയ്ക്കും

നെയ്ത്തുകാരെ സഹായിക്കുന്നതിനുതകുന്ന അടിസ്ഥാന വിവരങ്ങൾ വികസിപ്പിക്കുന്നതിന്.

രാജ്യമെമ്പാടും ഹാന്റ്ലൂം മാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനുളള നിർവ്വഹണ ഏജൻസിയായി ടെക്സ്റ്റയിൽസ് കമ്മിറ്റി പ്രവർത്തിക്കുന്നു.

א അപേക്ഷാഫാറങ്ങൾ ടെക്സ്റ്റയിൽസ് കമ്മിറ്റിയിൽ നിന്നും ലഭ്യമാകുന്നു.

א ഈ പദ്ധതിയെ ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിനായി, രജിസ്റ്റർ ചെയ്യുന്നതിനു മുൻപായി വ്യക്തിഗത നെയ്ത്തുകാരേയും, മാസ്റ്റർ വീവർമാരേയും, അപ്പക്സ്-പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളേയും, കൈത്തറി വികസന കോർപ്പറേഷനുകളേയും, ചെറുകിട കച്ചവടക്കാരേയും കയറ്റുമതിക്കാരേയും സ്ഥാന പരിശോധന നടത്തുന്നു.

א യഥാർത്ഥ കൈത്തറി നെയ്ത്തുകാർ, മാസ്റ്റർ വീവർമാർ, സംഘങ്ങൾ, ചെറുകിട കച്ചവടക്കാർ, കയറ്റുമതിക്കാർ എന്നിവരെ ഒരു ഉടമ്പടിയിൽ ഒപ്പുവച്ച് മതിയായ ഫീസും ഒടുക്കിയശേഷം രജിസ്റ്റർ ചെയ്യുന്നു.

א കയറ്റുമതിക്കാർ ഒഴികെയുളളവരെ വാർഷിക ഉല്പാദനത്തിന്റേയും വില്പനയുടേയും ഏകദേശ കണക്കനുസരിച്ച് ലേബലുകൾ വിതരണം ചെയ്യുന്നു. (കയറ്റുമതിക്കാർക്ക് ത്രൈമാസിക കണക്കനുസരിച്ച്)

א കയറ്റുമതിക്കാരുടെ കാര്യത്തിൽ മുൻകാലത്തെ പ്രകടനത്തെ സംബന്ധിച്ച് ചാർട്ടേർഡ് അക്കൗണ്ടിന്റെ സർട്ടിഫിക്കറ്റിനെ അടിസ്ഥാനപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

א രജിസ്റ്റർ ചെയ്ത ഉപയുക്താക്കൾ പ്രതിമാസ റിട്ടേണുകൾ സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഉപയുക്താക്കളുടെ വിവരം | വാർഷിക രജിസ്ട്രേഷൻ ഫീസ് |
|---|---|---|
| 1 | വ്യക്തിഗത നെയ്ത്തുകാർ | 100 രൂപാ |
| 2 | മാസ്റ്റർ വീവർമാർ | 2000 രൂപാ |
| 3 | പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘം | 2000 രൂപാ |
| 4 | അപ്പക്സ് കൈത്തറി സഹകരണ സംഘവും കൈത്തറി വികസന കോർപ്പറേഷനുകളും | 5000 രൂപാ |
| 5 | വ്യാപാരികൾ/ചെറുകിട കച്ചവടക്കാർ (ആഭ്യന്തര വിപണി | 5000 രൂപാ |
| 6 | ഉല്പാദക കയറ്റുമതിക്കാർ (കയറ്റുമതി വിപണി) | 10,000 രൂപാ |
| 7. | വ്യാപാര കയറ്റുമതിക്കാർ (കയറ്റുമതി വിപണി) | 10,000 രൂപാ |

ഹാന്റ്ലൂം മാർക്ക് ലേബലുകൾ നേർത്ത് തിളക്കമുളള പോളിയെസ്റ്റർ വസ്തുകൊണ്ട് നിർമ്മിക്കപ്പെട്ടിരിക്കുന്നു. അന്തരാഷ്ട്രതലത്തിൽ പരിസ്ഥിതി സൗഹൃദ വ്യക്തിത്വം പുലർത്തുന്ന OEKOTEX - 100 നിലവാരം സാക്ഷ്യപ്പെടുത്തപ്പെട്ട സ്ത്രോതസുകളിൽ നിന്നാണ് ലേബലുകൾ സംഭരിക്കപ്പെടുന്നത്. ഓരോ ലേബലിനും 1.25 രൂപാ വിലവരുന്നതാണ്. രജിസ്റ്റർ ചെയ്ത ഉപയുക്താക്കൾക്ക്, അവരുടെ കണക്കാക്കപ്പെട്ട ഉല്പാദനത്തിന്റെ/വില്പനശേഷിയുടെ അടിസ്ഥാനത്തിൽ ലേബലുകൾ വാങ്ങുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നു.

א കാലാകാലങ്ങളിലുളള ജാഗ്രത ആഡിറ്റ് ഉദ്യോഗസ്ഥരുടെ ഒരു ടീം നടത്തുന്നു.

א വിപണിയിൽ നിന്നും വാങ്ങിയ സാമ്പിളുകൾ മുഖേന ഹാന്റ്ലൂം മാർക്ക് ഉല്പന്നങ്ങളെ ഏകദേശ പരിശോധന നടത്തുന്നു.

א വ്യാപാര കയറ്റുമതിക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവർക്ക് ഉല്പാദങ്ങൾ കൈത്തറി ഉല്പന്നങ്ങൾ നൽകുമ്പോൾ അവശ്യം വേ ുന്ന വാണിജ്യരേഖകൾ ഉളളടക്കം ചെയ്യേതാണ്, ഒപ്പം ഉല്പന്നം കൈത്തറിയിൽ നിർമ്മിച്ചതാണെന്ന് സ്വയം തയ്യാറാക്കിയ സാക്ഷ്യ പത്രവും.

א കൂടാതെ ഹാന്റ്ലൂം മാർക്ക് ദുരുപയോഗം ചെയ്യുന്നതിനെതിരായി ടെക്സ്റ്റയിൽസ് കമ്മിറ്റിയും രജിസ്റ്റർ ചെയ്ത ഉപയോക്താവും തമ്മിലുളള ഉടമ്പടിയിൽ പിഴ ശിക്ഷയ്ക്കുളള വകുപ്പും ഉൾപ്പെടുന്നു.

ഒന്നാമത്തെ വകുപ്പു പ്രകാരം പ്രാഥമികാന്വേഷണ ത്തിനുശേഷം ഉപയുക്താവിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നു. അതുവഴി തുടർന്ന് ലേബലുകളുടെ ലഭ്യത ഉടൻ തടയപ്പെടുന്നു.

രണ്ടാമത്തെ വകുപ്പുപ്രകാരം വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് 1999-ലെ ട്രേഡ്മാർക്ക് ആക്ടിന്റെ **XII** -ാം അദ്ധ്യായത്തിലെ വിശദീകരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നടപടി വിധേയമാക്കപ്പെടുന്നു. അതുവഴി കുറഞ്ഞത് ആറുമാസം മുതൽ മൂന്നു വർഷം വരെയുള്ള തടവു ശിക്ഷയും കുറഞ്ഞത് 50,000/- രൂപ പിഴയും ലഭിക്കാവുന്നതാണ്. രണ്ടാമതോ വീണ്ടുമോ ഇത്തരം അവസരം ഉണ്ടാവുകയാണെങ്കിൽ പിഴ ശിക്ഷ മൂന്നു ലക്ഷം രൂപാവരെ വർദ്ധിക്കാവുന്നതാണ്.

മൂന്നാമത്തെ വകുപ്പു പ്രകാരം വ്യക്തികളും സ്ഥാപനങ്ങളും 1957-ലെ പകർപ്പവകാശ നിയമത്തിന്റെ **XII** -ാം മത്തെ അദ്ധ്യായത്തിൽ വിവരിക്കുന്ന നടപടികൾക്ക് വിധേയമാകുന്നതാണ്. ശിക്ഷാ രീതികൾ 1999-ലെ ട്രേഡ് മാർക്ക് ആക്ടിലേതിന് തുല്യമായിരിക്കും.

ഹാന്റ്ലൂം മാർക്ക് മുദ്ര പതിക്കപ്പെട്ട ഉല്പന്നത്തിന്റെ ആധികാരികതയിൽ സംശയം തോന്നു പക്ഷം ഏതൊരു ഉപഭോക്താവിനും, ബില്ലിന്റെ പകർപ്പ്, കോഡ് നമ്പർ എന്നിവയോടൊപ്പം ടെക്സ്റ്റയിൽ കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. കണ്ടെത്തെലുകളുടെ അടിസ്ഥാനത്തിൽ ഉപയോഗക്തക്കളുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ 1999-ലെ ട്രേഡ് മാർക്ക് ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം നടപടിയെടുക്കുന്നതാണ്. ഉപഭോക്തൃ കോടതികളെ സമീപിക്കാനും ഉപഭോക്താവിന് സ്വാതന്ത്ര്യമുണ്ടായിരിക്കും. മാധ്യമങ്ങളിലൂടെ ഇതിന് വൻ പ്രചരണം നൽകുന്നതാണ്.

ഇൻഡ്യൻ ടെക്സ്റ്റയിൽസ് വ്യവസായത്തിൽ ഗുണമേന്മ നിലനിർത്തിപ്പോരുന്നതിനുള്ള അധികാരത്തോടെ 1963-ൽ പാർലമെന്റ് പാസ്സാക്കിയ ഒരു ആക്ടിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട നിയമപരമായ ഒരു സ്ഥാപനമാണ് ടെക്സ്റ്റയിൽസ്

കമ്മിറ്റി. 400 സാങ്കേതിക വിദഗ്ധർ അടക്കം 600 ഉദ്യോഗസ്ഥരുടെ സേവനത്തോടെ രാജ്യത്തെമ്പാടുമായി 31 ഓഫീസുകളിലായി ടെക്സ്റ്റയിൽ കമ്മിറ്റിയുടെ സേവനം വ്യാപിപ്പിച്ചിരിക്കുന്നു. ഈ ഓഫീസുകൾ താഴെക്കാണുംവിധമാണ് സ്ഥിതിചെയ്യുന്നത്.

മെമ്പർ സെക്രട്ടറി, ടെസ്റ്റയിൽസ് കമ്മിറ്റി
പി.ബാലു റോഡ്, പ്രഭാദേവി ചൗക്ക്,
പ്രഭാദേവി, മുംബൈ - 400025.
ഫോൺ: 91-22- 66527507, 66527500
ഫാക്സ്: 91-92- 66527509.

റീജിയണൽ ഓഫീസ്, ടെക്സ്റ്റയിൽ കമ്മിറ്റി,
''അങ്കുർ'', ദിൻസൽ ടവ്വറിന് എതിർവശം,
മിർസാപൂർ റോഡ്, ലാൽ ദർവാസാ,
അഹമ്മദാബാദ് - 380001, ഗുജറാത്ത്,
ഫോൺ: 91-79- 25507612.
ഫാക്സ്: 91-79- 25507633.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**FKCCI, WTC** ബിൽഡിംഗ്, ഒന്നാംനില, കെംപെ, ഗൗഡ റോഡ്,
ബാംഗ്ലൂർ - 560009, കർണ്ണാടക
ഫോൺ: 91-80- 22256140/2220810.
ഫാക്സ്: 91-80- 22261401.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**C/o.** ഒറീസാ സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ,
ഹസ്താന്ത ഭവൻ, ജനപഥ്,
യൂണിറ്റ് **IX,** ഭുവനേശ്വർ - 751022, ഒറീസാ
ഫോൺ: 91-674- 2543723.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
നോർത്ത് വിംഗ്, ഒന്നാംനില, **TNSC** ബോർഡ്,
കോംപ്ലക്സ് 212, ആർ.കെ.മഠ് റോഡ്,
മൈലാപൂർ, ചെന്നൈ - 600004, തമിഴ്നാട്
ഫോൺ: 91-44- 24610887/5901/24640240.
ഫാക്സ്: 91-44- 24615901.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
രാജ് ചേമ്പേഴ്സ്, 978-എ തടാകം റോഡ്,
കോയമ്പത്തൂർ - 641002, തമിഴ്നാട്,
ഫോൺ: 91-422- 2473094/2478758.
ഫാക്സ്: 91-422- 2472689.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**3/108,** എം.ജി റോഡ് (മെയിൻ റോഡ്),
ഏകാംബരക്കുപ്പം - 517592,
നഗരി മണ്ഡലം, ചിറ്റൂർ ജില്ല, ആന്ധ്ര പ്രദേശ്,
ഫോൺ: 91-8577- 234619.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**C/o.** എം.പി.കോട്ടൺ അസ്സോസിയേഷൻ ബിൽഡിംഗ്,
ലക്ഷ്മിപുരം മെയിൻ റോഡ്, ഗുൂർ, ആന്ധ്ര പ്രദേശ്,
ഫോൺ: 91-863- 2218951.
ഫാക്സ്: 91-863- 2359659.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
ക്വാളിറ്റി കൺട്രോൾ ഓഫീസ് ബിൽഡിംഗ്, രാനില,
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, സാമുനി മൈതാൻ,
ഗ്വാഹട്ടി - 781021, ആസ്സാം
ഫോൺ: 91-361- 2653020.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
റോ ഹൗസ് നമ്പർ-3, 6-3-247 മഹേശ്വരി ടവ്വർ,
സഞ്ചാര ഹിൽസ്, റോഡ് നമ്പർ-1,
ഹൈദ്രാബാദ് - 500034, ആന്ധ്ര പ്രദേശ്.
ഫാക്സ്: 91-40- 23327153,
ഇ-മെയിൽ - **tchyd@vsnl.net.**

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
ഹാൾ നമ്പർ -1, വാർഡ് നമ്പർ-10, രാജാറാം സ്റ്റേഡിയം,
ശിവാജി പുടാലായ്ക്കു സമീപം
ഇച്ചൽകരഞ്ചി - 416115, മഹാരാഷ്ട്ര,
ഫോൺ:91-230-2420838.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**C-1, F-Type,** ഇന്ദിരാ കോംപ്ലക്സ്, വികാസ് ടവ്വർ,
നവ്ലാഖാ, ഇൻഡോർ - 452001,
മദ്ധ്യപ്രദേശ്
ഫോൺ: 91-731- 2401243..

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
**N/S/0/2,** നെഹ്റു പാലസ്, ടോങ്ക് റോഡ്,
ജയ്പൂർ - 302015, രാജസ്ഥാൻ,
ഫോൺ: 91-141- 2743453/5105234.
ഫാക്സ്: 91-141- 2403020.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
''കൃഷ്ണ കൃപ'', പ്ലോട്ട് നമ്പർ 48, 11-ാം പാൽറോഡ്,
സർദാർപുര, ജോദ്പൂർ - 342003, രാജസ്ഥാൻ,
ഫോൺ: 91-291- 2610578.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
പ്ലാറ്റിനം സെന്റർ, രാംനില, ബാങ്ക് റോഡ്,
കണ്ണൂർ - 670001, കേരളം
ഫാക്സ്: 91-497- 2706390.

.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
117/ക്യു/52, ശാരദാ നഗർ,
(കക്കാഡിയോ) സിൻഡിക്കേറ്റ് ബാങ്കിനു സമീപം,
കാൺപൂർ - 208025, ഉത്തർപ്രദേശ്,
ഫോൺ: 91-512- 2582458, 2581464,
ഫാക്സ്: 91-512- 2582458.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
കെ.വി.ആർ.കോംപ്ലക്സ്, രാംനില, 21 -ജെ,
80 ഫീറ്റ് റോഡ്, കരൂർ - 639002, തമിഴ്നാട്
ഫോൺ: 91-4324 - 238610
ഫാക്സ്: 91-4324 - 274871
ഇ-മെയിൽ: **kru-tekarur@sancharnet.in**

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
48 - ബി ടാഗോർ നഗർ, സിവിൽ ലൈൻസ്,
ലൂധിയാന - 141001, പഞ്ചാബ്
ഫോൺ: 91-161-2305635
ഫാക്സ്: 91-161-2304906
ഇ.മെയിൽ: **teludhiana@satyam.net.in**

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
11 - ബി, ജവഹർ റോഡ്,
വടമലയൻ ഹോസ്പിറ്റൽ, ചൊക്കിക്കുളം,
മധുര - 625002, തമിഴ്നാട്
ഫാക്സ്: 91-452- 2535748/58.
ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
ബൃന്ദാവൻ, ഒന്നാം നില, 744, **WHC** റോഡ്,
ധർമ്മപേട്ട്, നാഗ്പൂർ - 440010,
ഫാക്സ്: 91-712- 2561564.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
39 കമ്മ്യൂണിറ്റി സെന്റർ, കൈലാസിനു കിഴക്ക്,
ന്യൂഡൽഹി - 110065,
ഫാക്സ്: 91-11- 26483476.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
41 കമ്മ്യൂണിറ്റി സെന്റർ, ഫെയ്സ് - 1,
നാരായണ ഇൻഡസ്ട്രീയൽ ഏര്യാ,
ന്യൂഡൽഹി - 110028,
ഫോൺ: 91 -11 - 25799455
ഫാക്സ്: 91-11 - 25893241.

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
ശിവാ കോംപ്ലക്സ്, അശാന്ത് റോഡ്
റെയിൽവേ ക്രോസിംഗിനു സമീപം,
പാനിപ്പട്ട് - 132103, ഹരിയാന,
ഫോൺ: 91-180- 2658324..

ടെക്സ്റ്റയിൽസ് കമ്മിറ്റി - റീജിയണൽ ഓഫീസ്,
205, ബി.എസ്. സുന്ദരം റോഡ്,
ഡി.എൽ.എം. ജിൻ & പ്രസ്സിംഗ് ഫാക്ടറി,
തിരുപ്പൂർ - 641601, തമിഴ്നാട്,
ഫോൺ: 91-421 - 2201402,
ഫാക്സ് 91-421 - 2202500.

# 11-ാം പഞ്ചവത്സരക്കാലത്തേയ്ക്കുള്ള വിപണന - കയറ്റുമതി പ്രോത്സാഹന പദ്ധതി

***ആമുഖം***

ഇൻഡ്യയിലെ കൈത്തറി മേഖലയുടെ വളർച്ചയുടേയും വികസനത്തിന്റെയും കേന്ദ്രമായി കാണുന്നത് വ്യാപാര ഉല്പന്നങ്ങളുടെ സംഭരണവും വിപണനവുമാണ്. ഉല്പാദകനേയും ഉപഭോക്താവിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന കണ്ണി ആഭ്യന്തര വിപണിയാണ്. ഈ സാഹചര്യത്തിൽ, 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൈത്തറി വികസന കമ്മീഷണർ വിപണന പ്രോത്സാഹന പദ്ധതി എന്ന പേരിൽ ഒരു പരിപാടി നടപ്പിലാക്കിയിരുന്നു. പ്രദർശനങ്ങൾ, മേളകൾ, ക്രാഫ്റ്റ് മേളകൾ എന്നിവ സംഘടിപ്പിക്കൽ, മാർക്കറ്റിംഗ് കോംപ്ലക്സുകൾ, അർബൻ ഹാറ്റുകൾ എന്നിവ സ്ഥാപിക്കൽ, രാജ്യത്തെ കൈത്തറി ഉല്പന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം, ബോധവൽക്കരണം, കൂടാതെ ബ്രാന്റ് വികസനം എന്നിവയിലൂടെ കൈത്തറി മേഖലയിലെ ആകെ വികസനത്തിനായി കൈത്തറി നെയ്ത്തുകാരുടെയും പൊതു ജനങ്ങളുടെയും താല്പര്യം വർദ്ധിപ്പിക്കുന്നതിനായി അവബോധം വളർത്തുന്നതിനുമുതകുന്ന ഘടകങ്ങൾ വിപണന പ്രോത്സാഹന പരിപാടിയിൽ ഉൾക്കൊള്ളിച്ചിരുന്നു. ആഭ്യന്തര - അന്താരാഷ്ട്ര വിപണികളിൽ വില്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ ദീർഘകാല തന്ത്രത്തിന്റെ ആവശ്യഘടകം ബ്രാൻഡ് സൃഷ്ടിക്കൽ എന്ന ആനുകാലിക പ്രാധാന്യമുള്ള വസ്തുത ആയതിനാൽ ഹാന്റ്ലൂം മാർക്കിലൂടെ ഇൻഡ്യൻ കൈത്തറിയിൽ ബ്രാൻഡ് പ്രോത്സാഹനവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടു.

അതുപോലെ, കൈത്തറി ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കൈത്തറി വികസന കമ്മീഷണർ കൈത്തറി കയറ്റുമതി പദ്ധതി നടപ്പിലാക്കിയിരുന്നു. കൈത്തറി ഏജൻസികൾക്ക് കയറ്റുമതി അധിഷ്ഠിത ഉല്പന്നങ്ങൾ ആവിഷ്ക്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള

സഹായം നൽകുക എന്നതാണ് കൈത്തറി കയറ്റുമതി പദ്ധതി ലക്ഷ്യമിട്ടത് കയറ്റുമതി സാധ്യതയുള്ള ഉല്പന്നങ്ങൾ വികസിപ്പിക്കാനും ഈ ഉല്പന്നങ്ങൾ പ്രചരിപ്പിക്കാനും അന്താരാഷ്ട്ര പ്രദർശന മേളകളിലും ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുക്കുക വഴി അന്താരാഷ്ട്ര വിപണി നേടുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾക്കൊണ്ടിരുന്നത്.

ആഭ്യന്തര - വിദേശ വിപണികളിലെ വിപണനോപാധികളെ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഇവ തമ്മിലുള്ള പരസ്പര ബന്ധത്തെ ആരോഗ്യപരവും സംയോജിതവുമായ രീതിയിലൂടെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 10-ാം പഞ്ചവത്സര പദ്ധതിയിലെ വിപണന പ്രോത്സാഹന പദ്ധതിയേയും കൈത്തറി കയറ്റുമതി പദ്ധതിയേയും ഏതാനും പരിഷ്കാരങ്ങളോടെയും പുതിയ ചില ഘടകങ്ങളുടെ കൂട്ടിച്ചേർക്കലുകളോടെയും 11-ാം പഞ്ചവത്സരക്കാലത്ത് ''വിപണന - കയറ്റുമതി പ്രോത്സാഹന പദ്ധതി'' എന്ന പേരിൽ കൂട്ടിയിണക്കാൻ തീരുമാനിച്ചു. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് വിപണന - കയറ്റുമതി പ്രോത്സാഹന പദ്ധതി, താഴെപ്പറയുന്ന രണ്ടു ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായി അവതരിപ്പിച്ചിരിക്കുന്നു.

1. **വിപണന പ്രോത്സാഹനം**
2. **കൈത്തറി കയറ്റുമതി പ്രോത്സാഹനം.**

2.0 ***വിപണന പ്രോത്സാഹനത്തിന്റെ ലക്ഷ്യങ്ങൾ***

**(i)** ദേശീയതല, പ്രാദേശികതല, സംസ്ഥാനതല, ജില്ലാതല പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ കൈത്തറി ഉല്പന്നങ്ങളുടെ വില്പനയെ സഹായിക്കുന്നു.

**(ii) രാജ്യത്തെ വിവിധ ഭാഗങ്ങളിലുള്ള ശരിയായ കൈത്തറി ഉല്പന്നങ്ങളെ ഒരു കുടക്കീഴിൽ നിന്നു വാങ്ങാൻ ഉപഭോക്താക്കൾക്ക് സൗകര്യം ഒരുക്കി കൊടുക്കുക**

**(iii) കൈത്തറി മേഖലയിൽ നിർമ്മിക്കപ്പെടുന്ന ഏറ്റവും പുതിയതരം ഡിസൈനുകൾ, വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ എന്നിവയെക്കുറിച്ച് ഉപഭോക്താക്കൾക്ക് അവബോധം വർദ്ധിപ്പിക്കുന്നതിന് ഒരു ജാലകമായി പ്രവർത്തിക്കുക.**

**(iv) പ്രധാന നഗരങ്ങളിലും ചെറു പട്ടണങ്ങളിലും, ഉപഭോക്താക്കൾക്ക് ഗുണ മേന്മയുള്ള കൈത്തറി ഉല്പന്നങ്ങൾ ഒരു സ്ഥലത്ത് നിന്നും**

വാങ്ങുന്നതിനുതകുന്ന സ്ഥിരം വില്പനശാലകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിനായി കൈത്തറി ഏജൻസികൾക്ക് വിപണന സൗകര്യത്തിനായുളള പശ്ചാത്തല സഹായം നൽകുക.

**(v)** കൈത്തറിയുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി വ്യത്യസ്ത സംസ്ഥാനങ്ങളിലെ കൈത്തറി ഉല്പന്നങ്ങളെ ഒരു കൂരയ്ക്ക് കീഴിൽ കൂട്ടമായി വില്പന നടത്തുന്നതിന് വഴിയൊരുക്കുക.

**(vi)** കൈത്തറി നെയ്ത്തുകാരിലെ പരമ്പരാഗത കരവിരുതും ഡിസൈനുകളും പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൂടാതെ ഡിസൈനുകളുടേയും സങ്കേതങ്ങളുടേയും നവീനാശയങ്ങൾ പ്രോത്സാഹിപ്പിക്കുക.

**(vii)** കൈത്തറി നെയ്ത്തുകാരുടേയും ഏജൻസികളുടേയും ഉപയോഗത്തിനായി വിപണന പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് സഹായിക്കുക.

**(viii)** അന്താരാഷ്ട്ര വിപണിയുടേയും ദേശീയ പ്രാധാന്യത്തിന്റേയും കൈത്തറി ബ്രാൻഡിന്റെ വികസനത്തെ പ്രോത്സാഹിപ്പിക്കുകയും ബ്രാൻഡിന്റെ അനന്യതയെക്കുറിച്ചുളള അവബോധം വളർത്തികൊണ്ടു വരിക.

**(ix)** കൈത്തറി മേഖലയിലെ ഉല്പാദനക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാ വികസനത്തേയും മുന്നേറ്റത്തേയും കുറിച്ച് നെയ്ത്തുകാരിൽ അവബോധം വളർത്തുക.

## 3.0 വിപണന പ്രോത്സാഹനത്തിന്റെ ഉപഘടകങ്ങൾ

കൈത്തറിയെ പ്രോത്സാഹിപ്പിക്കുകയും വിപണനത്തെ സഹായിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഒരു വിപുലമായ മേഖലയാണ് വിപണന പ്രോത്സാഹനം ദൃശ്യവൽക്കരിക്കുന്നത്. ലളിതമായി നടപ്പിലാക്കാനും പരിപാലിക്കാനും ഇതിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്ന ഘടകങ്ങളിലൂടെ നിറവേറ്റപ്പെടുന്നു.

- പ്രദർശനങ്ങൾ, മേളകൾ, ക്രാഫ്റ്റ് മേളകൾ എന്നിവ സംഘടിപ്പിക്കുന്നു.
- അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നു.
- മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നു.
- പ്രചരണ പ്രവർത്തനവും അവബോധം സൃഷ്ടിക്കലും

- ഭൗമ സൂചക നിയമം
- ന്യൂഡൽഹിയിലെ ജനപഥിലെ കൈത്തറി മാർക്കറ്റിംഗ് കോംപ്ലക്സ്
- ഹാന്റ്‌ലൂം മാർക്ക്

മേൽ പ്രസ്താവിച്ച ഘടകങ്ങളിന്മേലുളള പ്രധാന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ, നിർവ്വഹണ ഏജൻസികൾ, ഓരോ ഘടകത്തെ സംബന്ധിച്ചും നിർവ്വഹണ ഏജൻസികൾക്ക് ധനസഹായം ലഭിക്കുന്ന തോത് എന്നിവ താഴെപ്പറയുന്നു.

## 3.1 പ്രദർശനങ്ങൾ, മേളകൾ, ക്രാഫ്റ്റ് മേളകൾ എന്നിവയുടെ സംഘാടനം.

കൈത്തറി നെയ്ത്തുകാർക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അവസരമൊരുക്കുന്നതിനും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുളള കൈത്തറി ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്കായി തുറന്നു കൊടുക്കുന്നതിനും ദേശീയതലത്തിലും പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും ഏതാനും പ്രദർശനങ്ങളും സംഘടിപ്പിച്ചു വരുന്നു. ഇത് കൂടാതെ പ്രത്യേക ഇനത്തിലുളളതും പ്രത്യേക മേഖലയിലുളളതും പ്രത്യേക നൂലിൽ നിർമ്മിച്ചതുമായ ഉല്പന്നങ്ങളുടെ വിപണനത്തിനും ഘടകങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ കൈത്തറി നെയ്ത്തുകാർക്ക് ക്രാഫ്റ്റ് മേളകളിൽ പങ്കെടുക്കുന്നതിന് ഈ ഘടകത്തിലൂടെ സഹായം നൽകുകയും അതുവഴി വൈവിധ്യമാർന്ന കൈത്തറി ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ കഴിയുകയും ചെയ്യുന്നു.

### 3.1.1. ദേശീയ കൈത്തറി പ്രദർശന മേള

വിപണന തന്ത്രത്തിന്റേയും പ്രചരണ പ്രവർത്തനത്തിന്റേയും ഭാഗമായി കൈത്തറി വികസന കമ്മീഷണർ ദേശീയ പ്രദർശന മേളകളും പ്രത്യേക മേളകളും സംഘടിപ്പിച്ചു വരുന്നു. കാലക്രമേണ ഈ മേളകൾ ജനപ്രിയമാവുകയും അതുവഴിയുളള വില്പന ശ്രദ്ധേയമായി ഉയരുകയും ചെയ്തു. രണ്ടിനും മൂന്നിനും ആഴ്ചകൾക്കിടയിലുളള കാലദൈർഘ്യത്തിലാണ് ഈ മേന്മകൾ സംഘടിപ്പിക്കുന്നത്. ദേശീയതല കൈത്തറി സംഘടനകൾ, സംസ്ഥാനങ്ങൾ സംസ്ഥാന സർക്കാർ

ഏജൻസികൾ എന്നിവയുടെ അപേക്ഷയേയും മേളകൾ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളിലെ വിപണന സാധ്യത, ഫണ്ടിന്റെ ലഭ്യത, നേരത്തെ തീരുമാനിക്കപ്പെട്ട ജില്ലാതല മേളകൾ, ക്രാഫ്റ്റ് മേളകൾ എന്നിവയുടെ തീയതികളേയും അടിസ്ഥാനപ്പെടുത്തി ഓരോ വർഷവും എത്രമേളകൾ, ഏതെല്ലാം സ്ഥലങ്ങളിൽ, ഏത് കാലയളവിൽ നടത്തണമെന്ന് കൈത്തറി വികസന കമ്മീഷണർ തീരുമാനിക്കുന്നു. കൈത്തറി ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ മാത്രമേ പങ്കെടുക്കുന്നവരെ അനുവദിക്കുകയുള്ളൂ.

**പങ്കെടുക്കാവുന്നവർ**

ഈ മേളകളിൽ പങ്കെടുക്കാൻ താഴെപ്പറയുന്ന ഏജൻസികൾക്ക് അർഹതയുണ്ട്.

**I. എല്ലാതലത്തിലുമുള്ള കൈത്തറി അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ/ഫെഡറേഷനുകൾ, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ.**

**II. കൈത്തറി വ്യവസായത്തിൽ വ്യാപൃതമായതും കാപാർട്ടിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായതുമായ സർക്കാരിതര സംഘടനകൾ.**

**III. കൈത്തറി വ്യവസായത്തിൽ വ്യാപൃതമായ സ്വയം സഹായ സംഘങ്ങൾ**

**ഓരോ മേളയിലും പങ്കെടുക്കുന്നവരുടെ എണ്ണം നിശ്ചയിക്കാൻ കൈത്തറി വികസന കമ്മീഷണർക്ക് ആണ് അധികാരമുണ്ടായിരിക്കുന്നത്.**

***നിർവ്വഹണ ഏജൻസികൾ***

**ദേശീയ കൈത്തറി മേളകൾ സംഘടിപ്പിക്കുന്നത് NHDC, ACASH തുടങ്ങിയ ദേശീയ കൈത്തറി സംഘടനകൾ, സംസ്ഥാന സർക്കാരുകൾ നേരിട്ടോ സംസ്ഥാനതല കൈത്തറി ഏജൻസി/ഫെഡറേഷൻ വഴിയോ, വീവേഴ്സ് സർവ്വീസ് സെന്റർ എന്നിവയാണ്.**

**ഫണ്ട് വിനിയോഗം**

മേളകളിൽ പങ്കാളിത്തം വഹിക്കുന്നവരുടെ വിപണി ഊർജ്ജിതപ്പെടുത്തുന്നതിനായി മേളകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും, സ്റ്റാൾ വാടക, വൈദ്യുതി ചാർജ്ജ്, പരസ്യം, സഹായ സേവനം, ഭരണച്ചെലവുകൾ എന്നി ഇനങ്ങളിലായി ധനസഹായം തുടർന്നു നൽകാൻ തീരുമാനിച്ചു. 15 ലക്ഷം ജനസംഖ്യയിൽ അധികമുള്ള പട്ടണങ്ങളിൽ ദേശീയതല പ്രദർശനങ്ങൾ

സംഘടിപ്പിക്കാൻ 18 ലക്ഷം രൂപാ വരെ ധനസഹായം അനുവദിക്കുന്നതാണ്. ഇതിലധികം വരുന്ന ചെലവുകൾ നിർവ്വഹണ ഏജൻസികൾ വഹിക്കേണ്ടതാണ്. കാലാകാലങ്ങളിൽ മാറ്റം വരുന്നതനുസരിച്ച് നിബന്ധനകളിലെ അനുബന്ധം - **I -ൽ നിഷ്കർഷിച്ചിട്ടുളള രേഖകൾ സഹിതം ചെലവു ചെയ്ത തുകയ്ക്കുളള ക്ലെയിം സമർപ്പിക്കുമ്പോൾ ചെലവായ തുക റീ-ഇംബേഴ്സുമെന്റ് ആയി ധനസഹായം നൽകുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ, ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹമായ തുകയുടെ 50% വരെ മുൻകൂറായി നൽകാവുന്നതുമാണ്.**

**<u>പ്രദർശന മേളകളിൽ വീവേഴ്സ് സർവ്വീസ് സെന്ററിന്റെ ''തീം പവലിയൻ''</u>**

വീവേഴ്സ് സർവ്വീസ് സെന്ററിന്റെ സഹായത്തോടെ നിർവ്വഹണ ഏജൻസികൾ, കൈത്തറി വികസന കമ്മീഷണറുടെ തീരുമാനപ്രകാരം ദേശീയ കൈത്തറി മേളകളിൽ 500-2500 ചതുരശ്ര അടി വിസ്തീർണ്ണത്തിലുളള ഒരു ''തീം പവലിയൻ'' ഏർപ്പെടുത്തേതാണ്. ഓരോ മേളയ്ക്കും, ഉചിതരായ പങ്കാളികളുടെ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും തീം പവലിയൻ അവയെക്കൂടി ഉൾപ്പെടുത്തുന്നതിനുമായി തീം പവലിയനിൽ കാര്യത്തിൽ കൈത്തറി വികസന കമ്മീഷണർ വളരെ നേരത്തേ തീരുമാനമെടുക്കുന്നതാണ്. വീവേഴ്സ് സർവ്വീസ് സെന്ററിന്റെ തീം പവലിയനിൽ പ്രദർശിപ്പിക്കുന്നതിനാവശ്യമായ ചെലവ് വഹിക്കുന്നതിന് 25000 രൂപാ കൈത്തറി വികസന കമ്മീഷണർ ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്ററിന് നൽകുന്നതായിരിക്കും.

കൈത്തറി വികസന കമ്മീഷണർ നൽകുന്ന ഫണ്ടിൽ നിന്നുകൊണ്ട് തീം പവലിയൻ ഒരുക്കുന്നതിനുളള ഉത്തരവാദിത്വം ദേശീയ മേളയുടെ നിർവ്വഹണ ഏജൻസിയ്ക്കായിരിക്കും. തീം പവലിയനുവേണ്ടി അധിക ഫണ്ട് നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്.

3.1.2. **<u>പ്രത്യേക മേളകൾ</u>**

ദേശീയ കൈത്തറി മേളകൾക്കു പുറമേ, വിപണന മാർഗ്ഗങ്ങളുടെ വൈവിദ്ധ്യവൽ കരണത്തിനായി കൈത്തറി വികസന കമ്മീഷണർ ദേശീയതലത്തിലും മേഖലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു. കമ്പിളി, പട്ട് തുടങ്ങിയ പ്രത്യേകതരം നാരുകളുടെ ഉല്പന്നങ്ങൾ, സാരികൾ, ഗൃഹാലങ്കാര വസ്തുക്കൾ തുടങ്ങിയ പ്രത്യേക ഉല്പന്നങ്ങൾക്കും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങൾ, തെക്കൻ പരുത്തി ഉല്പന്നങ്ങൾ, ആന്ധ്രാ കൈത്തറി ഉല്പന്നങ്ങൾ, ബനാറസ് കൈത്തറി തുടങ്ങി മേഖലാ/സംസ്ഥാനതല

ഉല്പന്നങ്ങൾക്കും വേണ്ടിയാണ് പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നത്. ഈ മേളകൾക്ക് രണ്ടു മുതൽ മൂന്നു വരെ ആഴ്ചയുടെ ദൈർഘ്യം ഉണ്ടായിരിക്കും. കൂടാതെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്തിൽ ഭാരതീയ വിനോദസഞ്ചാര പ്രോത്സാഹന സംഘടന സംഘടിപ്പിക്കുന്ന ഇൻഡ്യാ - അന്താരാഷ്ട്ര വ്യാപാര മേളകളിൽ **ACASH ഒരു പ്രത്യേക മേള സംഘടിപ്പിക്കുന്നതാണ്.**

പങ്കെടുക്കുന്നവർ

(1) എല്ലാ തലത്തിലുള്ള കൈത്തറി അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ/ഫെഡറേഷനുകൾ, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ

(II) CAPART -ന്റെ നിബന്ധനകൾ പാലിക്കുന്ന സർക്കാരിതര സംഘടനകൾ

(III) കൈത്തറി ഉല്പന്നങ്ങളിൽ വ്യാപൃതരായിട്ടുള്ള സ്വാശ്രയ സംഘങ്ങൾ

*നിർവ്വഹണ ഏജൻസികൾ*

**NHDC, ACASH തുടങ്ങിയ ദേശീയ കൈത്തറി സംഘടനകൾ, സംസ്ഥാന സർക്കാരുകൾ നേരിട്ടോ അല്ലെങ്കിൽ മേളയുടെ രീതിയോ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത, സംഘടാപരമായ സാധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ മേള സംഘടിപ്പിക്കുന്നതിനുള്ള കഴിവിനേയും അടിസ്ഥാനപ്പെടുത്തി, സംസ്ഥാനതല കൈത്തറി കോർപ്പറേഷൻ/അപ്പക്സ് സഹകരണ സ്ഥാപനം/ഫെഡറേഷൻ എന്നിവ മുഖേനയോ, പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു..**

ഫണ്ട് വിനിയോഗം

മേളയ്ക്ക് ആവശ്യമുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും പരസ്യത്തിനും ചെലവാകുന്ന തുകയുടെ 75% അഥവാ ഇതിനായി ക്ലിപ്തപ്പെടുത്തിയിരിക്കുന്ന തുകയോ, ഏതാണോ കുറവ്, ആ തുക കൈത്തറി വികസന കമ്മീഷണറുടെ ഓഫീസിൽ നിന്നും മേളയുടെ നടത്തിപ്പിനായി നൽകുന്നു. ഓരോ ദേശീയ മേളയ്ക്കും ഉള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും പരസ്യ പ്രചരണത്തിനും നൽകുന്ന തുക 20.00 ലക്ഷം രൂപ ആയി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. മേഖലാ നിശ്ചിത പ്രത്യേക മേളയുടെ കാര്യത്തിൽ ഈയിനങ്ങൾക്കായി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന ധനസഹായം 8.00 ലക്ഷം രൂപയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. എന്നിരുന്നാലും വടക്ക് കിഴക്കൻ മേഖലയിലെ മേളകൾക്ക്, നിലവിലുള്ള പ്രതികൂല സാഹചര്യം കണക്കിലെടുത്ത് 10.00 ലക്ഷം

രൂപാവരെ അനുവദിക്കുന്നു. സംസ്ഥാനതല മേളകൾക്ക് 8.00 ലക്ഷം രൂപാവരെ ധനസഹായം അനുവദിക്കുന്നു.

ഈ ഘടകത്തിന്റെ നടത്തിപ്പു സംബന്ധിച്ച വിശദമായ നിബന്ധനകളും ധനസഹായം ലഭ്യമാകുന്നതിനുളള നിഷ്കർഷകളും അനുബന്ധം **II** ആയി ചേർത്തിട്ടുണ്ട്.

3.1.3. ജില്ലാ തല മേളകൾ

1996-97 മുതൽ ജില്ലാതല മേളകൾ/ഉത്സവങ്ങൾ/വിപണനമേളകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ് കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. ഇതുവഴിയുണ്ടാകുന്ന പ്രയോജനങ്ങളും പൊതുജനാഭിമുഖ്യവും കണക്കിലെടുത്ത് ഈ പ്രവർത്തനം 11-ാം പദ്ധതിയിലും തുടരുകയാണ്.

കൈത്തറി വികസന കമ്മീഷണർ, ഓരോ വർഷവും സംസ്ഥാനങ്ങളുടെ അപേക്ഷകളേയും മേളകൾ നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങളിലെ വിപണന സാധ്യത, ഫണ്ടിന്റെ ലഭ്യത, നേരത്തേ തീരുമാനിക്കപ്പെട്ട ദേശീയതല കൈത്തറി പ്രദർശന മേളകൾ, ക്രാഫ്റ്റ് മേളകൾ എന്നിവയുടെ തീയതികൾ എന്നിവയേയും അടിസ്ഥാനപ്പെടുത്തി, എത്ര ജില്ലാതല മേളകൾ, ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കാലയളവിൽ നടത്തണമെന്നു തീരുമാനിക്കും. ഇതിൽ പങ്കെടുക്കുന്നവരെ, കൈത്തറി ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ മാത്രമേ അനുവദിക്കൂ. കഴിയുന്ന തരത്തിൽ, ജില്ലാ തല മേളകൾ സംസ്ഥാനവുമായി പരസ്പരം യോജിപ്പിച്ചു നടത്താവുന്നതുമാണ്.

## പങ്കെടുക്കാവുന്നവർ

താഴെപ്പറയുന്ന ഏജൻസികൾ/വ്യക്തികൾക്ക് ജില്ലാതല മേളകളിൽ പങ്കെടുക്കാൻ അർഹരാണ്.

- കൈത്തറി നെയ്ത്തുകാർ
- പ്രാഥമിക കൈത്തറി നെയ്ത്ത് സംഘങ്ങൾ

## നിർവ്വഹണ ഏജൻസികൾ

താഴെപ്പറയുന്ന നിർവ്വഹണ ഏജൻസികൾക്ക് ജില്ലാതല മേളകൾ സംഘടിപ്പിക്കാവുന്നതാണ്..

- സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും കൈത്തറി - ടെക്സ്റ്റയിൽസ് ഡയറക്ടർമാർ.
- സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനുകൾ
- സംസ്ഥാനതല കൈത്തറി സഹകരണ ഫെഡറേഷനുകൾ/അപ്പക്സ് സംഘങ്ങൾ
- ജില്ലാ ഗ്രാമ വികസന ഏജൻസികൾ
- വീവേഴ്സ് സർവ്വീസ് സെന്ററുകൾ
- സംയോജിത കൈത്തറി വികസന പരിപാടിയിൽ കീഴിലുള്ള നിർവ്വഹണ ഏജൻസികൾ.

ഫണ്ടു വിനിയോഗം.

ഓരോ ജില്ലാ തല മേളകളുടേയും പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് പരമാവധി 1.5ലക്ഷം രൂപയ്ക്കും പ്രചരണ പ്രവർത്തനങ്ങൾക്ക് 50,000 രൂപയ്ക്കും അർഹതയുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ 50% തുക മുൻകൂർ ആയി വിതരണം ചെയ്യുന്നു. അവശേഷിക്കുന്ന 50% തുകയോ യഥാർത്ഥ ചെലവോ ഏതാണോ കുറവ് ആ തുക, മേള അവസാനിച്ചതിനുശേഷം, ആഡിറ്റ് ചെയ്ത കണക്കുകൾ ബന്ധപ്പെട്ട സംസ്ഥാന കൈത്തറി ഡയറക്ടർ മുഖേന സമർപ്പിച്ചാൽ റീ-ഇംബേഴ്സ് ചെയ്തു തരുന്നതാണ്. സ്ഥലവാടക, അലങ്കാരപ്പണികൾ, ഗതാഗതം, വൈദ്യുതി, ജലം, പ്രചരണം എന്നിവയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. അവസാന ക്ലെയിം അയയ്ക്കുമ്പോൾ സ്ഥലത്തിന്റെ വാടക, നിർമ്മാണച്ചെലവുകൾ എന്നിവയുടെ രസീത് ആവശ്യമാണ്.

കൂടാതെ സ്ഥല പരിശോധനയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട വിവേഴ്സ് സർവ്വീസ് സെന്ററിന് 2500 രൂപായും നൽകുന്നതാണ്. വിശദമായ നിബന്ധനകൾ അനുബന്ധം **III** ആയി ചേർത്തിട്ടുണ്ട്.

### 3.1.4 ക്രാഫ്റ്റ് മേളകൾ

കൈത്തറി വികസന കമ്മീഷണർ, കരകൗശല വികസന കമ്മീഷണർ എന്നിവരുടെ ഓഫീസുകളുടെ സംയുക്ത സംരംഭമായിട്ടാണ് ക്രാഫ്റ്റ് മേളകൾ സംഘടിപ്പിക്കുന്നത് ഈ ഘടകത്തിലൂടെ ഹരിയാനയിലെ ഫരീദാബാദിലെ സൂരജ് കുണ്ട് മേള, രാജസ്ഥാനിലെ ഉദയ്പൂരിലെ

ശില്പഗ്രാം മേള, ഉത്തർപ്രദേശിലെ ആഗ്രയിലെ താജ് മഹോത്സവ്, ആന്ധ്രാപ്രദേശിലെ ഹൈദ്രബാദിലെ മധോപൂർ ശില്പാരാമം, പഞ്ചാബിലെ പാട്യാലയിലെ പാട്യാലാ ഹെരിറ്റേജ് ഫെസ്റ്റിവൽ, ഒറീസയിലെ ഭൂവനേശ്വരിലെ സോണൽ ക്രാഫ്റ്റ് മേള, മഹാരാഷ്ട്രയിലെ മുബൈയിലെ സോണൽ ക്രാഫ്റ്റ് മേള എന്നിവിടങ്ങളിൽ പങ്കെടുക്കുന്നതിനായി നെയ്ത്തുകാരെ സ്പോൺസർ ചെയ്യുന്നതാണ്.

ആവശ്യമാണെന്നു കാണുന്ന പക്ഷം, കേന്ദ്ര വിനോദ - സഞ്ചാര മന്ത്രാലയത്തിന്റെയും മറ്റും അഭിപ്രായം ആരാഞ്ഞുകൊണ്ട് പുതിയ ക്രാഫ്റ്റ് മേളകൾ കൂടി മുകളിൽ പറഞ്ഞ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ മേളകളുടെ ലക്ഷ്യം കൈത്തറിയുടേയും കരകൗശല ഉല്പന്നങ്ങളുടേയും വില്പന വർദ്ധിപ്പിക്കുകയാണ്. ഈ മേളകളെല്ലാം വർഷം തോറുമാണ് സംഘടിപ്പിക്കുന്നത്. കൈത്തറി നെയ്ത്തുകാരുടേയും കരകൗശല വിദഗ്ധരുടേയും പരമ്പരാഗതമായ കരവിരുതുകളും മനോഹരമായ ഡിസൈനുകളും വൈവിദ്ധ്യ പൂർണ്ണമായ കൈത്തറി ഉല്പന്നങ്ങളും ഉപഭോക്താക്കളുടെ മുൻപിൽ പ്രദർശിപ്പിക്കാൻ ഈ മേളകൾ അവസരമൊരുക്കുന്നു.

വിപണിയുടെ ആവശ്യത്തേയും ഉപഭോക്താക്കളുടെ താല്പര്യത്തേയും നെയ്ത്തുകാർക്ക് മനസ്സിലാക്കി കൊടുക്കാനും ഈ മേളകൾ അവസരം നൽകുന്നു. അതേസമയം കൈത്തറിയുല്പന്നങ്ങളുടേയും കരകൗശല വസ്തുക്കളുടേയും വൈവിദ്ധ്യ പൂർണ്ണമായ ബാഹുല്യം നേരിൽ കണ്ടു മനസ്സിലാക്കാൻ സന്ദർശകർക്ക് അവസരം ലഭ്യമാകുകയും ചെയ്യുന്നു. ഇത്തരം ക്രാഫ്റ്റ് മേളകളിൽ പങ്കെടുക്കുന്നതിന് നെയ്ത്തുകാരെ തെരഞ്ഞെടുക്കുന്നതിനുള്ള വിശദമായ നിബന്ധനകൾ അനുബന്ധം **IV** -ൽകാണിച്ചിരിക്കുന്നു.

## പങ്കെടുക്കുന്നവർ:-

ദേശീയ അവാർഡ് ജേതാക്കൾ, മെരിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചവർ, സംസ്ഥാന അവാർഡ് ജേതാക്കൾ എന്നിവർക്ക് ഇതിൽ മുൻഗണന ലഭിക്കുന്നതാണ്. മറ്റ് നെയ്ത്തുകാർക്കും പങ്കെടുക്കാവുന്നതാണ്.

## നിർവ്വഹണ ഏജൻസി

ക്രാഫ്റ്റ് മേള നടക്കുന്ന സംസ്ഥാനത്തിലെ സർക്കാരിന് മേള സംഘടിപ്പിക്കുന്ന നിർവ്വഹണ ഏജൻസിയെ തീരുമാനിക്കാവുന്നതാണ്. നിലവിൽ ക്രാഫ്റ്റ് മേളകളുടെ നിർവ്വഹണ ഏജൻസികൾ താഴെപ്പറയുന്നവയാണ്.

| | | | |
|---|---|---|---|
| (i) | സുരജ്കുണ്ട് മേള ഹരിയാനാ | - | സുരജ് കുണ്ട് മേള അതോറിറ്റി, സർക്കാർ. |
| (ii) | ശില്പഗ്രാം | - | ശില്പഗ്രാം മേള അതോറിറ്റി, വെസ്റ്റ് കൾച്ചർ സെന്റർ, സാംസ്കാരിക വകുപ്പ്, രാജസ്ഥാൻ സർക്കാർ |
| (iii) | ശില്പാരാമം | - | നിശ്ചിത ഏജൻസി, ആന്ധ്രാ സർക്കാർ |
| (iv) | താജ് മഹോത്സവം | - | താജ് മഹോത്സവ സമിതി, വിനോദ വകുപ്പ്, ഉത്തർ പ്രദേശ് സർക്കാർ |
| (v) | പാട്യാല ഹെറിറ്റേജ് ഫെസ്റ്റിവൽ | - | വിനോദ സഞ്ചാര വകുപ്പ്,ചണ്ഡിഗർ, പഞ്ചാബ് |
| (vi) | സോണൽ ക്രാഫ്റ്റ് മേള ഭുവനേശ്വർ | - | ഒറീസാ സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസി |
| vii) | സോണൽക്രാഫ്റ്റ് മേള മുംബൈ- | | മഹാരാഷ്ട്ര സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസി, |
| (viii) | സോണൽ ക്രാഫ്റ്റമേള ഗ്വാളിയോർ- | | മദ്ധ്യപ്രദേശ് സർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസി |

## ഫണ്ട് വിനിയോഗം

ക്രാഫ്റ്റ് മേളയ്ക്കായി പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും പരസ്യ പ്രചരണത്തിനും യഥാർത്ഥത്തിൽ ചെലവാകുന്ന തുക 10 ലക്ഷം രൂപാ ധനസഹായം നൽകുന്നതാണ്. മേളയ്ക്കാവശ്യമുള്ള സ്ഥിരം/താലാക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കും, സ്റ്റാളുകൾ ഒരുക്കുന്നതിനും, നെയ്ത്തുകാർക്കാവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും, ജലം, വൈദ്യുതി എന്നിവയുടെ ചെലവിനും ആകസ്മിക ചെലവുകൾക്കും തുക അനുവദനീയമാണ്. പ്രചരണ പ്രവർത്തനങ്ങൾക്കുള്ള തുകയിൽ പരസ്യകൂലി, ബോർഡുകൾ സ്ഥാപിക്കൽ, പോസ്റ്ററുകളുടെയും ലഘുലേഖകളുടേയും അച്ചടി എന്നീ ചെലവുകൾ

ഉൾപ്പെടുത്താവുന്നതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ 50% തുക മുൻകൂർ ആയി വിതരണം ചെയ്യുന്നതാണ്.

## അർബൻ ഹാറ്റുകൾ സ്ഥാപിക്കൽ

**ഡൽഹി ഹാറ്റിന്റെ മാതൃകയിൽ, കൈത്തറി നെയ്ത്തുകാർക്കും കരകൗശല വിദഗ്ധർക്കും വേണ്ടി പ്രധാന കേന്ദ്രങ്ങളിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് സ്ഥിരം വിപണന സാധ്യതകൾ നൽകുന്നതിന് 1997-98-ൽ അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചു. ഈ പദ്ധതിക്കാവശ്യമായ ധനസഹായം കരകൗശല വികസന കമ്മീഷണർ, കൈത്തറി വികസന കമ്മീഷണർ എന്നിവരുടെ ഓഫീസുകളും ബന്ധപ്പെട്ട സംസ്ഥാന സർക്കാരും നേരിട്ട് യഥാക്രമം 35%: 35%: 30% എന്ന അംശബന്ധത്തിൽ അനുവദിക്കുന്നു.**

രാജ്യത്തെ വിനോദ സഞ്ചാര, വ്യാപാര പ്രാധാന്യമുള്ള പ്രമുഖ കേന്ദ്രങ്ങളിൽ അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നതിനാണ് ഈ ഘടകം വിഭാവന ചെയ്യുന്നത്. പങ്കെടുത്ത കരകൗശല വിദഗ്ധർ/നെയ്ത്തുകാർ കരകൗശല/കൈത്തറി ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നു. ഇതുവഴി ഇടത്തട്ടുകാരെ ഒഴിവാക്കി കൊണ്ട് കരകൗശല വിദഗ്ധർക്കും നെയ്ത്തുകാർക്കും നേരിട്ട് വിപണനം നടത്താൻ മതിയായ സൗകര്യം ലഭ്യമാകുന്നു. ഇൻഡ്യയിൽ വിവിധ മേഖലയിലുള്ള തനത് ഭക്ഷ്യ വസ്തുക്കൾ നിശ്ചിത ആവർത്തന ക്രമത്തിൽ വില്പന നടത്തുന്നതിനുള്ള മതിയായ സ്റ്റാളുകൾ ലഭ്യമാകുന്നു എന്നതാണ് ഹാറ്റിന്റെ മറ്റൊരു സവിശേഷത.

നിലവിൽ വന്ന്, മൂന്നു വർഷം കൊണ്ട് അന്താരാഷ്ട്രം നിലവാരത്തിൽ എത്തിയ ദില്ലി ഹാറ്റിൽ ഉള്ളതുപോലെ, ആഭ്യന്തര-അന്തരാഷ്ട്ര-വിനോദ സഞ്ചാരികൾക്ക് വിശ്രമ-വിനോദ സൗകര്യങ്ങളും ഭക്ഷ്യ-ക്രാഫ്റ്റ് ബസാറുകളും ലഭ്യമാക്കുന്നതാണ് അർബൻ ഹാറ്റുകളുടെ നിർമ്മാണ നിബന്ധനകളുടേയും സാമ്പത്തിക സഹായ തോതിന്റേയും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം **V** -ൽ നൽകിയിട്ടു്.

## അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ

## തെരഞ്ഞെടുക്കുന്ന രീതി:

അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു നിയന്ത്രണ സമിതി സൂക്ഷ്മ പരിശോധന നടത്തുന്നു.

| | | | |
|---|---|---|---|
| i ) | കൈത്തറി വികസന കമ്മീഷണർ | - | ചെയർമാൻ |
| ii ) | കരകൗശല വികസന കമ്മീഷണർ | - | അംഗം |
| iii) | ഡെപ്യൂട്ടിസെക്രട്ടറി/ഡയറക്ടർ ( ഐ.എഫ്.ഡബ്ലിയു),ടെക്സ്റ്റയിൽസ് മന്ത്രാലയം | - | അംഗം |

.ഇതു കൂടാതെ ഹാറ്റുകളുടെ നയരൂപീകരണം, മൊത്തം നിയന്ത്രണം എന്നിവയുടെ ഉത്തരവാദിത്വം ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായിരിക്കും. അർബൻ ഹാറ്റുകൾ അനുവദിക്കപ്പെടുന്ന ഓരോ സംസ്ഥാനത്തിലും താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഗവേണിംഗ് ബോഡി രൂപീകരിക്കുകയും ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും, ഹാറ്റിന്റെ നയരൂപീകരണം മൊത്തത്തിലുള്ള നിയന്ത്രണം എന്നിവയ്ക്ക് ഈ ഗവേണിംഗ് ബോഡി ഉത്തരവാദ്പ്പെട്ടിരിക്കുകയും ചെയ്യും.

| | | | |
|---|---|---|---|
| i. | കൈത്തറിയുടെ/കരകൗശലത്തിന്റെ ചുമതലയുള്ള ഗവ: സെക്രട്ടറി | - | ചെയർമാൻ |
| ii | ടൂറിസത്തിന്റെ ചുമതലയുള്ള ഗവ: സെക്രട്ടറി | - | അംഗം |
| iii | സംസ്ഥാനത്തിലെ കൈത്തറി/ കരകൗശല ഡയറക്ടർ | - | അംഗം |
| iv | ടെക്സ്റ്റയിൽസ് മന്ത്രാലയത്തിലെ കൈത്തറി വികസന കമ്മീഷണറുടെ പ്രതിനിധി | - | അംഗം |
| v | ടെക്സ്റ്റയിൽസ് മന്ത്രാലയത്തിലെ കര കൗശല വികസന കമ്മീഷണറുടെ പ്രതിനിധി | - | അംഗം. |
| vi | സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ പ്രതിനിധി | - | അംഗം. |

## നിർവ്വഹണ ഏജൻസിഃ-

മതിയായ സാമ്പത്തിക സ്രോതസും പദ്ധതി നടപ്പിലാക്കാനുള്ള സംഘടനാ പാടവവുമുള്ള സംസ്ഥാന കരകൗശല/കൈത്തറി കോർപ്പറേഷനുകൾ/സംസ്ഥാന വിനോദ സഞ്ചാര വികസന കോർപ്പറേഷനുകൾ ആയിരിക്കും ഇത് നടപ്പിലാക്കുന്നത്.

## ധനവിനിയോഗം

300.00 ലക്ഷം രൂപാ പ്രതീക്ഷിക്കുന്ന പദ്ധതിയുടെ മൂലധന ചെലവ് താഴെപ്പറയുന്ന രീതിയിൽ വിനിയോഗിക്കാവുന്നതാണ്.

| | | |
|---|---|---|
| കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റയിൽസ് മന്ത്രാലയം | 70% | കൈത്തറി വികസന കമ്മീഷണറുടെ ഓഫീസും കരകൗശല വികസന കമ്മീഷണറുടെ ഓഫീസും 210.00 ലക്ഷം രൂപ തുല്യമായി വഹിക്കുന്നു. |
| സംസ്ഥാന സർക്കാർ ഏജൻസി | 30% | 90.00 ലക്ഷം രൂപ |

ഓരോ അർബൻ ഹാറ്റിനുമുള്ള കേന്ദ്ര സർക്കാർ സഹായം 2.10 കോടിയിൽ ക്ലിപ്തപ്പെടുത്തുന്നതും ചെലവിൽ എന്തെങ്കിലും വർദ്ധനയുള്ള പക്ഷം അത് സംസ്ഥാന സർക്കാർ/നിർവ്വഹണ ഏജൻസി വഹിക്കേണ്ടതുമാണ്.

ഇതിനു പുറമേ ആദ്യവർഷം 15.00 ലക്ഷം രൂപയും രണ്ടാം വർഷം 10.00 ലക്ഷം രൂപയും പദ്ധതിയുടെ പരസ്യച്ചെലവുകൾക്കായി ഒറ്റത്തവണകളായി ഭാരത സർക്കാരിന്റെ ടെക്സ്റ്റയിൽസ് മന്ത്രാലയം നൽകുന്നതാണ്.

## 3.3 മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കൽ

കൈത്തറി നെയ്ത്തുകാർക്ക്/ഏജൻസികൾക്ക് സ്ഥിരം വിപണന കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനായി മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനായി സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യമാണ് പദ്ധതിയുടെ ഈ ഘടകം ലക്ഷ്യമിടുന്നത്. ''**One stop shopping** '' എന്ന ആശയം നടപ്പിലാക്കുന്നതിനായി പ്രധാന നഗരങ്ങളിലും/ചെറുപട്ടണങ്ങളിലും മാർക്കറ്റിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക എന്നതാണ് ഈ ഘടകം വിഭാവന ചെയ്യുന്നത്. കൈത്തറി ഏജൻസിയുടെ പ്രദർശന ശാലകളിൽ നിന്നും ഇഷ്ടത്തിനനുസരിച്ചുള്ള കലർപ്പില്ലാത്ത കൈത്തറി ഉല്പന്നങ്ങൾ തെരഞ്ഞെടുക്കാനും സംഭരിക്കാനും സാധിക്കുന്നു എന്ന നേട്ടം

ഉപഭോക്താക്കൾക്ക് ലഭിക്കുന്നു. മുകളിൽ സൂചിപ്പിച്ച ഇനങ്ങൾക്കുള്ള നഗരങ്ങളും/ചെറുപട്ടണങ്ങളും കൈത്തറി വികസന കമ്മീഷണർ കത്തെുന്നതാണ്. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ നടപ്പാക്കാൻ നഗരങ്ങളിലും ചെറുപട്ടണങ്ങളിലുമുള്ള അനുയോജ്യമായ സ്ഥലങ്ങൾ നിർവ്വഹണ ഏജൻസി കത്തുന്നു. ഈ പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അർഹരായ ഏജൻസികളെ നിർവ്വഹണ ഏജൻസികൾ തെരഞ്ഞെടുത്ത് നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നു.

## പങ്കെടുക്കുന്നവർ

ഈ ഘടകത്തിലൂടെ സ്ഥാപിക്കപ്പെടുന്ന മാർക്കറ്റിംഗ് കോംപ്ലക്സുകൾ പങ്കെടുക്കുന്നതിന് താഴെപ്പറയുന്ന കൈത്തറി ഏജൻസികൾക്ക് അർഹതയുണ്ട്.

i) ദേശീയതല കൈത്തറി സംഘടനകൾ

ii) സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ

iii) സംസ്ഥാന കൈത്തറി അപ്പക്സ് സഹകരണ സംഘങ്ങൾ

iv) പ്രാദേശിക/പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ/ ഫെഡറേഷനുകൾ

v) കൈത്തറി കയറ്റുമതി പ്രോത്സാഹന കൗൺസിൽ

vi) കൈത്തറി വികസന കമ്മീഷണറുടെ അംഗീകാരമുള്ള മറ്റ് കൈത്തറി ഏജൻസി/കയറ്റുമതിക്കാർ.

## മാർക്കറ്റിംഗ് കോംപ്ലക്സിന്റെ ഭരണ സംവിധാനം

മാർക്കറ്റിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന്/ വാങ്ങലിന് ശേഷം, കൈത്തറി വികസന കമ്മീഷണറുടെ ഓഫീസുമായി ആലോചിച്ചു കൊണ്ടും പങ്കെടുക്കുന്ന കൈത്തറി ഏജൻസികളുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചു കൊണ്ടും, നിർവ്വഹണ ഏജൻസി രൂപീകരിച്ച ഒരു മാനേജ്മെന്റ് കമ്മിറ്റി വഴിയാണ് മാർക്കറ്റിംഗ് കോംപ്ലക്സിന്റെ ഭരണം, മാനേജിംഗ് കമ്മിറ്റിയിലേയ്ക്ക് കൈത്തറി വികസന കമ്മീഷണറുടെ ഓഫീസിൽ നിന്നോ ഏതെങ്കിലും ദേശീയ തല കൈത്തറി സംഘടനയിൽ നിന്നോ ബന്ധപ്പെട്ട സംസ്ഥാന ഗവണ്മെന്റിൽ നിന്നോ ഒരാളെ കൈത്തറി വികസന കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്നു.

## നിർവ്വഹണ ഏജൻസി:

**NHDC, HPEC, ACASH** തുടങ്ങി ഉചിതമായ ഒരു ദേശീയതല കൈത്തറി ഏജൻസിയെയോ മതിയായ സാമ്പത്തിക - സംഘടനാ സ്രോതസുകൾ ഉള്ള സംസ്ഥാനതല അപ്പക്സ് കൈത്തറി സംഘടനയെയോ പദ്ധതി നടത്തിപ്പിനായി കൈത്തറി വികസന കമ്മീഷണർ തെരഞ്ഞെടുക്കുന്നു. സംസ്ഥാനതല കൈത്തറി സംഘടനയുടെ കാര്യത്തിലാണെങ്കിൽ ഈ സംഘടനയെ സംസ്ഥാന ഗവണ്മെന്റായിരിക്കും സ്പോൺസർ ചെയ്യുന്നത്. നിർവ്വഹണ ഏജൻസി, കൈത്തറി ഏജൻസികളിൽ നിന്നും പങ്കെടുക്കുന്നതിനുള്ള സന്നദ്ധത തേടുകയും ആവശ്യമായ എണ്ണം ഏജൻസികൾ പങ്കെടുക്കാൻ സന്നദ്ധമാകുന്ന പക്ഷം പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. ഈ ഏജൻസിയ്ക്ക് അവയുടെ മുടക്ക് മുതലിന് യഥാവിധിയുള്ള സാമ്പത്തിക നിരക്കിലുള്ള വരവ് ഉണ്ടാകണമെന്നത് അത്യാവശ്യമാണ്. മാർക്കറ്റിംഗ് കോംപ്ലക്സിന്റെ നിർമ്മാണം/ ഏറ്റുവാങ്ങൽ കഴിയുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസി, ഈ കോംപ്ലക്സ് സ്വന്തമായി ഉപയോഗിക്കുകയോ അർഹരായ ഏജൻസികൾക്ക് കടകളായി വിൽക്കുകയോ പാട്ടത്തിന് നൽക്കുകയോ ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട നിർവ്വഹണ ഏജൻസി, കൈത്തറി വികസന കമ്മീഷണർക്ക് അംഗീകാരം നേടിയ മുറയ്ക്ക്, സംസ്ഥാന സർക്കാരുകൾ/നിർദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/ ഭൂവികസന അതോറിറ്റികൾ/ കെട്ടിട നിർമ്മാതാക്കൾ മറ്റ് പ്രമുഖ സംരംഭകർ എന്നിവരുമായി കൂടിയാലോചിച്ച് ഏകോപിപ്പിച്ച് പ്രവർത്തിച്ച് കൈത്തറി ഏജൻസികൾക്കുവേണ്ടി അനുയോജ്യമായ മാർക്കറ്റിംഗ് കോംപ്ലക്സുകൾ ഏറ്റെടുക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നു.

## ഫണ്ട് വിനിയോഗം

പദ്ധതിയുടെ ഫണ്ട് വിനിയോഗം ഇപ്രകാരമാണ്.

**(i)** മാർക്കറ്റിംഗ് കോംപ്ലക്സ് വാങ്ങുന്നതിന്/നിർമ്മിക്കുന്നതിന് ആവശ്യമായ തുക ദേശീയ കൈത്തറി വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഒരു കോർപ്പസ് ഫണ്ട് ആയി രൂപീകരിച്ചിട്ടു്. വസ്തു വാങ്ങൽ/നിർമ്മാണം കഴിയുന്ന മുറയ്ക്ക് പങ്കെടുക്കുന്ന ഏജൻസികളിൽ നിന്നും എൻ.എച്ച്.ഡി.സി തുകയുടെ 50% ഈടാക്കുന്നു.

**(ii)** മാർക്കറ്റിംഗ് കോംപ്ലക്സ് വാങ്ങുന്നതിനും/നിർമ്മിക്കുന്നതിനും പിന്നെ ഇത്തരത്തിൽ വാങ്ങിയ/നിർമ്മിച്ച ഷോറൂമുകളുടെ ആന്തരികമായ അണിയിച്ചൊരുക്കലിനുമായി കേന്ദ്ര സർക്കാർ 50% ധനസഹായം നിർവ്വഹണ ഏജൻസിക്ക് നൽകുന്നു.

**(iii)** മാർക്കറ്റിംഗ് കോംപ്ലക്സിന്റെ ഉൾവശത്തെ പൊതുസ്ഥലത്തെ അണിയിച്ചൊരുക്കുന്നതിനും പുറം വശത്തെ പൊതുസ്ഥലം ലാന്റ് സ്കേപ്പു ചെയ്യുന്നതിനും കേന്ദ്ര സർക്കാർ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് 100% സഹായം ചെയ്യുന്നു.

**(iv)** മാർക്കറ്റിംഗ് കോംപ്ലക്സിലെ ഷോറൂമുകൾ നിർവ്വഹണ ഏജൻസി, കൈത്തറി ഏജൻസികൾക്ക് വാടകയ്ക്ക്/പാട്ടത്തിന് ആവർത്തന ക്രമത്തിൽ നൽകുകയോ പൂർണ്ണാവകാശത്തോടെ വില്പന നടത്തുകയോ ചെയ്യാവുന്നതാണ്.

**(v)** മാർക്കറ്റിംഗ് കോംപ്ലക്സുകളെ/ഷോറൂമുകളെ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നോക്കി നടത്തുന്നതിനുമുളള ആവർത്തന ചെലവുകൾ നിർവ്വഹണ ഏജൻസി/ ഷോറൂമിന്റെ കൈവശക്കാർ ബാധകമായവർ വഹിക്കേണ്ടതാണ്.

**(vi)** ഒരിക്കൽ കൈത്തറി ഏജൻസികൾക്ക് അനുവദിച്ചു നൽകപ്പെട്ട ഷോറൂമുകൾ അടച്ചുപൂട്ടുകയോ മറ്റ് ഏജൻസികൾക്ക് വില്പന നടത്തുകയോ ചെയ്യുന്നത് കൈത്തറി വികസന കമ്മീഷണറുടെ മുൻകൂർ അനുവാദത്തോടെയും കൈത്തറി വികസന കമ്മീഷണർ നിശ്ചയിക്കുന്ന നിരക്കിലും വിലയിലും ആയിരിക്കുകയും വേണം.

**(vii)** രജിസ്ട്രേഷൻ ചാർജ്, വസ്തു നികുതി തുടങ്ങിയ എല്ലാ സാന്ദർഭിക നിരക്കുകളും ഷോറൂമിന്റെ ഉടമസ്ഥൻ വഹിക്കേണ്ടതാണ്.

**(viii)** പദ്ധതിയുടെ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് വസ്തു വകകൾ വാങ്ങുന്നതിനുളള തുകയുടെ 50% നിർവ്വഹണ ഏജൻസിക്ക് വിതരണം ചെയ്യുന്നതിനായി കൈത്തറി വികസന കമ്മീഷണർ പരിഗണിക്കുന്നതാണ്. പങ്കെടുക്കുന്ന ഏജൻസി ഓരോ പ്രോജക്ടിനും കൈത്തറി വികസന കമ്മീഷണർ തീരുമാനാക്കുന്നതിനുസരിച്ചുളള ഓഹരിയുടെ തവണ തുകയും ആവശ്യപ്പെട്ട സ്ഥലത്തിന്റെ തുകയും മുൻകൂർ ആയി നൽകേണ്ടതാണ്.

### 3.4 പ്രചരണവും അവബോധവും

അസംഘടിതമേഖലയിൽ കൃഷി കഴിഞ്ഞാൽ ഏറ്റവും വലിയ രണ്ടാമത്തെ തൊഴിൽ സ്രോതസ് ആയ കൈത്തറി മേഖലയെ സംബന്ധിച്ച് പ്രചരണം എന്നത് ഉത്തേജനത്തിനുള്ള അവശ്യ വസ്തുവാണ്. കൈത്തറി എന്നത് രാജ്യത്തിന്റെ പാരമ്പര്യത്തിന്റെ ഒരു ഭാഗവും നെയ്ത്തുകാരുടെ കലാചാതുരിയിലൂടെ രാജ്യത്തിന് കൈവന്ന സമ്പന്നതയേയും വൈവിദ്ധ്യവൽക്കരണത്തേയും ഉദാഹരിക്കുന്നതുമാണ്. കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനും കൈത്തറി മേഖലയുടെ വികസനത്തിനും വേണ്ടി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്/നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറി നെയ്ത്തുകാരുടേയും കൈത്തറി വ്യവസായത്തിന്റേയും താല്പര്യങ്ങളെ ഏറെ മെച്ചപ്പെട്ട രീതിയിൽ സഹായിക്കുകയും ഈ മേഖലയ്ക്കകത്തും പുറത്തും ഉള്ള ഡിസൈൻ, സാങ്കേതിക വിദ്യ, ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ എന്നിവയിലുള്ള വികാസത്തേയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും പ്രചരണവും ബോധവൽക്കരണ പ്രവർത്തനങ്ങളും സഹായിക്കുന്നു.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഈ ഘടകത്തിൽ നടപ്പിലാക്കാവുന്നതാണ്.

#### 3.4.1 കൈത്തറിയെക്കുറിച്ചുള്ള ലഘു ചലച്ചിത്രങ്ങൾ

കൈത്തറി മേഖലയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ധാരണയും അവബോധവും സൃഷ്ടിക്കുന്നതിന് വിവിധ തരത്തിലുള്ള ലഘു ചലച്ചിത്രങ്ങൾ, ഡോക്കുമെന്റുകൾ, വീഡിയോ ക്ലിപ്പുകൾ, ടെലിഫിലിമുകൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ഈ ചലച്ചിത്രങ്ങൾ/ഡോക്കുമെന്ററികൾ/ടെലിഫിലിമുകൾ/ വീഡിയോ ക്ലിപ്പുകൾ എന്നിവ ടെലിവിഷൻ ചാനലുകളിലും കൈത്തറി പ്രദർശനങ്ങളിലും/മേളകളിലും പ്രത്യേക മേളകളിലും പ്രദർശിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ കൈത്തറിയെ പ്രചരിപ്പിക്കുന്നതിനും പരസ്യപ്പെടുത്തുന്നതിനും സഹായകരമാകുന്നു. ഇത് കൂടാതെ കൈത്തറി മേഖലയിലെ സാങ്കേതിക വിദ്യാ മുന്നേറ്റത്തെ എടുത്തു കാട്ടുന്ന ഫിലിമുകൾ, ഇത്തരം വികസനങ്ങളെക്കുറിച്ച് നെയ്ത്തുകാരിൽ അവബോധം വളർത്തുന്നതിനായി പ്രദർശിപ്പിക്കുന്നതിനു വേണ്ടി തയ്യാറാക്കാവുന്നതാണ്. ഫിലിമിന്റെ ഉള്ളടക്കം, നിർമ്മാണത്തിന്റെ സമ്പ്രദായം മറ്റ് നിർദ്ദേശങ്ങളും ഉപാധികളും എന്നിവ കൈത്തറി വികസന കമ്മീഷണർ തീരുമാനിക്കും.

## നിർവ്വഹണ ഏജൻസി

ദേശീയ കൈത്തറി വികസന കോർഷറേഷൻ ((**NHDC**)/ കൈത്തറി കോർഷറേഷനുകളുടേയും അഷക്സ് സൊസൈറ്റികളുടേയും അസോസ്സിയേഷൻ ((**ACASH**), സംസ്ഥാന സർക്കാരുകൾ, സംസ്ഥാന കൈത്തറി വികസന കോർഷറേഷനുകൾ/സംസ്ഥാന കൈത്തറി അഷക്സ് സഹകരണ സ്ഥാപനങ്ങൾ, വീവേഴ്സ് സർവ്വീസ് സെന്ററുകൾ എന്നിവിടങ്ങളിൽ നിന്നും പ്രൊഷോസലുകൾ നൽകാവുന്നതാണ്.

## ഫണ്ട് വിനിയോഗം

യോഗ്യതയുടെ അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗ രീതി കൈത്തറി വികസന കമ്മീഷണർ അംഗീകരിച്ച് നൽകുന്നതാണ്.

## 3.4.2 ദേശീയ ഉത്സവങ്ങൾ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സഹായത്തോടെ കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ്, റിഷബ്ലിക് ദിനം പോലെയുളള ദേശീയ ഉത്സവങ്ങളിൽ പങ്കെടുത്തുവരുന്നു. ഈ പ്രവർത്തനങ്ങൾ 11-ാം പഞ്ചവത്സര പദ്ധതിയിലും തുടരും. പുതുതായി വികസിഷിച്ചെടുത്ത കൈത്തറി ഉല്പന്നങ്ങളും പാരമ്പര്യ പ്രശസ്തമായ കൈത്തറി ഉല്പന്നങ്ങളും തെരഞ്ഞെടുത്ത തരങ്ങളിലുളളവ പ്രദർശിഷിക്കുന്നതിന് എല്ലാ വർഷവും ഒരു നിശ്ചല കലാരൂപം തയ്യാറാക്കുന്നു.

## നിർവ്വഹണ ഏജൻസി

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽ നിന്നാണ് പ്രൊഷോസൽ വരുന്നത്.

ഫണ്ട് വിനിയോഗം.

യോഗ്യതയുടെ അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗ രീതി കൈത്തറി വികസന കമ്മീഷണർ അംഗീകരിച്ചു നൽകുന്നു.

## 3.4.3 അച്ചടി-ഇലക്ട്രോണിക് പ്രചരണം

കൈത്തറിയുമായി ബന്ധഷെട്ട പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി പോസ്റ്ററുകളുടേയും, ലഘു ലേഖകളുടേയും ബ്രോഷറുകളുടേയും, പുസ്തകങ്ങളുടേയും ക്യാറ്റലോഗുകളുടേയും

പരസ്യങ്ങളുടേയും പത്രങ്ങളിലേയും മാഗസീനുകളിലേയും പ്രത്യേക കോളങ്ങൾ/ പംക്തികൾ/എഡിറ്റോറിയലുകൾ/പ്രത്യേക പതിപ്പുകൾ എന്നിവ അച്ചടിക്കാവുന്നതാണ്. വിവിധങ്ങളായ കൈത്തറി പദ്ധതികളെക്കുറിച്ചുളള വിവരം ദേശീയ-പ്രാദേശിക ഭാഷകളിൽ അച്ചടിക്കാവുന്നതുമാണ്. ഇലക്ട്രോണിക് പരസ്യപ്രവർത്തനങ്ങൾ കോംപ്ലക്സ് ഡിസ്ക്കുകൾ, ഇന്റർനെറ്റ്, കൈത്തറി പ്രോത്സാഹനവുമായി ബന്ധപ്പെട്ട വെബ്സൈറ്റ് എന്നിവ വഴി നടത്താവുന്നതാണ്.

നിർവ്വഹണ ഏജൻസി

ദേശീയ കത്തെറി വികസന കോർപ്പറേഷൻ((**NHDC**) കൈത്തറി കോർപ്പറേഷനുകളുടേയും അപ്പക്സ് സൊസൈറ്റികളുടെയും അസോസ്സിയേഷൻ (**ACASH**) , സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ, സംസ്ഥാന അപ്പക്സ് സഹകരണ സംഘങ്ങൾ, വീവേഴ്സ് സർവ്വീസ് സെന്റർ, കൈത്തറി വികസന കമ്മീഷണറുടെ അംഗീകാരമുളളതും പ്രാപ്തിയുളളതുമായ മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെടാവുന്നതാണ്.

ഫണ്ടു വിനിയോഗം

ബ്രോഷറുകൾ, ഫോൾഡറുകൾ, ക്യാറ്റലോഗുകൾ, ജേർണലുകൾ, പുസ്തകങ്ങൾ, മേപ്പുകൾ എന്നിവയ്ക്ക് പരമാവധി 3.00 ലക്ഷം രൂപ. ഇലക്ട്രോണിക് പരസ്യത്തിന്റെ കാര്യത്തിൽ ഫണ്ടു വിനിയോഗം യോഗ്യതയുടെ അടിസ്ഥാനത്തിൽ കൈത്തറി വികസന കമ്മീഷണറുടെ നേതൃത്വത്തിലുളള ഒരു കമ്മിറ്റി തീരുമാനിക്കും.

### 3.4.4 സെമിനാറുകളും ശില്പശാലകളും:-

ഏറ്റവും പുതിയ സാങ്കേതിക വിദ്യാ, പരിജ്ഞാനം, ഡിസൈൻ വികസനം, പരമ്പരാഗത ഡിസൈനുകളിലെ പുനരുജ്ജീവനം തുടങ്ങിയവ ചർച്ച ചെയ്യാനും കൈമാറ്റം ചെയ്യാനും വിവിധ സന്ദർഭങ്ങളിൽ സെമിനാറുകൾ/ശില്പശാലകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

നിർവ്വഹണ ഏജൻസി

ദേശീയ റി വികസന കോർപ്പറേഷൻ((**NHDC**) കൈത്തറി കോർപ്പറേഷനുകളുടേയും അപ്പക്സ് സൊസൈറ്റികളുടെയും അസോസ്സിയേഷൻ (**ACASH**) , വീവേഴ്സ് സർവ്വീസ് സെന്റർ, നാഷണൽ സെന്റർ ഫോർ ടെക്സ്റ്റയിൽസ് ഡിസൈൻ, ദേശീയ കരകൗശല-കൈത്തറി

മ്യൂസിയം തുടങ്ങിയവയിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്.

ഫണ്ടു വിനിയോഗം

സെമിനാറുകൾക്കും ശില്പശാലകൾക്കും പരമാവധി 5.00 ലക്ഷം രൂപാ, സ്ഥലവാടക/പശ്ചാത്തലസൗകര്യം/പരസ്യപ്രചരണം/അത്യാവശ്യ പ്രവർത്തനങ്ങൾ (യാത്രാബത്ത, ദിനബത്ത ഉൾപ്പെടെ) അനുവദിക്കും. യോഗ്യതയുടെ അടിസ്ഥാനത്തിൽ കൈത്തറി വികസന കമ്മീഷണറുടെ നേതൃത്വത്തിലുളള ഒരു കമ്മിറ്റി പ്രൊപ്പോസലുകളിന്മേൽ തീരുമാനമെടുക്കും.

### 3.4.5 ദേശീയ അവാർഡുകൾ

കൈത്തറി നെയ്ത്തുകാരിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും അംഗീകാരം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധ നെയ്ത്തുകാർക്ക് ദേശീയ അവാർഡുകളും മെരിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്നു. ദേശീയ അവാർഡിന്റെ ഭാഗമായി സർട്ടിഫിക്കറ്റ്, അംഗവസ്ത്രം, ചെമ്പു രൂപം, 50,000/- രൂപയുടെ ക്യാഷ് അവാർഡും ദേശീയ മെരിറ്റ് സർട്ടിഫിക്കറ്റിന്റെ ഭാഗമായി 10,000/- രൂപയുടെ ക്യാഷ് അവാർഡും നൽകുന്നു. ഇതിനായി രൂപീകരിക്കപ്പെട്ട ഒരുകമ്മിറ്റി നെയ്ത്തുകാരെ തെരഞ്ഞെടുക്കുന്നു. ദേശീയ അവാർഡിനായുളള തെരഞ്ഞെടുപ്പിന്റെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം **vi** ആയി ചേർത്തിരിക്കുന്നു.

നിർവ്വഹണ ഏജൻസിയും ഫണ്ട് വിനിയോഗവും

കരകൗശല വിദഗ്ധർക്ക് ദേശീയ അവാർഡുകളും മെരിറ്റ് സർട്ടിഫിക്കറ്റുകളും നൽകുന്ന, കരകൗശല വികസന കമ്മീഷണറുമായി യോജിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും പശ്ചാത്തല വികസനം, പരസ്യ പ്രചരണം മറ്റ് ആകസ്മികച്ചെലവുകൾ എന്നിവ രണ്ട് ഓഫീസുകളും തുല്യമായി വഹിക്കുകയും ചെയ്യുന്നു.

### 3.4.6. വിദഗ്ധ രൂപീകരണ പരിപാടി

ദേശീയ അവാർഡു ജേതാക്കൾക്ക് അവരുടെ ഉല്പന്നങ്ങൾ പൊതു ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കാൻ അവസരമൊരുക്കുന്നതിന് കൈത്തറി വികസന കമ്മീഷണറും കരകൗശല വികസന കമ്മീഷണറു കൂട്ടായി വിദഗ്ധ

രൂപീകരണ പരിപാടി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി എല്ലാവർഷവും ന്യൂഡൽഹിയിലെ ദില്ലിഹാറ്റിൽ വച്ചു നടത്തുന്നു.

നിർവ്വഹണ ഏജൻസി

ഡൽഹിയിലെ വീവേഴ്സ് സർവ്വീസ് സെന്റർ ആയിരിക്കും കൈത്തറി വികസന കമ്മീഷണറുടെ ഓഫീസിന്റെ നിർവ്വഹണ ഏജൻസി.

## 3.4.7 അനുയോജ്യ സാങ്കേതിക പ്രദർശനം

ദേശീയ കൈത്തറി വികസന കോർപ്പറേഷൻ, വീവേഴ്സ് സർവ്വീസ് സെന്ററുകൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി സ്ഥാപനങ്ങൾ തുടങ്ങി തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ സംഘടിപ്പിക്കുന്ന ഈ പ്രവർത്തനങ്ങളിൽ കൈത്തറി മേഖലയിലെ സാങ്കേതിക വിദ്യാ വികസനവുമായി ബന്ധപ്പെട്ട പ്രദർശന പരിശീലന പരിപാടികൾ ഉൾക്കൊളളിക്കുന്നു. മേഖലകളിലേയ്ക്ക് സ്വീകരിക്കപ്പെടുന്ന പുതിയ സാങ്കേതിക വിദ്യകളിന്മേലുളള അറിവു നേടുന്നതിനും സാങ്കേതിക വിദ്യാ മുന്നേറ്റം ഉപയോഗപ്പെടുത്തി കൊണ്ട്, നിർമ്മിക്കപ്പെടുന്ന ഉല്പന്നങ്ങൾ ഈ പ്രദർശനത്തിലൂടെ വിപണനം ചെയ്യപ്പെടുന്നതിനും ഈ പരിപാടി നെയ്ത്തുകാരെ സഹായിക്കുന്നു.

നിർവ്വഹണ ഏജൻസി

ദേശീയ കൈത്തറി വികസന കോർപ്പറേഷൻ, വീവേഴ്സ് സർവ്വീസ് സെന്റർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി എന്നിവിടങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെടുന്നു.

ഫണ്ട് വിനിയോഗം

സ്ഥലവാടക/പശ്ചാത്തല സൗകര്യം/പരസ്യപ്രചരണം/അത്യാവശ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പരമാവധി 6 ലക്ഷം രൂപ ഫണ്ട് അനുവദിക്കും.

## 3,4,8 റിവേഴ്സ് ബയർ-സെല്ലർ മീറ്റുകൾ ഉൾപ്പെടെയുളള ബയർ-സെല്ലർ മീറ്റുകൾ

റിവേഴ്സ് ബയർ-സെല്ലർ മീറ്റുകൾ ഉൾപ്പെടെയുളള ബയർ-സെല്ലർ മീറ്റുകളിലൂടെ വിപണിയിലേയ്ക്ക് പ്രവേശിക്കുന്നതിന് വഴിയൊരുക്കുന്നു. നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ യോഗ്യത പരിശോധിച്ച് കൈത്തറി വികസന കമ്മീഷണർ തീരുമാനമെടുക്കുന്നു.

നിർവ്വഹണ ഏജൻസി:-

ദേശീയ കൈത്തറി വികസന കോർപ്പറേഷൻ കൈത്തറി കോർപ്പറേഷനുകളുടേയും അപ്പക്സ് സൊസൈറ്റികളുടെയും അസോസ്സിയേഷൻ, സംസ്ഥാന കൈത്തറി കോർപ്പറേഷനുകൾ, സംസ്ഥാന അപ്പക്സ് സഹകരണ സംഘങ്ങൾ, വീവേഴ്സ് സർവ്വീസ് സെന്ററുകൾ എന്നിവയിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെടുന്നു.

ഫണ്ടു വിനിയോഗം

സ്ഥലവാടക/പശ്ചാത്തല സംവിധാനം/പരസ്യപ്രചരണം/അത്യാവശ്യ പ്രവർത്തനങ്ങൾ( യാത്ര ബത്തയും ദിനബത്തയും ഉൾപ്പെടെ) എന്നിവയ്ക്ക് പരമാവധി 5 ലക്ഷം രൂപ നൽകുന്നു

3.4.9. പലയിനം പ്രോത്സാഹന പദ്ധതികൾ/മേളകൾ

കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ്, സാംസ്കാരിക-വിനോദ സഞ്ചാര വകുപ്പുകൾ/ മന്ത്രാലയങ്ങൾ തുടങ്ങിയവയുടെ അംഗീകാരം/ സ്പോൺസർഷിപ്പോടെ. റോഡുഷോകൾ, ലൈവ് ഡെമോൺസ്ട്രേഷനുകൾ, മോമെന്റുകൾ, ഫാഷൻഷോകൾ, നെയ്ത്തുകാരുടെ കൈമാറ്റ പരിപാടികളുൾപ്പെടെയുള്ള സാംസ്കാരിക വിനിമയ പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കൈത്തറി മേഖലയ്ക്ക് ജനപ്രീതിയും പ്രചരണവും നൽകുന്നതാണെന്ന് കൈത്തറി വികസന കമ്മീഷണർക്ക് ബോധ്യമാകുന്ന ഏത് മാധ്യമവും.

നിർവ്വഹണ ഏജൻസി

**NHDC, ACASH,** സംസ്ഥാന സർക്കാരുകൾ, സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനുകൾ/സംസ്ഥാന കൈത്തറി അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, വീവേഴ്സ് സർവ്വീസ് സെന്ററുകൾ എന്നിവയിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെടുന്നു.

ഫണ്ട് വിനിയോഗം:-

യോഗ്യതയുടെ അടിസ്ഥാനത്തിൽ ഫണ്ട് കൈത്തറി വികസന കമ്മീഷണർ തീരുമാനിക്കുന്നു.

3.5 ഭൗമസൂചക ആക്ട്

പരമ്പരാഗത കൈത്തറി ഇനങ്ങൾ, ഉദാ: ബനാറസ്, ബ്രോക്കേഡുകൾ, ബംഗാൾ ജാംദനി തുടങ്ങിയ സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഭൗമസൂചക ആക്ട് വഴി ഏറ്റെടുക്കാവുന്നതാണ്. വിവിധ

**സംസ്ഥാനങ്ങളിൽ നിന്നുളള 110 പരമ്പരാഗത കൈത്തറി ഉല്പന്നങ്ങളെ, ഒരു ഉല്പന്നത്തിന് 1.50 ലക്ഷം രൂപാ എന്ന നിരക്കിൽ 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇതിൽ ഉൾക്കൊളളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ കൈത്തറി ഉല്പന്നങ്ങളെ ഈ ആക്ടിന്റെ കീഴിൽ കൊണ്ടു വരുന്നതിന് ശ്രമം ഉണ്ടാകും. പ്രത്യേകമായ കൈത്തറി ഇനങ്ങളെ രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ നേരിട്ടോ അവരുടെ നിർവ്വഹണ ഏജൻസി വഴിയോ ഒരു വർഷക്കാലയളവിനുളളിൽ ചെയ്യുന്നതിന് 1.50 ലക്ഷം രൂപയോ യഥാർത്ഥ ചെലവോ, ഇതിൽ ഏതാണോ കുറവ് അത് അനുവദിക്കുന്നു. ഇതിൽ അധികം വരുന്ന ചെലവ്, എന്തെങ്കിലും ഉണ്ടെങ്കിൽ അത് സംസ്ഥാന സർക്കാർ/ഏജൻസി വഹിക്കുന്നു. രണ്ടു ഗഡുക്കളായിട്ടാണ് തുക വിതരണം ചെയ്യുന്നത്, അതായത് 50% മുൻകൂർ ആയും അവശേഷിക്കുന്ന 50% തുക പണിപൂർത്തികരിച്ചതിനു ശേഷവും.**

## 6. ന്യൂഡൽഹി ജനപഥിലെ ഹാന്റ്ലൂം മാർക്കറ്റിംഗ് കോംപ്ലക്സ്

കൈത്തറി ഏജൻസികൾക്ക് അവരുടെ വില്പന വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുളള കൈത്തറി ഉല്പന്നങ്ങൾ കാണുന്നതിനും സ്ഥിരം വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് കൈത്തറി ഏജൻസികൾക്ക് ലോക നിലവാരത്തിലുളള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 2001 ജൂൺ മാസം 25-ാം തീയതി ഭാരത സർക്കാരിന്റെ നഗര വികസന-ദാരിദ്ര്യ ലഘൂകരണ മന്ത്രാലയം ന്യൂഡൽഹിയിലെ ജനപഥിൽ ടെക്സ്റ്റയിൽസ് മന്ത്രാലയത്തിന് 1.779 ഏക്കർ സ്ഥലം അനുവദിച്ചു. രാജ്യത്തെമ്പാടുമുളള കരവിരുതുളള നെയ്ത്തുകാരുടെ വിപുലമായ വൈവിദ്ധ്യങ്ങളിലുളള കൈത്തറി ഉല്പന്നങ്ങളുടെ ഒരു ജാലകമായി ഭാരത തലസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാണ് നിർദ്ദിഷ്ട മാർക്കറ്റിംഗ് കോംപ്ലക്സ് ലക്ഷ്യമിടുന്നത്. ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽ കൈത്തറി ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു വേദിയായി ഇത് പ്രവർത്തിക്കും. കൈത്തറി ഏജൻസികൾക്ക് പാർപ്പിടമൊരുക്കാനും ഇൻഡ്യയിലേയും വിദേശത്തേയും ഉപഭോക്താക്കൾക്ക് ദൃശ്യമൊരുക്കി വിപണനം സാധ്യമാക്കാൻ പറ്റിയതാണ് പുതിയ കെട്ടിടം. രാജ്യത്തെ റവന്യൂ വരുമാന വർദ്ധനവിനെയും വിദേശ നാണയ വിനിമയത്തേയും ഇത് സഹായിക്കുന്നു. രാജ്യത്തെമ്പാടുമുളള ഏറ്റവും മികച്ച

കൈത്തറി ഉല്പന്നങ്ങൾക്ക് ഒരു കൂരയ്ക്ക് കീഴിൽ ഇരിപ്പിടമൊരുക്കുന്ന ഒരു ആർട്ട് കോംപ്ലക്സ് ആയിരിക്കും ഈ കെട്ടിടം.

<u>**പങ്കെടുക്കുന്നവർ/ഗുണഭോക്താക്കൾ:-**</u>

ഹാന്റ്ലൂം ഹൗസും മറ്റ് സംഘടനകളും നിലവിൽ കെട്ടിടത്തിന്റെ സ്ഥലം ഉപയോഗപ്പെടുത്തുന്നു. അർഹരായ മറ്റ് ഏജൻസികൾക്കും ഈ കെട്ടിടത്തിൽ സൗകര്യമൊരുക്കുന്നതാണ്.

<u>**നിർവ്വഹണ ഏജൻസി**</u>:-

കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ്.

<u>**ഭരണവും അറ്റകുറ്റവും:-**</u>

ഭരണവും അറ്റകുറ്റപ്പണികളും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രീതിയിൽ ആയിരിക്കും.

## 3.7. <u>ഹാന്റ്ലൂം മാർക്ക്</u>

ഉല്പന്നങ്ങളുടെ സാമ്പത്തിക മൂല്യം വർദ്ധിപ്പിക്കുന്നതിനും ഉല്പന്നത്തിന്റെ പ്രശസ്തി ഊന്നൽ നൽകപ്പെടുന്നതിനും പൊതുമുദ്ര സഹായിക്കുന്നു. 2006 ജൂൺ മാസം 28-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പ്രകാശനം ചെയ്ത ഹാന്റ്ലൂം മാർക്ക്, കൈത്തറി ഉല്പന്നങ്ങൾക്ക് ശക്തമായ പൊതുമുദ്രയുടെ പ്രതിഛായ നൽകുന്നതിനുള്ള ഒരു സുപ്രധാന കാൽവയ്പ് ആയിരുന്നു. യന്ത്രത്തറി-മിൽനാണ് ഹാന്റ്ലൂം മാർക്ക്, ഇൻഡ്യയിലും വിദേശത്തുമുള്ള കൈത്തറി ഉല്പന്നങ്ങൾക്ക് പൊതുമുദ്ര നൽകുന്നതിന് ഹാന്റ്ലൂം മാർക്ക് ഉപയോഗിക്കാവുന്നതാണ്.

<u>**ഗുണഭോക്താക്കൾ**</u>

നെയ്ത്തുകാരൻ, മാസ്റ്റർ വീവർ, ചെറുകിട കച്ചവടക്കാർ, കോർപ്പറേഷനുകൾ/സഹകരണ സ്ഥാപനങ്ങൾ കയറ്റുമതിക്കാർ.

<u>**നിർവ്വഹണ ഏജൻസി**</u>:-

ടെക്സ്റ്റയിൽ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഒരു അംഗീകൃത സ്ഥാപനമായ ടെക്സ്റ്റയിൽ കമ്മിറ്റി.

ധനസഹായം:-

കൈത്തറി വികസന കമ്മീഷണറുടെ ഓഫീസ് അംഗീകരിച്ച കർമ്മ പദ്ധതി പ്രകാരം. അംഗീകരിച്ച പരസ്യങ്ങൾ, കൈത്തറി വികസന കമ്മീഷണർ ഇൻഡ്യയിലേയും വിദേശത്തേയും വർത്തമാന പത്രങ്ങളിലും മാഗസീനുകളിലും അച്ചടിക്കുന്ന പംക്തികൾ, മുഖപ്രസംഗങ്ങൾ, ഇലക്ട്രോണിക് മാദ്ധ്യമ പരസ്യം, പുറം വാതിൽ പ്രചരണം, ഇൻഡ്യിലും വിദേശത്തുമുളള പ്രത്യേക മേളകളും പ്രദർശനങ്ങളും, ഫാഷൻഷോ, മറ്റ് ഏതുതരത്തിലുമുളള മാധ്യമ ഉപകരണങ്ങൾ/പ്രവർത്തനങ്ങൾ തുടങ്ങി അതി വിപുലമായ പര്ചരണ പ്രവർത്തനങ്ങൾ എന്നിവ നടത്താവുന്നതാണ്.

## 4.0. നിരീക്ഷണവും മൂല്യനിർണ്ണയവും

കൈത്തറി മേഖലയുടെ വളർച്ചയേയും വികസനത്തേയും സഹായിക്കുന്നതും ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായതും പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്നതിന് അനുയോജ്യമായതും ആണെന്ന് ഉറപ്പുവരുത്തുന്നതിന് കൈത്തറി വികസന കമ്മീഷണർ നിരീക്ഷണം നടത്തുകയും നിർവ്വഹണ ഏജൻസിയിൽ നിന്നും കാലാകാലം റിപ്പോർട്ട് ശേഖരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ ഫണ്ട് അനുവദിക്കുന്ന സമയത്ത് ബന്ധപ്പെട്ട അധികാരികൾ, മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ഓരോ ഘടകത്തിന്റേയും നടപടിക്രമങ്ങൾ പരിശോധിക്കുന്നു.

# കൈത്തറി കയറ്റുമതി പ്രോത്സാഹനം

## 5.0 കൈത്തറി കയറ്റുമതി പ്രോത്സാഹനത്തിന്റെ ലക്ഷ്യങ്ങൾ

(i) ഡിസൈനുകൾ വികസിപ്പിക്കുന്നതിനായി വിദഗ്ധ ഡിസൈനർമാരെ ഏർപ്പെടുത്തിയും, കാര്യക്ഷമത ഉയർത്തിയും പ്രൊഫണൽ മാർക്കറ്റിംഗ് കൺസൽട്ടന്റിനെ ഏർപ്പെടുത്തിയും കയറ്റുമതി യോഗ്യതയുളള ഉല്പന്നങ്ങളെ വികസിപ്പിച്ചെടുക്കുന്ന, യോഗ്യമായ അപ്പക്സ്/പ്രാഥമിക കൈത്തറി സംഘങ്ങളേയും കോർപ്പറേഷനുകളേയും കണ്ടെത്തി ധനസഹായം ലഭ്യമാക്കുക,

(ii) അന്തരാഷ്ട്ര പ്രദർശനങ്ങൾ, റിവേഴ്സ് ബയർ-സെല്ലർ മീറ്റുകൾ ഉൾപ്പെടെയുളള ബയർ-സെല്ലർ മീറ്റുകൾ എന്നിവയിലൂടെ

വിപണിയിലേയ്ക്കുള്ള കടന്നുകയറ്റവും, ഹാന്റ്ലൂം മാർക്ക്, മറ്റ് സാധ്യതകൾ എന്നിവയിലൂടെയുള്ള ബ്രാൻഡ് വികസനവും പ്രചരണവും.

6.0 (i) കയറ്റുമതി പ്രോജക്ട്

(ii) അന്താരാഷ്ട്ര മേളകളും പ്രദർശനങ്ങളും

(iii) ഡിസൈൻ സ്റ്റുഡിയോകളുടെ സ്ഥാപനം

(iv) മറ്റ് പലവക പ്രോത്സാഹന പരിപാടികളും പ്രവർത്തനങ്ങളും.

6.1. <u>**കയറ്റുമതി പ്രോജക്ടുകൾ**</u>

കയറ്റുമതി അധിഷ്ഠിത ഉല്പന്നങ്ങളും അവയുടെ അന്താരാഷ്ട്ര വിപണിയും വികസിപ്പിക്കുന്നതിന് ധനസഹായം ലഭിക്കുന്ന തരത്തിൽ കയറ്റുമതി പ്രോജക്ടുകൾ അനുവദിക്കുന്നു.

6.1.1 <u>**ഒരു കയറ്റുമതി പ്രോജക്ടിന് താഴെപ്പറയുന്ന ഉപശീർഷകങ്ങൾ ഉണ്ടായിരിക്കും.**</u>

(i) ഡിസൈൻ രൂപീകരണവും ഉല്പന്ന വൈവിദ്ധ്യവൽക്കരണവും.

(ii) കഴിവ് വർദ്ധിപ്പിക്കലും തറി പരിഷ്കരണവും

(iii) സാമ്പിളുകൾ വികസിപ്പിക്കൽ

(iv) മൊത്തത്തിലുള്ള പരിശീലനം

(v) മാർക്കറ്റിംഗ് കൺസൽട്ടന്റിനെ ഏർപ്പെടുത്തൽ

(vi) അഭിവൃദ്ധിയെ സഹായിക്കുന്ന സാധനങ്ങൾ വികസിപ്പിക്കുക

(vii) പ്രചരണവും വിപണനവും.

6.1.2 <u>**കയറ്റുമതി പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് അർഹതയുള്ള ഏജൻസികൾ**</u>

**א ദേശീയ - സംസ്ഥാനതല കൈത്തറി കോർപ്പറേഷനുകൾ**

**א അപ്പക്സ് - പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ**

**6.1.3** <u>**കയറ്റുമതി പ്രോജക്ടുകൾ ശുപാർശ ചെയ്യാൻ അർഹതയുള്ള ഏജൻസികൾ**</u>

**א കൈത്തറി - ടെക്സ്റ്റയിൽസിന്റെ ചുമതലയുള്ള സംസ്ഥാന ഡയറക്ടർ**

**א വീവേഴ്സ് സർവ്വീസ് സെന്ററുകൾ**

**6.1.4 കയറ്റുമതി പ്രോജക്ടിനുള്ള ധനസഹായ രീതി.**

| ക്രമ നമ്പർ | ഉപശീർഷകങ്ങൾ | കേന്ദ്ര വിഹിതം 75%(തുക ലക്ഷത്തിൽ) | ഏജൻസി വിഹിതം 25%(തുക ലക്ഷത്തിൽ) | ആകെ (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| | ഉല്പന്ന വികസനവും പ്രചരണവും വിപണവും | | | |
| 1 | ഡിസൈൻ രൂപീകരണവും ഉല്പന്ന വൈവിദ്ധ്യവൽക്കരണവും | 3.75 | 1.25 | 5.00 |
| 2 | തറി പരിഷ്കരണവും കഴിവു വർദ്ധിപ്പിക്കലും | 1.80 | 0.60 | 2.40 |
| 3 | സാമ്പിളുകൾ വികസിപ്പിക്കൽ | 3.00 | 1.00 | 4.00 |
| 4 | മൊത്തത്തിലുള്ള പരിശീലനം | 0.45 | 0.15 | 0,60 |
| 5 | അഭിവൃദ്ധിയ്ക്കനുയോജ്യമായ സാധനങ്ങൾ വികസിപ്പിക്കുന്നതിന് | 2.25 | 0.75 | 3.00 |
| 6. | മാർക്കറ്റിംഗ് കൺസൽട്ടന്റിനെ ഏർപ്പെടുത്തുന്നതിന് | 2.25 | 0.75 | 3.00 |
| 7 | പരസ്യവും വിപണനവും | 7.25 | 2.25 | 10.00 |
| | ആകെ | 21.00 | 7.00 | 28.00 |

## 6.15. ഫണ്ട് വിതരണം.

എ) കയറ്റുമതി പ്രോജക്ട് അനുവദിച്ചു കഴിഞ്ഞാൽ മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ 1 മുതൽ 4 വരെ ഉള്ള ഇനങ്ങളുടെ അംഗീകരിച്ച തുകയുടെ 50% ഒന്നാം ഗഡുവായി വിതരണം ചെയ്യും.

ബി) കുറഞ്ഞത് 25 ഡിസൈനുകളെങ്കിലും ഉല്പന്നങ്ങളിലേയ്ക്ക് വികസിപ്പിച്ചെടുത്തതിനു ശേഷം മാത്രമേ പട്ടികയിലെ 5 മുതൽ 7 വരെ ഇനങ്ങളുടെ ആകെത്തുകയുടെ 25% ആദ്യഗഡുവായി വിതരണം ചെയ്യുകയുള്ളൂ. തുടർന്നുള്ള 25% വീതമുള്ള വിതരണം, ധാരണാ പത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ലക്ഷ്യമിട്ടിട്ടുള്ള പ്രകടനത്തെ അടിസ്ഥാനമാക്കിയായിരിക്കും.

## 6.1.6 കയറ്റുമതി പ്രോജക്ടുകളുടെ ഉപശീർഷകങ്ങളുടെ വിശദവിവരം

1) *കയറ്റുമതി പ്രോജക്ടുകൾക്കായുള്ള ഏജൻസികളെ തിരിഞ്ഞെടുക്കൽ*

ഏജൻസികളെ തിരിഞ്ഞടുക്കുന്നത്, അവരുടെ സാമ്പത്തികശേഷി, ഉല്പന്ന വൈവിദ്ധ്യവൽക്കരണം, ഡിസൈനുകളുടെ പുതിയ രൂപീകരണം, കയറ്റുമതി അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കഴിവ്, മാറിക്കൊണ്ടിരിക്കുന്ന കയറ്റുമതി വിപണിക്കനുസൃതമായ മാറ്റങ്ങൾ നിർവ്വഹിക്കാനുള്ള പ്രാപ്തി എന്നിവയെ അടിസ്ഥാനമാക്കിയാണ്. കഴിഞ്ഞ മൂന്നു വർഷത്തെ വിറ്റുവരവിന്റെ ശരാശരി കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും ഉള്ള

ഏജൻസികൾക്കു മാത്രമേ കയറ്റുമതി പ്രോജക്ടുകൾക്ക് അപേക്ഷിക്കാനും അംഗീകാരം നേടാനും അർഹതയുളളൂ.

(ii) **ഡിസൈനർമാരെ തിരിഞ്ഞെടുക്കൽ**:

കയറ്റുമതി പ്രോജക്ടുകൾക്കുളള ഡിസൈനർമാരെ കൈത്തറി വികസന കമ്മീഷണർ തിരിഞ്ഞെടുക്കുന്നതായിരിക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫാ ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും ദേശീയതല ഫാഷൻ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നോ വിദ്യാഭ്യാസ യോഗ്യത നേടിയവരും കുറഞ്ഞത് മൂന്നു വർഷത്തെ പ്രവർത്തി പരിചയം, ടെക്സ്റ്റയിൽ മേഖലയിലെ പരിചയവും വൈദഗ്ധ്യവും ഉളളവരും ആയിരിക്കണം ഡിസൈനർമാർ. കയറ്റുമതി പ്രോജക്ടുകളുടെ നിർവ്വഹണ ഏജൻസികളും ഡിസൈനർമാരും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ഡിസൈനർമാർക്ക് ചുമതലയും ഉത്തരവാദിത്വവും നിർണ്ണയിക്കപ്പെടുന്നു. ഡിസൈനർമാർ ധാരണാപത്രത്തിൽ ഒപ്പിടണമെന്നത് നിർബന്ധമാണ്.

(iii) **തറി പരിഷ്കരണവും നെയ്ത്തുകാരുടെ കഴിവു മെച്ചപ്പെടുത്തലും:-**

മെച്ചപ്പെട്ട സാമ്പിളുകൾ വികസിപ്പിച്ചെടുക്കുക എന്നതിലുപരി, കയറ്റുമതി യോഗ്യരായ വൈവിദ്ധ്യപൂർണ്ണമായ ഉല്പന്നങ്ങളുടെ സ്ഥിരമായ ഉല്പാദനം സാധ്യമാകുന്ന വിധം നെയ്ത്തുകാർക്ക് വിതരണം ചെയ്യുന്നതിനുളള തറികളുടേയും അനുബന്ധ ഉപകരണങ്ങളുടേയും ആവശ്യകത കൃത്യമായി കണക്ക് കൂട്ടിയെടുക്കേണ്ടതാണ്. അന്താരാഷ്ട്ര നിലവാരത്തിലുളള ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ആവശ്യമായ തരത്തിൽ പരിഷ്കരിച്ച തറികളിലും ഉപകരണങ്ങളിലും പ്രവർത്തിക്കാൻ അനുയോജ്യമായി നെയ്ത്തുകാരെ പ്രാപ്തരാക്കുന്ന വിധത്തിൽ പരിശീലനം നടത്തേത് അത്യന്താപേക്ഷിതമാണ്. കൂടാതെ പുതിയ ഡിസൈനുകളിൽ ഉല്പന്നങ്ങൾ നെയ്തെടുക്കാനും നെയ്ത്തുകാരെ പ്രാപ്തരാക്കേണ്ടതാണ്. നെയ്ത്തുകാരേയും സാങ്കേതിക പ്രവർത്തകരേയും പരിശീലിപ്പിക്കുന്നതിന് ഡിസൈനർ സഹായിക്കേണ്ടതോ. ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്ററിൽ നിന്ന് ഇക്കാര്യത്തിലുളള സഹായം സ്വീകരിക്കുന്നതിന് സൗകര്യമു

ണ്ടാക്കുകയും പരിശീലനത്തിനു വേണ്ടിവരുന്ന തുക പ്രോജക്ട് ചെലവിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

(iv) **മാർക്കറ്റിംഗ് കൺസൽറ്റന്റിനെ ചുമതലപ്പെടുത്തൽ:**

കയറ്റുമതി പ്രോജക്ടുകളുടെ നിർവ്വഹണ ഏജൻസികളെ ഉപദേശിക്കുന്നതിന് പ്രോജക്ടുകളിൽ മാർക്കറ്റിംഗ് കൺസൽറ്റന്റുമാരെ നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിർവ്വഹണ ഏജൻസികളെ സഹായിക്കുന്നതിനും ഇറക്കുമതിക്കാരുമായും മൊത്തമായി വാങ്ങുന്നവരുമായും ഏജൻസിയെ സന്ധിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം മാർക്കറ്റിംഗ് കൺസൽട്ടന്റിനായിരിക്കും.

(v) **പ്രചരണവും വിപണനവും.**

ഇൻഡ്യയിലും വിദേശത്തും നടക്കുന്ന പ്രദർശനങ്ങളിലും അന്താരാഷ്ട്ര മേളകളിലും കയറ്റുമതി പ്രോജക്ട് നിർവ്വഹണ ഏജൻസി പങ്കെടുക്കേണ്ടതാണ്. 10 ലക്ഷം രൂപാ (കേന്ദ്രസർക്കാർ സഹായം 7.50 ലക്ഷം രൂപയും ഏജൻസിയുടെ വിഹിതം 2.50 ലക്ഷം രൂപം) യുടെ ധനസഹായം ഈ ആവശ്യത്തിന് ലഭിക്കുന്നതാണ്.

6.1.7: **നിരീക്ഷണം**.

പദ്ധതിയുടെ കീഴിൽ അനുവദിക്കപ്പെട്ട പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനു വേണ്ടി മൂല്യ പരിശോധനയ്ക്കും വിലയിരുത്തലിനും വേി ഒരു സംവിധാനമുണ്ടാക്കുകയും അതിലൂടെ, നിർവ്വഹണ ഏജൻസി താഴെപ്പറയുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ മൂന്നു മാസത്തിന്റെയും ആദ്യ ആഴ്ചയ്ക്കുള്ളിൽ ത്രൈമാസിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(i) നിർവ്വഹണ ഏജൻസിയുടെ പേര്

(ii) പ്രോജക്ട് സ്ഥിതിചെയ്യുന്ന സ്ഥലം.

(iii) വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വ്യാപ്തി

(iv) ഡിസൈനറുടെ പേര്

(v) വികസിപ്പിച്ചെടുത്ത ഡിസൈനുകളുടെ എണ്ണവും വിതരണം ചെയ്ത ഡിസൈനുകളുടെ എണ്ണവും, ഇത്തരത്തിൽ വികസിപ്പിച്ചെടുത്ത ഡിസൈനുകളുടേയും ഉല്പന്നങ്ങളുടേയും വിശദമായ വിവരണവും.

(vi) പരിഷ്കരിക്കപ്പെട്ട തറികളും പരിശീലനം ലഭിച്ച നെയ്ത്തുകാരും.

(vii) പങ്കെടുത്ത പ്രദർശനങ്ങളുടെ എണ്ണം/പങ്കെടുക്കാൻ പോകുന്ന പ്രദർശനങ്ങളുടെ എണ്ണം (സ്ഥലവും തീയതിയും ഉൾപ്പെടെ)

(viii) പ്രദർശനങ്ങളിൽ പങ്കെടുക്കുന്നത് വഴി ലഭിച്ച അന്വേഷണങ്ങളുടെ തോതും മൂല്യവും, രൂപാ/ഡോളർ നിരക്കിൽ.

(ix) ഓർഡറിനനുസരിച്ച് നൽകാൻ കഴിഞ്ഞ ഉല്പന്നങ്ങളുടെ തോതും മൂല്യവും (പ്രത്യേകമായി)

(x) കയറ്റുമതിയിലുായ വർദ്ധനവ് (മൂല്യത്തിലും ശതമാനക്കണക്കിലും)/ ഇപ്പോഴത്തെ വിറ്റുവരവ്

(xi) നേരിട്ട ചെലവ്

(xii) വിനിയോഗ സർട്ടിഫിക്കറ്റ്

ഓരോ പദ്ധതിയുടേയും പുരോഗതി, നിശ്ചിത കാലയളവിൽ കൈത്തറി വികസന കമ്മീഷണറുടെ ഓഫീസും നിരീക്ഷിക്കുന്നതാണ്.

6.1.8 **പട്ടികജാതി/പട്ടികവർഗ്ഗ നെയ്ത്തുകാരുടേയും വനിതാ നെയ്ത്തുകാരുടേയും പങ്കാളിത്തം**:

കയറ്റുമതി പ്രോജക്ടിന്റെ ഓരോ ഘട്ടത്തിലും പട്ടികജാതി/പട്ടികവർഗ്ഗ നെയ്ത്തുകാരുടേയും വനിതാ നെയ്ത്തുകാരുടേയും പങ്കാളിത്തം ഉണ്ടാകാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേതാണ്.

6,2, **അന്താരാഷ്ട്ര മേളകളും പ്രദർശനങ്ങളും**.

ഈ ഉപഘടകത്തിന്മേൽ, അന്താരാഷ്ട്ര മേളകളിലും പ്രദർശനങ്ങളിലും ബയർ-സെല്ലർ മീറ്റുകളിലും റിവേഴ്സ് ബയർ-സെല്ലർ മീറ്റുകളിലും പങ്കെടുക്കുന്നതിന് അർഹമായ ഏജൻസികൾക്ക് ധനസഹായം നൽകുന്നതാണ്.

6.2.3 **അന്താരാഷ്ട്ര മേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിനുള്ള ധനസഹായത്തിന്റെ ഘടനഃ**

എ) **സ്ഥലവാടക**:- സ്ഥലവാടക, സ്റ്റാൾ നിർമ്മാണം/ മോടിപിടിപ്പിക്കൽ, നടത്തിപ്പുചെലവും അറ്റകുറ്റപ്പണികളും തുടങ്ങിയവയ്ക്ക് പരമാവധി 30.00 ലക്ഷം രൂപാ. നടത്തിപ്പു ചെലവുകൾ 30.00 ലക്ഷം രൂപായുടെ 10% കവിയാൻ പാടില്ല.

ബി) **പ്രചരണം**:- കേന്ദ്രസർക്കാരും സംഘാടക ഏജൻസിയും 60:40 എന്ന അംശബന്ധ പ്രകാരം ധനസഹായം നൽകുന്നു.

സി) **പങ്കെടുക്കുന്നവരുടെ യാത്രാസഹായം**:

വിദേശത്ത് നടക്കുന്ന അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് പങ്കെടുക്കുന്ന ഓരോ ഏജൻസിയിൽ നിന്നും ഒരാളുടെ യാത്രാച്ചെലവിനായി 50,000/- രൂപയോ യഥാർത്ഥ യാത്രാച്ചെലവോ ഏതാണോ കുറവ്, അത് നൽകുന്നു. യാത്രാ സഹായം വിതരണം ചെയ്യുന്നത് സംഘാടക ഏജൻസി വഴി ആയിരിക്കും.

(ഡി) വിദേശങ്ങളിൽ നടക്കുന്ന അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് HEPC, HHEC, ACASH തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് യാത്രാച്ചെലവ്, ദിനബത്ത, താമസച്ചെലവ് എന്നിവയ്ക്കായി 100% ഗ്രാന്റ് നൽകുന്നു. 20-ൽ അധികം പേർ പങ്കെടുക്കുന്ന ഒരു മേളയിൽ/പ്രദർശനത്തിൽ HEPC, HHEC, ACASH തുടങ്ങിയിടങ്ങളിൽ നിന്നും 2 ഉദ്യോഗസ്ഥരെ നിയോഗിക്കാവുന്നതാണ്.

ഇ.) റിവേഴ്സ് ബയർ-സെല്ലർ മീറ്റുകളുടെ കാര്യത്തിൽ, പ്രമുഖ മൊത്ത വാങ്ങൽകാരേയും പ്രധാന വാങ്ങൽ സ്ഥാപനങ്ങളുടെ പ്രതിനിധികളേയും പ്രധാനപ്പെട്ട ഇൻഡ്യൻ മേളകളിൽ/പ്രദർശനങ്ങളിൽ/ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കാൻ വേണ്ടി സന്ദർശിക്കുന്നതിന് ധനസഹായം നൽകുന്നു. സ്ഥലത്തിനുള്ള ചെലവ്, നടത്തിപ്പു ചെലവ്, സ്റ്റാൾ മോടിപിടിപ്പിക്കൽ/അറ്റകുറ്റപ്പണി ചെയ്യൽ, പ്രചരണം, ക്യാറ്റലോഗുകൾ തയ്യാറാക്കാനുള്ള ചെലവ്,വിവർത്തനത്തിനും വ്യാഖ്യാനത്തിനുമുള്ള ചെലവുകൾ കൂടാതെ കൈത്തറി വികസന കമ്മീഷണർ അംഗീകരിച്ച മറ്റേതെങ്കിലും ഘടകത്തിനുള്ള ചെലവുകൾ എന്നിവയ്ക്കായി പരമാവധി 30.00 ലക്ഷം രൂപയായിരിക്കും. വിദേശ സന്ദർശകർക്കുള്ള യാത്രാ ഗ്രാന്റ്

ആയി ഓരോരുത്തരുടേയും യഥാർത്ഥ ചെലവോ 50,000/- രൂപയോ ഏതാണോ കുറവ് അതായിരിക്കും. താമസ/ഭക്ഷണച്ചെലവുകൾ നൽകുന്നതല്ല.

6.3. **ഡിസൈൻ സ്റ്റുഡിയോകളുടെ രൂപീകരണം.**

നവീനമായ ഡിസൈനുകൾ, നിറങ്ങളുടെ ആവിഷ്കരണം എന്നിവയുടെ സാധ്യതകൾ കയറ്റുമതിക്കാരുടെ വലിയൊരു വിഭാഗത്തിന് ലഭ്യമാക്കുന്നതിനായി പ്രധാന കൈത്തറി കയറ്റുമതി ക്ലസ്റ്ററുകളിൽ ഡിസൈൻ സ്റ്റുഡിയോകൾ രൂപീകരിക്കുന്നു. ഡിസൈൻ സ്റ്റുഡിയോയുടെ നിർവ്വഹണ ഏജൻസി കൈത്തറി കയറ്റുമതി പ്രോത്സാഹന സമിതി/ കൈത്തറി കയറ്റുമതി പ്രോത്സാഹന സമിതിയുടേയും കയറ്റുമതിക്കാരുടേയും കൺസോർഷ്യം, സംസ്ഥാന സർക്കാർ എന്നിവയാണ്. ഇത് നിരീക്ഷിക്കുന്നതിനുള്ള നോഡൽ ഏജൻസി കൈത്തറി കയറ്റുമതി പ്രോത്സാഹന സമിതി ആയിരിക്കും. ഡിസൈൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള പരമാവധി ധനസഹായം ഒരു കോടി രൂപയാണ്. ഇത് കേന്ദ്ര സർക്കാരും നിർവ്വഹണ ഏജൻസിയും 75:25 എന്ന തോതിൽ പങ്ക് വഹിക്കുന്നു. ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിക്കുന്നതിന്റേയും ധനസഹായം വിതരണം ചെയ്യുന്നതിന്റേയും ഉപാധികളും വ്യവസ്ഥകളും പ്രയോജനകരമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് കൈത്തറി വികസന കമ്മീഷണർ തീരുമാനിക്കുന്നതാണ്.

6.4. **പലവക പ്രോത്സാഹന പരിപാടികൾ/പ്രവർത്തനങ്ങൾ**

സ്രോതസുകൾ പരിചയപ്പെടുക, കയറ്റുമതിക്കാരുടെ ക്യാറ്റലോഗുകൾ, ബ്രോഷറുകൾ, ഡൈറക്ടറികൾ, സി.ഡി.റോം എന്നിവ പ്രസിദ്ധീകരിക്കുക, വെബ്സൈറ്റുകൾ വികസിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, ഇൻഡ്യയിലും വിദേശത്തും നടക്കുന്ന അന്താരാഷ്ട്ര പ്രദർശനങ്ങളിൽ/മേളകളിൽ വില്പന കൗണ്ടറുകൾ തുറക്കുന്നതിനും ഉല്പന്നങ്ങളെ നേരിട്ടു പരിചയപ്പെടുത്ത ുന്നതിനുമായി നെയ്ത്തുകാരെ നിയോഗിക്കുക, കയറ്റുമതി വിപണിയെ വികസി പ്പിക്കുന്ന തരത്തിലുള്ള വിവരവിനിമയം/ പ്രോത്സാഹനം വ്യാപിപ്പിക്കുന്നതിന് സഹായകരമാണെന്നു കാണുന്ന പ്രവർത്ത നങ്ങൾ/നടപടിക്രമങ്ങൾ, ഇൻഡ്യയും മറ്റ് രാജ്യങ്ങളും

തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടികൾ കയറ്റുമതിയെ ഉത്തേജിപ്പിക്കുന്നവയിൽ പങ്കെടുക്കുക എന്ന ഘടകത്തിൽ ഉൾപ്പെടുന്നു. പ്രൊപ്പോസലുകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ കൈത്തറി വികസന കമ്മീഷണർ പരിഗണിക്കുന്നു. ധനസഹായം പ്രൊപ്പോസലുകളുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ കൈത്തറി വികസന കമ്മീഷണറുടെ തീരുമാനത്തിന് വിധേയമായി ആയിരിക്കും. HEPC, ACASH, HHEC, ISEP, NIFT

അഥവാ കൈത്തറി വികസന കമ്മീഷണറുടെ അംഗീകാരമുള്ള മറ്റേതെങ്കിലും കൈത്തറി കയറ്റുമതി പ്രോത്സാഹന ഏജൻസിയിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിക്കപ്പെടാവുന്നതാണ്.

അനുബന്ധം - I

# വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി

## *വിപണന പ്രോത്സാഹനത്തിന്റെ ഘടകമായ - ദേശീയ കൈത്തറി മേള.*

ദേശീയ കൈത്തറി മേളയെ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള മാതൃകയും:-

വിപണന തന്ത്രത്തിന്റെ ഭാഗമായി, ഡെവലപ്മെന്റ് കമ്മീഷണറുടെ കാര്യാലയം ദേശീയ കൈത്തറി മേളകളും പ്രത്യേക മേളകളും (**Special Expos**) സംഘടിപ്പിച്ചു വരുന്നു. ഇത്തരം മേളകൾ കാലക്രമേണ മികച്ച ജനസമ്മതി നേടുകയും വില്പനയുടെ കാര്യത്തിൽ പ്രകടമായ പുരോഗതി കൈവരിയ്ക്കുകയും ചെയ്തിട്ടുണ്ട്.. അതിനാൽ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലും ഇത്തരം മേളകൾ തുടർന്ന് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(1) തരം തിരിവും കാലയളവും എണ്ണവും

ഓരോ ദേശീയ കൈത്തറി മേളയും രണ്ട് മുതൽ മൂന്നാഴ്ച വരെയുള്ള കാലയളവിൽ സംഘടിപ്പിയ്ക്കേണ്ടതാണ്. ഓരോ വർഷവും സംഘടിപ്പിക്കേണ്ട മേളകളുടെ എണ്ണം, സ്ഥലം, കാലാവധി എന്നിവ തീരുമാനിക്കുന്നത് കൈത്തറി ഡെവലപ്മെന്റ് കമ്മീഷണറായിരിയ്ക്കും. ഇത് വിവിധ സംസ്ഥാനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന അഭ്യർത്ഥനകളെയും, നിർദ്ദിഷ്ട സ്ഥലത്തിന്റെ വിപണന സാധ്യതയെയും, ധനലഭ്യതയെയും, മറ്റു ജില്ലാതല മേളകൾ, കരകൗശല മേളകൾ എന്നിവയുടെ മുൻകൂട്ടി തീരുമാനിച്ച തീയതികളെയും ആശ്രയിച്ചായിരിയ്ക്കും തീരുമാനിയ്ക്കപ്പെടുന്നത്.

(2) ലക്ഷ്യങ്ങൾ:-

ദേശീയ കൈത്തറി മേളകൾ സംഘടിപ്പിക്കുന്നത് താഴെ സൂചിപ്പിക്കുന്ന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം:-

( i ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തെ സഹായിക്കുക

( ii ) രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉല്പാദിപ്പിയ്ക്കപ്പെടുന്ന കലർപ്പില്ലാത്ത കൈത്തറി ഉല്പന്നങ്ങൾ, ഉപഭോക്താവിന് സുഗമമായി ലഭ്യമാക്കുന്നതിനായി ഒരു കുടക്കീഴിൽ കൊണ്ടു വരിക.

( iii ) കൈത്തറി മേഖലയിലെ നൂതനമായ ഡിസൈനുകളെയും വൈവിധ്യമാർന്ന വസ്ത്ര വൈവിദ്ധ്യത്തേയും കുറിച്ച് ഉപഭോക്താക്കളുടെ ഇടയിൽ ധാരണ വളർത്തുന്നതിനുള്ള ഒരു ജാലകമായി പ്രവർത്തിയ്ക്കുക.

( iv) നെയ്ത്തുകാരുടെയും മറ്റു ഉപഭോക്താക്കളുടെയും ഇടയിൽ നൂതനമായ ഡിസൈനുകളെക്കുറിച്ചും സമകാലിക പ്രവണതകളെക്കുറിച്ചുമുള്ള അറിവ് വ്യാപിപ്പിയ്ക്കുക.

3. <u>ദേശീയ കൈത്തറിമേള സംഘടിപ്പിയ്ക്കുമ്പോൾ പാലിയ്ക്കേണ്ട മാർഗ്ഗരേഖകൾ.</u>

( i) ഒരു മേളയിൽ കുറഞ്ഞപക്ഷം 50 മുതൽ 70 വരെ വില്പനശാലകൾ ഉായിരിയ്ക്കേണ്ടതാണ്. ഇവയെല്ലാം ഒരേ വിസ്തീർണ്ണമുള്ളവയായി രിക്കണം.

( ii ) കുറഞ്ഞപക്ഷം പത്ത് സംസ്ഥാനങ്ങളിലേയും കേന്ദ്ര ഭരണ പ്രദേശ ങ്ങളിലേയും കൈത്തറി ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കണം.

( iii ) ഒരു മേളയിൽ ഒരു സംസ്ഥാനത്തിനോ അഥവാ കേന്ദ്ര ഭരണ പ്രദേശത്തിനോ 5 വില്പനശാലകളിൽ കൂടുതൽ അനുവദിക്കുന്നതല്ല. എന്നാൽ എന്തെങ്കിലും കാരണവശാൽ ഒഴിഞ്ഞ വില്പനശാലകൾ നിലവിലുണ്ടെങ്കിൽ തദവസരത്തിൽ അഞ്ചിൽ കൂടുതൽ വില്പനശാലകൾ അനുവദിയ്ക്കാവുന്നതാണ്. മേള നടത്തുന്ന സംസ്ഥാനത്തിലെ ഏജൻസികൾക്ക് ആകെയുള്ള വില്പനശാലകളുടെ 25 ശതമാനത്തോളം അനുവദിയ്ക്കാവുന്ന താണ്.

( iv) മേള സംഘടിപ്പിക്കുന്ന നിർദ്ദിഷ്ട സ്ഥലത്ത് കരകൗശല, ഖാദി ഏജൻസികൾക്ക് വില്പനശാലകൾ അനുവദിക്കുകയാണെങ്കിൽ അക്കാര്യം വ്യക്തമായി രേഖപ്പെടുത്തേതാണ്. കൂടുതൽ ആയിനത്തിൽപ്പെടുന്ന ചെലവുകൾ മേളയുടെ കണക്കുകളിൽ ഉൾപ്പെടുത്തുവാനും പാടില്ല.

( v) മേള നടക്കുന്ന സ്ഥലത്തെ പ്രവേശന കവാടത്തിലും മറ്റ് പ്രചരണ ലഘുലേഖകളിലും ഇപ്രകാരം വ്യക്തമായി സൂചിപ്പിക്കേതാണ്. ''ദേശീയ കൈത്തറി മേള പ്രായോജകൻ-കൈത്തറി വികസന കമ്മീഷണർ, വസ്ത്ര മന്ത്രാലയം, കേന്ദ്ര സർക്കാർ'' കൈത്തറി

വികസന കമ്മീഷണറുടെ ലോഗോ അദ്ദേഹത്തിന്റെ കാര്യാലയത്തിൽ നിന്നോ ( www.handlooms.nic.in ) എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാക്കാവുന്നതും പ്രചരണ ലേഖകളിൽ ഉപയോഗിയ്ക്കാവുന്നതുമാണ്.

**(vi)** മേളയുടെ നടത്തിപ്പുകാർ ഏജൻസികളെ തെരഞ്ഞെടുക്കുന്നതും അവർക്ക് വില്പനശാലകൾ അനുവദിക്കുന്നതും കുറ്റമറ്റതും സുതാര്യവുമായ രീതിയിലായിരിക്കണം. മേള നടത്തുന്നത് ഒരു സംസ്ഥാന സർക്കാരോ സർക്കാരിന്റെ ഏജൻസിയോ ആണെങ്കിൽ, പ്രസ്തുത നടത്തിപ്പുകാർ, സംസ്ഥാന കൈത്തറി വകുപ്പ് ഉദ്യോഗസ്ഥരേയും കൈത്തറി വികസന കമ്മീഷണറുടെ പ്രതിനിധിയെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിയ്ക്കേതാണ്. വില്പനശാലകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തീരുമാനിയ്ക്കുന്നതും മേളയ്ക്ക് പ്രചരണം നൽകുന്നതും ഈ കമ്മിറ്റിയായിരിക്കും. മേള നടത്തുന്നത് **NHDC, ACASH** എന്നിവ പോലെയുള്ള ദേശീയ തലത്തിലുള്ള സംഘനകളാണെങ്കിൽ, കൈത്തറി വികസന കമ്മീഷണറുടെ പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിക്ക് അവർ രൂപം നൽകേണ്ടതാണ്.

**(vii)** മേളകളിൽ അമിത വില ഈടാക്കുന്നതും മറ്റ് അസുഖകരമായ പ്രവണതകൾ സ്വീകരിക്കുന്നതും തടയുന്നതിലേയ്ക്കായി, നടത്തിപ്പുകാരായ ഏജൻസിയുടെ ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന '' ഉപഭോക്തൃ സഹായ കേന്ദ്രം'' ഓരോ മേളയിലും ഉണ്ടായിരിക്കുന്നതാണ്.

**(viii )** മേളയുടെ നടത്തിപ്പുകാർ ഏജൻസി ക്രമത്തിലുള്ള ദൈനംദിന വില്പനക്കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്. കൂടാതെ അതാത് ദിവസത്തെ വില്പനക്കണക്കുകൾ അടുത്ത ദിവസം തന്നെ സ്റ്റേറ്റ് സെക്രട്ടറി/കൈത്തറി വികസന കമ്മീഷണർ എന്നിവർക്ക് ഫാക്സ് മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

**( ix)** ഇത്തരം മേളകളിൽ ഉപഭോക്തൃ നിരീക്ഷണത്തിലൂടെയും വില്പന കണക്കുകളുടെ വിശകലനത്തിലൂടെയും വിപണിയുടെ സാധ്യതകളെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടാക്കേണ്ടതും വരും

വർഷങ്ങളിൽ കൂടുതൽ മികച്ച രീതിയിൽ മേള സംഘടിപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യേണ്ടതാണ്.

(x) ഒരു സാഹചര്യത്തിലും വില്പനശാലകൾ വാടകയ്ക്ക് കൊടുക്കൽ അനുവദിക്കുന്നതല്ല. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി കർശനവും ക്രമാനുഗതവുമായ പരിശോധനകൾ നടത്തുന്നതാണ്.

(xi) വില്പനശാലകൾ അനുവദിയ്ക്കുന്നത് പരസ്യമായി കുറിയിട്ടായിരിക്കണം. നല്ല വില്പനശാലകൾ ചിലയാളുകൾ മാത്രം കൈക്കലാക്കുന്ന പ്രവണത തടയുന്നതിനാണ് ഈ മാർഗ്ഗം സ്വീകരിയ്ക്കുന്നത്.

(xii) വരവ് ചെലവ് കണക്കുകൾ, സംബന്ധിച്ച അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതോടൊപ്പം തന്നെ ഭൂമിവാടക, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കിയതിന്റെ രസീതുകൾ കൂടി ഹാജരാക്കേതാണ്.

(4) <u>മേളയിൽ പങ്കാളികളാകാൻ അർഹതയുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു</u>.

( i ) എല്ലാ തലങ്ങളിലുമുള്ള കൈത്തറി സഹകരണ സംഘങ്ങൾ, കോർപ്പറേഷനുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ.

( ii ) **CAPART** – ന്റെ മാതൃകാ നിർദ്ദേശങ്ങൾ പാലിയ്ക്കുന്ന കൈത്തറി മേഖലയിലെ ഗവൺമെന്റിതര സംഘടനകൾ.

(iii ) കൈത്തറി ഉല്പാദനത്തിലേർപ്പെട്ടിരിക്കുന്ന സ്വയം സഹായക സംഘങ്ങൾ.

(5) <u>നടത്തിപ്പുകാരാകാൻ അർഹതയുള്ളവർ</u>

ദേശീയ തലത്തിൽ കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളായ **NHDC, ACASH** തുടങ്ങിയവയ്ക്ക് മേളകൾ സംഘടിപ്പിയ്ക്കാൻ അർഹതയുണ്ടായിരിക്കും. സംസ്ഥാന സർക്കാരുകൾ നേരിട്ടോ അല്ലെങ്കിൽ സംസ്ഥാന തലത്തിലുള്ള ഏതെങ്കിലും കൈത്തറി ഏജൻസി അല്ലെങ്കിൽ ഫെഡറേഷൻ മുഖേനയോ മേളകൾ സംഘടിപ്പിക്കാവുന്നതാണ്. കൂടാതെ വീവേഴ്സ് സർവ്വീസ് സെന്ററുകൾക്കും മേളകൾ സംഘടിപ്പിയ്ക്കാവുന്നതാണ്.

(6) പങ്കാളികൾക്കുള്ള ധനസഹായം

വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി മേളകളിൽ പങ്കെടുക്കുന്നവർക്കുള്ള ധനസഹായം ഗണ്യമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വില്പന ശാലകളുടെ വാടക, വൈദ്യുതി ചാർജ്ജ്, പ്രചരണം, ഭരണപരമായ ചെലവുകൾ ആന്തരഘടനാപരമായ സഹായം തുടങ്ങി അനേകം ഇനങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ധനസഹായത്തിനർഹമായ ഘടകങ്ങൾ | 15 ലക്ഷത്തിലധികം ജനസംഖ്യയുള്ള സംഘങ്ങൾ | 15 ലക്ഷം വരെ ജനസംഖ്യയുള്ള സംഘങ്ങൾ | കുറിപ്പ് |
|---|---|---|---|---|
| 1 | വില്പനശാലയുടെ വാടക/ആന്തരഘടനാപരമായ ചെലവുകൾ | 13 ലക്ഷം രൂപ | 5 ലക്ഷം രൂപ | കോളം 3,4 എന്നിവയിൽ സൂചിപ്പിച്ച പോലെ യഥാക്രമം 13 ലക്ഷം രൂപയും 5 ലക്ഷം രൂപയും അല്ലെങ്കിൽ യഥാർത്ഥ ചെലവിന്റെ 50% തുക, ഇവയിൽ ഏതാണോ കുറവ് അത് അനുവദിയ്ക്കുന്നതാണ്. 15 ലക്ഷത്തിലധികം ജനസംഖ്യയുള്ള സംഖ്യയുള്ള സ്ഥലങ്ങളിൽ നടത്തുന്ന മേളകളിൽ തീം പവിലിയൻ ഒഴികെയുള്ള വിസ്തീർണ്ണം കുറഞ്ഞത് 45000 ചതുരശ്ര അടിയെങ്കിലും വേണം. 15 ലക്ഷം വരെ ജനസംഖ്യയുള്ള സ്ഥലങ്ങളിൽ ഇത് 25,000 ചതുരശ്ര അടിയായി നിജപ്പെടുത്തിയി ട്ടു്. കേന്ദ്രസർക്കാർ ധനസഹായം നൽകുന്നത് വിവിധ ഏജൻസികൾ കൈവശാവകാശ രേഖകൾ പ്രകാരം ഉപയോഗിക്കുന്നതായി കാണിക്കുന്ന സ്ഥലത്തിന്റെയോ അല്ലെങ്കിൽ വാസ്തവത്തിൽ ഉപയോഗിക്കുന്ന സ്ഥലത്തിന്റെയോ വിസ്തീർണ്ണം കണക്കാക്കി, ഇതിൽ ഏതാണോ കുറഞ്ഞത് അതിനായിരിക്കും നൽകുന്നത്. രേഖകളിൽ കാണുന്നതിനേക്കാൾ കുഞ്ഞ അളവിലേ സ്ഥലം ഉപയോഗിച്ചിട്ടുള്ളൂവെങ്കിൽ ധനസഹായം ആനുപാതികമായി വെട്ടിക്കുറക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | പ്രാഥമിക സംഘങ്ങൾ ഇത് 500 ചതുരശ്ര അടിയും, അപ്പക്സ് സംഘങ്ങൾക്ക് 1500 ചതുരശ്ര അടിയുമാണ്. |
| 2 | വൈദ്യുതി ചാർജ്ജ് | 3 ലക്ഷം | ഒരു ലക്ഷത്തി എൺപതിനായിരം | യഥാർത്ഥ ചെലവിന്റെ 50% അല്ലെങ്കിൽ കോളം 3,4 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ യഥാക്രമം 3 ലക്ഷം രൂപയും ഒരു ലക്ഷത്തി എൺപതിനായിരം രൂപയും കണക്കാക്കി ഇതിൽ നിന്നും പങ്കെടുത്തവർ ഒടുക്കിയ വൈദ്യുതി ചാർജ്ജ് കഴിച്ച് ബാക്കി തുക. |
| 3 | പങ്കെടുക്കുന്നവർക്കുള്ള ഒറ്റത്തുക | പങ്കെടുക്കുന്ന ഒരാൾക്ക് 5000/-രൂപ എന്ന ക്രമത്തിൽ പരമാവധി 3 ലക്ഷം രൂപ | പങ്കെടുക്കുന്ന ഒരാൾക്ക് 3000/-രൂപ എന്ന ക്രമത്തിൽ പരമാവധി ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ | പതിനഞ്ച് ലക്ഷത്തിലധികം ജനസംഖ്യയുണ്ടെങ്കിൽ 60 പേരും ഉണ്ടായിരിക്കണം. 15 ലക്ഷംവരെ ജനസംഖ്യയുണ്ടെങ്കിൽ 40 പേരും പങ്കെടുക്കണം. |
| 4 | പ്രചരണ ചെലവുകൾ | പത്ത് ലക്ഷം രൂപ | അഞ്ച് ലക്ഷം രൂപ | മേളകൾക്കിടയിൽ സെമിനാർ, വർക്ക്ഷോപ്പ്, **Buyer-seller meet** തുടങ്ങിയവ സംഘടിപ്പിയ്ക്കാവുന്നതാണ്. കോളം 2,3 എന്നിവയിൽ സൂചിപ്പിച്ചിട്ടുള്ള തുകയുടെ 75% പരമാവധി, അല്ലെങ്കിൽ യഥാർത്ഥം ചെലവ് ഇവയിൽ ഏതാണോ കുറവ് അതാണ് പ്രചരണത്തിനുള്ള ധനസഹായമായി അനുവദിയ്ക്കുന്നത്. കൂടാതെ കോളം 3,4 എന്നിവയിലെ തുകയുടെ 25% അല്ലെങ്കിൽ യഥാർത്ഥ ചെലവ് ഇവയിൽ ഏതാണോ കുറവ് അത് വർക്ക്ഷോപ്പ്, സെമിനാർ, **Buyer-seller meet** എന്നിവയ്ക്കുള്ള ധനസഹായമായി അനുവദിക്കുന്നതാണ്. |
| 5 | അധിക സേവനങ്ങൾ | നാല് ലക്ഷം രൂപ | രണ്ട് ലക്ഷം രൂപ | അഗ്നിശമന ഉപകരണങ്ങൾ, ബാങ്ക്, സെക്യൂരിറ്റി, അടിയന്തിര ശുശ്രൂഷാ സഹായം, പോസ്റ്റ് ഓഫീസ്, യാത്രാ സംവിധാനം, ഉച്ചഭാഷിണി, ഗ്രൗണ്ട് റിപ്പയർ തുടങ്ങിയവ ഇതിൽപ്പെടും. കോളം 3,4 എന്നിവയിലെ തുകയോ, യഥാർത്ഥത്തിൽ ചെലവ് വരുന്ന തുകയോ ഏതാണോ കുറവ് അത് |

| | | | | |
|---|---|---|---|---|
| | | | | അനുവദിക്കുന്നതായിരിക്കും. |
| 6 | ഭരണപരമായ ചെലവുകൾ | 3 ലക്ഷം രൂപ | ഒരു ലക്ഷം രൂപ | കോളം 3,4 എന്നിവയിലെ തുകയുടെ 25 ശതമാനം, വർക്ക്ഷോപ്പ്, സെമിനാൽ തുടങ്ങിയവയ്ക്കും ബാക്കിയുളള 75 ശതമാനം മേള നടത്തുന്നതിനും അനുവദിക്കുന്നതാണ്. |
| 7 | തീം പവിലിയൻ | ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ | ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ | ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ അല്ലെങ്കിൽ യഥാർത്ഥ ചെലവ്, ഇവയിൽ ഏതാണോ കുറവ് അത് അനുവദിയ്ക്കുന്നതായിരിക്കും. |
| 8 | തീം പവിലിയനിലെ പ്രദർശനം | ഇരുപത്തി അയ്യായിരം രൂപ | ഇരുപത്തി അയ്യായിരം രൂപ | ഇരുപത്തി അയ്യായിരം രൂപ അല്ലെങ്കിൽ യഥാർത്ഥ ചെലവ്, ഇവയിൽ ഏതാണോ കുറവ് അത് അനുവദിയ്ക്കുന്ന തായിരിക്കം. |

. (7) പ്രദർശന മേളകളിലെ വീവേഴ്സ് സർവ്വീസ് സെന്ററിന്റെ തീം പവിലിയൻ

א രണ്ടാം ഖണ്ഡികയിലെ **(iii) (iv)** എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് 500 മുതൽ 2500 ചതുരശ്ര അടി വലിപ്പത്തിലുളള ഒരു തീം പവിലിയൻ, കൈത്തറി വികസന കമ്മീഷണറുടെ നിർദ്ദേശാനുസരണം എല്ലാ ദേശീയ കൈത്തറി മേളകളിലും നിർമ്മിയ്ക്കുന്നതാണ്.

(8) മേളകളിൽ നടത്തുന്ന വർക്ക്ഷോപ്പ്, സെമിനാർ, Buyer-seller meet കൾ തുടങ്ങിയവ.

(9) ദേശീയ കൈത്തറി മേള സംഘടിപ്പിക്കുന്നതോടൊപ്പം അതേ കാലയളവിൽ അതിനോടൊപ്പം തന്നെ വർക്ക് ഷോപ്പുകളോ, സെമിനാറുകളോ, **Buyer-seller meet** -കളോ നടത്താറുണ്ട്. കൈത്തറി ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിയ്ക്കുന്നതിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും വേണ്ടിയാണിത്. ഇതിനുളള പണം ഭരണപരമായ ചെലവുകളിൽ നിന്നും കണ്ടെത്താവുന്നതാണ്.

(9) പങ്കെടുക്കുന്നവരിൽ നിന്നും അഡ്വാൻസ്, ബാലൻസ്, മറ്റു തുകകൾ എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിയ്ക്കണം.

ദേശീയ കൈത്തറി മേള ആരംഭിക്കുന്നതിന് കുറഞ്ഞത് 2 മാസം മുൻപ് തന്നെ ആകെ വേണ്ടിവരുന്നതായി കണക്കാക്കപ്പെട്ടിട്ടുള്ള തുകയുടെ 50% മേളയുടെ നടത്തിപ്പുകാർക്ക് 'ഓൺ-അക്കൗണ്ട് ബേയിസ് ആയി' നേരിട്ട് അനുവദിയ്ക്കുന്നതാണ്. ബാക്കിയുള്ള 50% തുക മേള അവസാനിച്ചു കഴിഞ്ഞ്, ചാർട്ടേഡ് അക്കൗണ്ടന്റ്/സർക്കാർ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ വരവുചെലവ് കണക്കുകളും, നിർദ്ദിഷ്ട ഫാറത്തിലുള്ള അവസാന റിപ്പോർട്ടും കൈത്തറി ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചശേഷം അനുവദിക്കുന്നതാണ്. കണക്കുകൾ സെറ്റിൽ ചെയ്ത് കഴിയുമ്പോൾ ലാഭനഷ്ടങ്ങൾ ഉണ്ടാകാത്ത തരത്തിലായിരിയ്ക്കണം മേള നടത്തേണ്ടത്.

(10) സംസ്ഥാന സർക്കാരിന്റെ പങ്ക്.

എ. സംസ്ഥാന സർക്കാരുകൾ മേളകളിൽ പങ്കെടുക്കുന്നവർക്കും മേളകൾ നടത്തുന്നവർക്കും തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും നൽകേണ്ടതാണ്. വില്പനയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഏർപ്പെടുത്തുക, മതിയായ പ്രചരണം നൽകുക, കൈത്തറി ഉല്പന്നങ്ങൾ വിറ്റഴിയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ രീതികളിലൂടെ മേളയുടെ നടത്തിപ്പിൽ സഹായിക്കാവുന്നതാണ്.

ബി. ആതിഥേയ സംസ്ഥാനവും മേളയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേണ്ടതാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മതിയായ പ്രോത്സാഹനവും പ്രചരണവും നൽകേണ്ടതാണ്.

(11) പങ്കെടുക്കുന്നവരുടെ കടമകൾ

മേളയിൽ പങ്കെടുക്കുന്നവർ വിപണിയിൽ ഡിമാന്റ് ഉള്ള ഉല്പന്നങ്ങൾ നിർമ്മിയ്ക്കണം. ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം ഇൻസെന്റീവുകളും വിലക്കിഴിവും നൽകുന്നതിന് അവർക്ക് അധികാരമുണ്ടായിരിക്കും.

(12) അവസാന റിപ്പോർട്ട്

മേള അവസാനിച്ചശേഷം, നിർദ്ദിഷ്ട ഫോറം **NHE – FR** -ൽ അവസാന റിപ്പോർട്ട് നടത്തിപ്പുകാർ സമർപ്പിക്കേതാണ്. ഇതിൽ ആകെ വിസ്തീർണ്ണം, പങ്കെടുത്തവരുടെ എണ്ണം, വില്പനക്കണക്കുകൾ, അഭിപ്രായങ്ങൾ മുതലായവ അടങ്ങിയിരിക്കണം. (ഫാറം - **I NHE –FR** -ന്റെ മാതൃക ഇംഗ്ലീഷിലുളളത് - ഉളളടക്കം ചെയ്യുന്നു.)

മേള അവസാനിച്ചു കഴിഞ്ഞ് മൂന്നു മാസത്തിനുളളിൽ താഴെപ്പറയുന്ന രേഖകൾ നിർദ്ദിഷ്ട ഫാറത്തിൽ കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേതാണ്.

1. **End of Event Certificate**
2. **Audited Accounts (head-wise)**
3. **List of participants along with final report.**
4. **Utilisation certificate in the GFR – 19A**
5. **Performance-cum-achievement report**

**(13)** നിരീക്ഷണം

ദേശീയ കൈത്തറി മേള സംഘടിപ്പിയ്ക്കുന്നതിന്റെ അടിസ്ഥാന ചുമതല നടത്തിപ്പുക്കാർക്കായിരിക്കും. മേള നടക്കുന്ന സംസ്ഥാനത്തെ കൈത്തറി ഡയറക്ടർ, മേളയുടെ നടത്തിപ്പു വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേതാണ്. കൂടാതെ കൈത്തറി വികസന കമ്മീഷണറുടെ പ്രതിനിധിയും മേളയ്ക്കിടയിൽ പരിശോധന നടത്തുന്നതാണ്.

അനുബന്ധം - **II**

## വിപണന -കയറ്റുമതി പ്രോത്സാഹന പദ്ധതി

**ഘടക പദ്ധതി: പ്രത്യേക മേളകൾ (Special Expos)**

കൈത്തറി ഉല്പന്നങ്ങൾക്ക് വൈവിദ്ധ്യമാർന്ന വിപണി കണ്ടെത്തുന്നതിനായി ദേശീയ കൈത്തറി മേളകൾക്ക് പുറമേ, കൈത്തറി കമ്മീഷണറുടെ കാര്യാലയം, പ്രത്യേക മേളകളും നടത്താറുണ്ട്. ഇത്തരം മേളകൾ ദേശീയ തലത്തിലും പ്രാദേശിക തലത്തിലും, സംസ്ഥാന തലത്തിലും സംഘടിപ്പിയ്ക്കാറുണ്ട്. ദേശീയ തല സ്പെഷ്യൽ മേളകളിൽ പ്രാധാന്യം നൽകുന്നത് കമ്പിളി, സിൽക്ക് തുടങ്ങിയ നാരുകളാൽ നിർമ്മിതമായ സാരികൾ, ഗൃഹോപയോഗ തുണിത്തരങ്ങൾ എന്നിവയ്ക്കാണ്. പ്രാദേശിക തല മേളകളിൽ പ്രധാനമായും പ്രമുഖ്യം നൽകി പ്രദർശിപ്പി യ്ക്കുന്നത് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ കൈത്തറി ഉല്പന്നങ്ങൾക്കായിരിക്കും. സ്പെഷ്യൽ മേളകൾ 2 മുതൽ 3 ആഴ്ചകൾ വരെ നീണ്ടു നിൽക്കുന്നതായിരിക്കും. ഇതു കൂടാതെ ദില്ലിയിലെ പ്രഗതി മൈതാനത്ത് **IITF** - നടക്കുന്ന സമയത്ത് **ACASH** ഒരു സ്പെഷ്യൽ മേള കൂടി സംഘടിപ്പിക്കുന്നതാണ്.

1. *പങ്കെടുക്കാൻ അർഹതയുള്ളവർ:-*

**(i)** എല്ലാ തലങ്ങളിലുമുള്ള കൈത്തറി അപ്പക്സ് കോ-ഓപ്പറേറ്റീവ്സ്, കോർപ്പറേഷനുകൾ/ ഫെഡറേഷനുകൾ മറ്റ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ.

**(ii)** **CAPART** -ന്റെ മാർഗ്ഗ രേഖകൾക്കനുസൃതമായി കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാതിതര സംഘടനകളും.

**(iii)** കൈത്തറി ഉല്പന്നങ്ങൾ നിർമ്മിക്കുന്ന എല്ലാ സ്വയം സഹായ സംഘങ്ങളും

## പ്രത്യേക മേളകൾക്കുള്ള ധനസഹായം.

**(i)** ദേശീയതലത്തിലുള്ള സ്പെഷ്യൽ മേള

ദേശീയ തല കൈത്തറി കോർപ്പറേഷനുകൾ/ഫെഡറേഷനുകൾ/അപ്പക്സ് സൊസൈറ്റികൾ, **NHDC, ACASH** പോലുള്ള ദേശീയ കൈത്തറി സംഘടനകൾ എന്നിവരും സംസ്ഥാന സർക്കാരുകൾ മറ്റ് ഏജൻസികളുടെ സഹായത്തോടെ നേരിട്ടും, ദേശീയ തല സ്പെഷ്യൽ മേളകൾ സംഘടിപ്പിക്കുമ്പോൾ, അവയ്ക്ക് പരമാവധി 20 ലക്ഷം രൂപ അല്ലെങ്കിൽ യഥാർത്ഥ ചെലവ് ഇവയിൽ ഏതാണോ കുറവ് അത്രയും തുക ധനസഹായമായി നടത്തിപ്പുകാർക്ക് അനുവദിയ്ക്കുന്നതാണ്. ഇത്തരം മേളകളിൽ കുറഞ്ഞത് 40 സ്റ്റാളുകൾ/പങ്കെടുക്കുന്നവർഉണ്ടായിരിക്കേണ്ടതാണ്.

ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| എ) | സ്റ്റാൾ വാടക/വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള ആന്തരിക സജ്ജീകരണങ്ങൾ | - | 10 ലക്ഷം രൂപ |
| ബി) | ബാക്ക് അപ്പ് സേവനങ്ങൾ | - | 2 ലക്ഷം രൂപ |
| സി) | പ്രചാരണം | - | 5 ലക്ഷം രൂപ |
| ഡി) | തീം പ്രദർശനം | - | ഒന്നരലക്ഷം രൂപ |
| (ഇ) | നടത്തിപ്പു ചെലവുകൾ | - | ഒന്നരലക്ഷം രൂപ |

----------------

-20 ലക്ഷം രൂപ

============

**(iii)** സംസ്ഥാനതല സ്പെഷ്യൽ മേളകൾ

(1) അതാത് സംസ്ഥാനങ്ങളിലെ കൈത്തറി ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാരോ/സർക്കാർ ഏജൻസിയോ/ അപ്പക്സ് സൊസൈറ്റിയോ/ഫെഡറേഷനോ സ്വന്തം സംസ്ഥാനത്തോ മറ്റു സംസ്ഥാനങ്ങളിലോ നടത്തുന്ന ഇത്തരം മേളകളിൽ കുറഞ്ഞത് 25 സ്റ്റാളുകൾ/പങ്കെടുക്കുന്നവർ ഉായിരിക്കേണ്ടതാണ്. പരമാവധി 8 ലക്ഷം രൂപ അല്ലെങ്കിൽ യഥാർത്ഥ ചെലവ് ഇവയിൽ ഏതാണോ കുറവ് അത്രയും തുക ധനസഹായമായി അനുവദിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റാൾ വാടക/വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള
ആന്തരിക സജ്ജീകരണങ്ങൾ - 6 ലക്ഷം രൂപ
ബി) പ്രചാരണം - 2 ലക്ഷം രൂപ
ആകെ തുക - **8 ലക്ഷം രൂപ**
============

**(2)** വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാന സർക്കാരുകളോ സർക്കാർ ഏജൻസിയോ സ്പെഷ്യൽ മേളകൾ നടത്തുന്നതാണ്. അവിടത്തെ പ്രത്യേകമായ ദുർഘടം പിടിച്ച ഭൂപ്രകൃതിയുടെ പ്രത്യേകമായ പശ്ചാത്തലത്തിൽ 10 ലക്ഷം രൂപയോ യഥാർത്ഥ ചെലവ് എത്ര വരുന്നോ ഇവയിൽ ഏതാണോ കുറവ് അത്രയും തുക ധനസഹായമായി അനുവദിക്കുന്നതാണ്. കുറഞ്ഞത് 20 സ്റ്റാളുകൾ/പങ്കെടുക്കുന്നവരെങ്കിലും ഉണ്ടായിരിക്കണം. ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റാൾ വാടക/വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള
ആന്തരിക സജ്ജീകരണങ്ങൾ - 8 ലക്ഷം രൂപ
ബി) പ്രചാരണം - 2 ലക്ഷം രൂപ
ആകെ തുക - **10 ലക്ഷം രൂപ**
============

**(iv)** <u>ന്യൂ ഡൽഹിയിലെ ഐ.ഐ.റ്റി.എഫ് നിടയിലെ സ്പെഷ്യൽ മേള</u>

ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് ഇൻഡ്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിനിടയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഏജൻസികളെ പങ്കെടുപ്പിച്ചുകൊണ്ട് ന്യൂഡൽഹിയിലെ **ACASH** (അസോസിയേഷൻ ഓഫ് കോർപ്പറേഷൻസ് ആന്റ് അപ്പക്സ് സൊസൈറ്റീസ് ഓഫ് ഹാന്റ്ലൂംസ്) സംഘടിപ്പിക്കുന്നതാണ്. കുറഞ്ഞപക്ഷം 35 സ്റ്റാളുകൾ/ പങ്കെടുക്കുന്നവർ ഉായിരിക്കേതാണ്. ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) സ്റ്റാൾ വാടക/വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള
ആന്തരിക സജ്ജീകരണങ്ങൾ - 5 ലക്ഷം രൂപ
ബി) പ്രചാരണം - 1 ലക്ഷം രൂപ
ആകെ തുക - **6 ലക്ഷം രൂപ**
============

മേൽ സൂചിപ്പിച്ച പ്രകാരം പരമാവധി 6 ലക്ഷം രൂപ അല്ലെങ്കിൽ യഥാർത്ഥ ചെലവ് എത്രയാണോ ഇതിൽ ഏതാണോ കുറവ് അത്രുയം തുക അനുവദിക്കുന്നതാണ്.

(2) പങ്കെടുക്കുന്നവരിൽ നിന്നും അഡ്വാൻസ്, ബാലൻസ്, മറ്റു തുകകൾ എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിയ്ക്കണം.

സ്പെഷ്യൽ കൈത്തറി മേള ആരംഭിക്കുന്നതിന് കുറഞ്ഞത് 2 മാസം മുൻപ് തന്നെ ആകെ വേണ്ടിവരുന്നതായി കണക്കാക്കപ്പെട്ടിട്ടുള്ള തുകയുടെ 50% മേളയുടെ നടത്തിപ്പുകാർക്ക് 'ഓൺ-അക്കൗണ്ട് ബേസിസ് ആയി' നേരിട്ട് അനുവദിയ്ക്കുന്നതാണ്. ബാക്കിയുള്ള 50% തുക മേള അവസാനിച്ചു കഴിഞ്ഞ്, ചാർട്ടേഡ് അക്കൗണ്ടന്റ്/സർക്കാർ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ വരവുചെലവ് കണക്കുകളും, നിർദ്ദിഷ്ട ഫാറത്തിലുള്ള അവസാന റിപ്പോർട്ടും കൈത്തറി ഡയറക്ടർ മുഖാന്തിരം സമർപ്പിച്ചശേഷം അനുവദിക്കുന്നതാണ്. കണക്കുകൾ സെറ്റിൽ ചെയ്ത് കഴിയുമ്പോൾ ലാഭനഷ്ടങ്ങൾ ഉണ്ടാകാത്ത തരത്തിലായിരിയ്ക്കണം മേള നടത്തേത്.

(3) സംസ്ഥാന സർക്കാരിന്റെ പങ്ക്.

എ. സംസ്ഥാന സർക്കാരുകൾ മേളകളിൽ പങ്കെടുക്കുന്നവർക്കും മേളകൾ നടത്തുന്നവർക്കും തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും നൽകേണ്ടതാണ്. വില്പനയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഏർപ്പെടുത്തുക, മതിയായ പ്രചരണ നൽകുക, കൈത്തറി ഉല്പന്നങ്ങൾ വിറ്റഴിയ്ക്കുന്നത് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ രീതികളിലൂടെ മേളയുടെ നടത്തിപ്പിൽ സഹായിക്കാവുന്നതാണ്.

ബി. ആതിഥേയ സംസ്ഥാനവും മേളയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേണ്ടതാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മതിയായ പ്രോത്സാഹനവും പ്രചരണവും നൽകേണ്ടതാണ്.

(4) പങ്കെടുക്കുന്നവരുടെ കടമകൾ

മേളയിൽ പങ്കെടുക്കുന്നവർ വിപണിയിൽ ഡിമാന്റ് ഉള്ള ഉല്പന്നങ്ങൾ നിർമ്മിയ്ക്കണം. ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം ഇൻസെന്റീവുകളും വിലക്കിഴിവും നൽകുന്നതിന് അവർക്ക് അധികാരമുണ്ടായിരിക്കും.

(5) അവസാന റിപ്പോർട്ട്

മേള അവസാനിച്ചശേഷം, നിർദ്ദിഷ്ട ഫോറം **SHE – FR** -ൽ അവസാന റിപ്പോർട്ട് നടത്തിപ്പുകാർ സമർപ്പിക്കേതാണ്. ഇതിൽ ആകെ വിസ്തീർണ്ണം, പങ്കെടുത്തവരുടെ എണ്ണം, വില്പനക്കണക്കുകൾ, അഭിപ്രായങ്ങൾ മുതലായവ അടങ്ങിയിരിക്കണം

മേള അവസാനിച്ചു കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ താഴെപ്പറയുന്ന രേഖകൾ നിർദ്ദിഷ്ട ഫാറത്തിൽ കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

1. **End of Event Certificate**
2. **Audited Accounts (head-wise)**
3. **List of participants along with final report.**
4. **Utilisation certificate in the GFR – 19A**
5. **Performance-cum-achievement report**

**(6)** നിരീക്ഷണം

സ്പെഷ്യൽ കൈത്തറി മേള സംഘടിപ്പിയ്ക്കുന്നതിന്റെ അടിസ്ഥാന ചുമതല നടത്തിപ്പുകാർക്കായിരിക്കും. മേള നടക്കുന്ന സംസ്ഥാനത്തെ കൈത്തറി ഡയറക്ടർ, മേളയുടെ നടത്തിപ്പു വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ കൈത്തറി വികസന കമ്മീഷണറുടെ പ്രതിനിധിയും മേളയ്ക്കിടയിൽ പരിശോധന നടത്തുന്നതാണ്.

അനുബന്ധം - **III.**

## ജില്ലാതല മേളകൾ (District Level Events)

(1) ജില്ലാ തല മേളകൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 5 മുതൽ 7 ദിവസം വരെ കാലയളവിൽ സംഘടിപ്പിക്കപ്പെടുന്നു. ഓരോ മേളയിലും കുറഞ്ഞത് 20 ഏജൻസികളെങ്കിലും പങ്കെടുക്കണം. പ്രധാന ഉത്സവങ്ങളോ ആഘോഷങ്ങളോ ഉള്ള അവസരങ്ങളിലാണ് സാധാരണയായി ഇത്തരം മേളകൾ സംഘടിപ്പിക്കാറുള്ളത്. നെയ്ത്തുകാരുടെ പക്കൽ വിറ്റഴിയാതെ കുമിഞ്ഞു കൂടിക്കിടക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിയ്ക്കുന്നതിന് അവരെ സഹായിക്കുന്നതിനാണ് ഇത്തരം മേളകൾ സംഘടിപ്പിക്കുന്നത്. ഈ മേളകൾ ചുരുങ്ങിയ കാലയളവിൽ സംഘടിപ്പിക്കുന്നതിനാൽ, കൈത്തറി സംഘങ്ങൾ ഇവയിൽ പങ്കെടുക്കുന്നതിനും ഉല്പന്നങ്ങൾ കൂടുതലായി വിറ്റഴിയ്ക്കുന്നതിനും അതിയായ താല്പര്യം കാട്ടിവരുന്നു. ഇത്തരം മേളകൾ സംഘടിപ്പിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങളും ധനസഹായം സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

(2). **നടത്തിപ്പുകാരായ ഏജൻസികൾ**

എ. അതാത് സംസ്ഥാനങ്ങളിലെയും / കേന്ദ്രഭരണ പ്രദേശങ്ങളിലെയും കൈത്തറി ഡയറക്ടർമാർ

ബി. സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനുകൾ

സി. സംസ്ഥാനതല കൈത്തറി സഹകരണ ഫെഡറേഷനുകൾ/അപ്പക്സ് സംഘങ്ങൾ.

ഡി. ജില്ലാ ഗ്രാമവികസന ഏജൻസികൾ

ഇ. വീവേഴ്സ് സർവ്വീസ് സെന്ററുകൾ

എഫ്. കൈത്തറി വികസന കമ്മീഷണറുടെ കീഴിലുള്ള സംയോജിത കൈത്തറി വികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന നടത്തിപ്പുകാർ.

(3) ധനസഹായം

ഇത്തരം മേളകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായമായി കേന്ദ്ര സർക്കാർ പരമാവധി 2 ലക്ഷം രൂപ ധനസഹായമായി നൽകുന്നതാണ്.

എ) ആന്തരിക സജ്ജീകരണങ്ങൾ- ഒന്നര ലക്ഷം രൂപയിൽ കവിയാതെ

ബി) പ്രചാരണം - പരമാവധി 50,000 രൂപയിൽ കവിയാതെ

ആകെ തുക - 2 ലക്ഷം രൂപ

============

ഇത് കൂടാതെ, മേളയുടെ നടത്തിപ്പിനിടയിൽ പരിശോധനയ്ക്കായി നിയമിച്ചിട്ടുള്ള ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്ററിന് 2500/- രൂപ അനുവദിക്കുന്നതായിരിക്കും.

(4) മേളകൾക്കായി അനുവദിക്കുന്ന അഡ്വാൻസ് തുക

മേള സംഘടിപ്പിക്കുന്നതിനാവശ്യമായി വരുന്ന തുക കണക്കാക്കി പ്രസ്തുത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ 50% തുക അനുവദിക്കുന്നതിനായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള **DLE-I** ഫാറം പൂരിപ്പിച്ച് കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേതാണ്. മേള അവസാനിച്ചു കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ ചാർട്ടേഡ് അക്കൗണ്ട്/സർക്കാർ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ വരവ് ചെലവ് കണക്കുകളും, നിർദ്ദിഷ്ട ഫാറം **DLE-II** യിൽ ഉള്ള പ്രകാരമുള്ള അവലോകന റിപ്പോർട്ടും കൈത്തറി ഡയറക്ടർ മുഖാന്തിരം സമർപ്പിക്കുന്ന പക്ഷം ബാക്കിയുള്ള തുക കൂടി അനുവദിക്കുന്നതാണ്.

(5) മേളയുടെ പ്രചാരണം

ബാനറുകൾ, ലഘുലേഖകൾ എന്നിവയ്ക്കു പുറമേ, പത്രപരസ്യങ്ങളിലൂടെയും മേളകൾക്ക് പ്രചാരണം നൽകേതാണ്. ഇവയിലെല്ലാം കൈത്തറി വികസന കമ്മീഷണറുടെ കാര്യാലയമാണ് മേളയുടെ പ്രായോജകൻ എന്ന് രേഖപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

എല്ലാ പരസ്യങ്ങളിലും, ലഘുലേഖകളിലും, ബാനറുകളിലും, പോസ്റ്ററുകളിലും, ക്ഷണക്കത്തുകളിലും മറ്റ് പ്രചാരണ മാദ്ധ്യമങ്ങളിലും, മേളയുടെ പ്രായോജകൻ കൈത്തറി വികസന കമ്മീഷണർ, കേന്ദ്ര വസ്ത്ര മന്ത്രാലയം ആണ് എന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മേളയുടെ ഉദ്ഘാടനത്തിന് കുറഞ്ഞത് 15 ദിവസം മുൻപ് തന്നെ ക്ഷണക്കത്ത് കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേതാണ്.

(6) മേള നടക്കുന്ന നിർദ്ദിഷ്ട സ്ഥലത്തിന്റെ വാടക

ജലം, വൈദ്യുതി എന്നിവയ്ക്കായി ചെലവ് വരുന്ന തുകയും കൂടി മേള നടക്കുന്ന നിർദ്ദിഷ്ട സ്ഥലത്തിന്റെ വാടകയിനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. വരവ് ചെലവ് കണക്കുകൾ സമർപ്പിയ്ക്കുന്നതോടൊപ്പം വാടകയും വൈദ്യുതി ചാർജും ഒടുക്കിയ രസീതിന്റെ പകർപ്പുകളും കൂടി സമർപ്പിക്കേണ്ടതാണ്.

(7) സംസ്ഥാന സർക്കാരിന്റെ പങ്ക്

എ. സംസ്ഥാന സർക്കാരുകൾ മേളകളിൽ പങ്കെടുക്കുന്നവർക്കും മേളകൾ നടത്തുന്നവർക്കും തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും നൽകേതാണ്. വില്പനയ്ക്ക് സ്പെഷ്യൽ റിബേറ്റ് ഏർപ്പെടുത്തുക, മതിയായ പ്രചരണം നൽകുക, കൈത്തറി ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് പ്രോത്സാഹിപ്പിക്കുക തുടങ്ങിയ രീതികളിലൂടെ മേളയുടെ നടത്തിപ്പിൽ സഹായിക്കാവുന്നതാണ്.

ബി. ആതിഥേയ സംസ്ഥാനവും മേളയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേ ണ്ടതാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മതിയായ പ്രോത്സാഹനവും പ്രചരണവും നൽകേണ്ടതാണ്.

(8) പങ്കെടുക്കുന്നവരുടെ കടമകൾ

മേളയിൽ പങ്കെടുക്കുന്നവർ വിപണിയിൽ ഡിമാന്റ് ഉള്ള ഉല്പന്നങ്ങൾ നിർമ്മിയ്ക്കണം.

(9) അവസാന റിപ്പോർട്ട്

മേള അവസാനിച്ചശേഷം, നിർദ്ദിഷ്ട ഫോറം **DLE – II** -ൽ അവസാന റിപ്പോർട്ട് നടത്തിപ്പുകാർ സമർപ്പിക്കേണ്ടതാണ്. ഇതിൽ

ആകെ വിസ്തീർണ്ണം, പങ്കെടുത്തവരുടെ എണ്ണം, വില്പനക്കണക്കുകൾ, അഭിപ്രായങ്ങൾ മുതലായവ അടങ്ങിയിരിക്കണം.

മേള അവസാനിച്ചു കഴിഞ്ഞ് മൂന്നു മാസത്തിനുള്ളിൽ താഴെപ്പറയുന്ന രേഖകൾ നിർദ്ദിഷ്ട ഫാറത്തിൽ കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിയ്ക്കേതാണ്.

1. **End of Event Certificate**
2. **Audited Accounts (head-wise)**
3. **List of participants along with final report.**
4. **Utilisation certificate in the GFR – 19A**
5. **Performance-cum-achievement report**

**(DLE Form I, DLE Form II, End of Event Certificate** എന്നിവയുടെ മാതൃക - **www.handlooms.nic.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഘടകം: <u>ക്രാഫ്റ്റ് മേളകൾ</u>

*<u>വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ</u>*

(1) മേളകളിൽ യഥാർത്ഥ നെയ്ത്തുകാർക്ക് പങ്കെടുക്കാൻ അവസര മൊരുക്കുന്നതിനും, ഒരിക്കൽ പങ്കെടുത്തവർ തന്നെ തുടരെ തുടരെ മറ്റ് മേളകളിൽ പങ്കെടുക്കുന്നത് തടയുന്നതിനുമായി, നെയ്ത്തുകാരെ മേളകളിലേയ്ക്ക് തെരഞ്ഞെടുക്കുമ്പോൾ ഒരു ചിട്ടയായ നടപടിക്രമം പാലിയ്ക്കേ ണ്ടതാണ്. ഇത്തരത്തിൽ കൈത്തറി ഉല്പന്നങ്ങളുടെ വിതരണക്കാർ മാത്രമായവരും കൈത്തറി ഇതര ഉല്പന്നങ്ങൾ വില്പന നടത്തുന്നവരും മറ്റും മേളകളിൽ പങ്കെടുക്കാൻ ഇടയായ സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് നാം ഓർക്കേണ്ടതു്. പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ക്രാഫ്റ്റ് മേളകൾ സംഘടിപ്പിയ്ക്കുമ്പോൾ താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിയ്ക്കേണ്ടതുണ്ട്.

(2) <u>പങ്കെടുക്കുന്നവരെ തെരെഞ്ഞടുക്കുമ്പോൾ പാലിയ്ക്കേണ്ട നടപടി ക്രമങ്ങൾ</u>

(i) ക്രാഫ്റ്റ് മേളകളിൽ പങ്കെടുക്കുന്നതിനായി നെയ്ത്തുകാരുടെ പേരുകൾ ശുപാർശ ചെയ്യുമ്പോൾ ബന്ധപ്പെട്ട അധികാരികൾ താഴെ സൂചിപ്പിച്ചിട്ടുളള വസ്തുതകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(എ) നെയ്ത്തുകാരും/ക്രാഫ്റ്റ്മാനും ബയോഡേറ്റയിൽ രേഖപ്പെടുത്തി യിരിക്കുന്ന പേര്, മേൽവിലാസം, തൊഴിൽമേഖല എന്നിവ നിർവ്യാജമാണെന്നും

(ബി) നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുളളവരെല്ലാം യഥാർത്ഥ നെയ്ത്തുകാർ തന്നെയാണെന്നും അല്ലാതെ കച്ചവടക്കാരോ/ഇടനിലക്കാരോ അല്ലെന്നും സാക്ഷ്യപ്പെടുത്തേതാണ്.

(i) വീവേഴ്സ് സർവ്വീസ് സെന്ററുകൾ, കൈത്തറി വസ്ത്ര ഡയറക്ടർമാർ, അപ്പക്സ് സൊസൈറ്റികളുടെ മാനേജിംഗ് ഡ.യറക്ടർമാർ, കോർപ്പറേഷനുകളുടെയും ഫെഡറേഷനുകളുടെയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ വിവിധ ക്രാഫ്റ്റുകളിൽ ഏർപ്പെട്ടിരിക്കുന്ന

അല്ലെങ്കിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നെയ്ത്തുകാർക്കിടയിൽ സർവ്വേ നടത്തിയും അവരുടെ പക്കലുളള പേരുവിവര പട്ടിക രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയും അർഹരായവരെ തെരെഞ്ഞടുക്കേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കപ്പെട്ട നെയ്ത്തുകാരുടെ പട്ടികയിൽ നിന്നും സർക്കാർ ധനസഹായം ആവശ്യമായ നെയ്ത്തുകാരെയും ക്രാഫ്റ്റ് മേളകളിൽ ലഭിക്കുന്ന ഓർഡറുകളുടെ അടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് നൽകാൻ കഴിവുളള നെയ്ത്തുകാരെയും തെരെഞ്ഞടുത്ത് ഇവരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ടതാണ്. ചുരുക്കപ്പട്ടികയിൽ 20 മുതൽ 30 വരെ നെയ്ത്തുകാരുടെ പേരുകൾ അടങ്ങിയിരിക്കേണ്ടതാണ്. കൂടാതെ ഇതോടൊപ്പം ഇവരുടെ ഏറ്റവും പുതിയ ഫോട്ടോകൾ പതിച്ച ബയോഡേറ്റയും ഉണ്ടായിരിക്കണം. ഇതോടൊപ്പം ഉളളടക്കം ചെയ്തിട്ടുളള നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ ബയോഡേറ്റ സംസ്ഥാന സർക്കാരിന്റെ കൈത്തറി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തലത്തിൽ കുറയാത്ത ഉദ്യോഗസ്ഥനോ, വീവേഴ്സ് സർവ്വീസ് സെന്ററിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനോ, അപ്പക്സ് സൊസൈറ്റികൾ/ കോർപ്പറേഷനുകൾ ഫെഡറേഷനുകൾ എന്നിവയുടെ വിപണന വിഭാഗത്തിന്റെ തലവനോ സാക്ഷ്യപ്പെടുത്തി സമർപ്പിയ്ക്കേതാണ്. ബയോഡേറ്റയിൽ നെയ്ത്തുകാരുടെ പൂർണ്ണമായ മേൽവിലാസം അവർ പ്രവർത്തിക്കുന്ന മേഖല എന്നിവ പൂരിപ്പിച്ചിരിക്കണം.

(iii) വിവിധ ക്രാഫ്റ്റ് മേളകളിൽ പങ്കെടുക്കുന്നതിനായി തെരെഞ്ഞടുക്കപ്പെടുന്ന എല്ലാ നെയ്ത്തുകാർക്കും അതാത് വീവേഴ്സ് സർവ്വീസ് സെന്ററുകൾ തിരിച്ചറിയൽ കാർഡുകൾ നൽകിയിരിക്കണം. ഇത് ആൾമാറാട്ടം തടയുന്നതിന് സഹായകരമായിരിക്കും. നെയ്ത്തുകാരുടെ ബന്ധപ്പെട്ട പരിസരത്ത് വീവേഴ്സ് സർവ്വീസ് സെന്റർ ഇല്ലാത്തപക്ഷം ബന്ധപ്പെട്ട കൈത്തറി വസ്ത്ര ഡയറക്ടർക്കോ കരകൗശലത്തിന്റെ ചുമതലയുളള സംസ്ഥാനതല ഉദ്യോഗസ്ഥനോ തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിന് അധികാരമുായിരിക്കും. ബയോഡേറ്റയിൽ സൂചിപ്പിച്ചിട്ടുളള ഉല്പന്നങ്ങൾ മാത്രമേ നെയ്ത്തുകാർ വിറ്റഴിയ്ക്കാൻ പാടുളളൂ. ഇത് ലംഘിക്കുന്ന നെയ്ത്തുകാർക്കെതിരെ കർശന നടപടിയെടുക്കുകയും അവരെ ഭാവിയിൽ മറ്റ് മേളകളിലൊന്നും തന്നെ പങ്കെടുപ്പിക്കാതിരിക്കുകയും ചെയ്യുന്നതാണ്.

(**iv**) കൈത്തറി വികസന കമ്മീഷണറിൽ നിന്നോ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനത്തിൽ നിന്നോ ധനസഹായം ലഭിക്കുന്ന ഏതെങ്കിലും നെയ്ത്തു സംഘത്തിലെയോ സ്ഥാപനത്തിലെയോ ഔദ്യോഗിക ചുമതല വഹിയ്ക്കുന്ന നെയ്ത്തുകാരനെയോ/സന്നദ്ധ സംഘടനകളിലെ അംഗങ്ങളെയോ അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന സർക്കാർ/ കോർപ്പറേഷനുകളിലെ ജീവനക്കാരെയോ അല്ലെങ്കിൽ കൈത്തറി വികസന കമ്മീഷണറുടെ കാര്യാലയത്തിലെയോ ഉപകാര്യാലയങ്ങളിലെയോ ഏതെങ്കിലും ജീവനക്കാരുമായി ബന്ധമുളള നെയ്ത്തുകാരെയോ ക്രാഫ്റ്റ് മേളകളിൽ പങ്കെടുപ്പിക്കണമെങ്കിൽ കൈത്തറി വികസന കമ്മീഷണറുടെ മുൻകൂർ അനുമതി ഉായിരിക്കേതാണ്.

(**v**) വനിതാ നെയ്ത്തുകാരുടെയും പട്ടിക ജാതി/പട്ടിക വർഗ്ഗ/ മറ്റുപിന്നോക്ക സമുദായ/ ന്യൂനപക്ഷ സമുദായ നെയ്ത്തുകാരുടെയും അർഹമായ പ്രാതിനിധ്യം മേളകളിൽ ഉറപ്പുവരുത്തേണ്ടതാണ്. മുൻകാലങ്ങളിലെപ്പോലെ ദേശീയ/ സംസ്ഥാന തല അവാർഡ് ജേതാക്കളെ പരമാവധി ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ഇനത്തിനും അർഹമായ പ്രാതിനിധ്യമുണ്ടന്നെ് ഉറപ്പു വരുത്തേണ്ടതുണ്ട്. ഓരോ മേളയിലും ഒരു സംസ്ഥാനത്ത് നിന്ന് ഒരിനത്തിന് പരമാവധി മൂന്നു പേരിൽ കൂടുതൽ നാമനിർദ്ദേശം ചെയ്യപ്പെടുവാൻ പാടുളളതല്ല. കൂടാതെ ഇവരിൽ പരമാവധി 2 പേരിൽ കൂടുതൽ തെരഞ്ഞെടുക്കപ്പെടാനും പാടില്ല. നാമാവശേഷമായി കൊണ്ടിരിക്കുന്നതും കുറെശ്ശയായി അപ്രത്യക്ഷമായി കൊണ്ടി രിക്കുന്നതുമായ ക്രാഫ്റ്റുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും അവ ചൂണ്ടി ക്കാണിക്കപ്പെട്ടു കൊണ്ടുളളതുമായിരിക്കണം തയ്യാറാക്കുന്ന പട്ടിക തുടർച്ചയായി രണ്ട് മുൻമേളകളിൽ പങ്കെടുത്ത നെയ്ത്തുകാരെയും തുടക്കം മുതൽ ആകെ 3 മേളകളിൽ പങ്കെടുത്തിട്ടുളള നെയ്ത്തുകാരെയും തുടർന്നുളള മേളകളിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കാവുന്നതല്ല.

(**vi**) മേളയിൽ പങ്കെടുക്കുന്ന എല്ലാ ക്രാഫ്റ്റ് വിദഗ്ധരും/ നെയ്ത്തുകാരും എന്നും രാവിലെ 10 മണിമുതൽ 5 മണി വരെ അവരവരുടെ കരവിരുതുകൾ പ്രദർശിപ്പിയ്ക്കേതിനാൽ മേളയിൽ പങ്കെടുക്കാൻ എത്തുമ്പോൾ തന്നെ തങ്ങളുടെ പണിയായുധങ്ങൾ, തറികൾ എന്നിവ കൊണ്ടുവരേതാണ്. എന്തെങ്കിലും കാരണവശാൽ നെയ്ത്തുകാർക്കോ /ക്രാഫ്റ്റ് വിദഗ്ധർക്കോ ഇത്തരം പ്രദർശനം നടത്താൻ സാധ്യമാകാതെ

വരുന്ന പക്ഷം അവരെ സ്റ്റാളുകളിൽ നിന്നും ഒഴിഞ്ഞുപോകാൻ ഉടനടി ആവശ്യപ്പെടുന്നതാണ്.

**(vii)** തുടർന്ന് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതാണ്.

**(viii)** ശുപാർശ ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ (അസിസ്റ്റന്റ് ഡയറക്ടറുടെ തലത്തിൽ നെയ്ത്തുകാരിൽ/കരകൗശല വിദഗ്ധരിൽ നിന്നും ഒരു സമ്മതപത്രം വാങ്ങി ക്രാഫ്റ്റ് മേളയുടെ ഫോറത്തിൽ കൂട്ടിച്ചേർക്കേണ്ടതാണ്.

## നിർവ്വഹണ ഏജൻസി

ക്രാഫ്റ്റ് മേളകൾ നടക്കുന്ന അതാത് സംസ്ഥാനങ്ങളിലെ നിശ്ചിത ഏജൻസികളാണ് മേള നടത്തേണ്ടത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**(i)** സുരജ്കുണ്ട മേള - സുരജ് കുണ്ട് മേള അതോറിറ്റി, ഹരിയാനാ സർക്കാർ.

**(ii)** ശില്പഗ്രാം - ശില്പഗ്രാം മേള അതോറിറ്റി, വെസ്റ്റ് സോൺ കൾച്ചർ സെന്റർ, സാംസ്കാരിക വകുപ്പ്, രാജസ്ഥാൻ സർക്കാർ

**(iii)** ശില്പരാമം - നിശ്ചിത ഏജൻസി, ആന്ധ്രാ സർക്കാർ

**(iv)** താജ് മഹോത്സവം - താജ് മഹോത്സവ സമിതി, വിനോദ സഞ്ചാര വകുപ്പ്, ഉത്തർ പ്രദേശ് സർക്കാർ

**(v)** ശില്പഗ്രാം - നിശ്ചിത ഏജൻസി, മദ്ധ്യപ്രദേശ് സർക്കാർ

**(vi)** സോണൽ ക്രാഫ്റ്റ് മേള - നിശ്ചിത ഏജൻസി, ഒറീസാ സർക്കാർ

**(vii)** സോണൽക്രാഫ്റ്റ് മേള - നിശ്ചിത ഏജൻസി, മഹാരാഷ്ട്ര സർക്കാർ

**(viii)** സോണൽ ക്രാഫ്റ്റമേള - നിശ്ചിതഏജൻസി,ആന്ധ്രാപ്രദേശ് സർക്കാർ

(4) ധനസഹായത്തിന്റെ തോത്

മേളയുടെ നിർവ്വഹണ ഏജൻസിക്ക് ആന്തരിക സജ്ജീകരണങ്ങൾക്കും പ്രചരണത്തിനുമായി പരമാവധി 10 ലക്ഷം രൂപ കേന്ദ്ര സർക്കാർ ധനസഹായമായി അനുവദിക്കുന്നതാണ്.

(5) ക്രാഫ്റ്റ് മേളകൾക്കുള്ള അഡ്വാൻസ് തുക

ക്രാഫ്റ്റ് മേള ആരംഭിക്കുന്നതിന് കുറഞ്ഞത് 2 മാസം മുൻപ് തന്നെ ആകെ വേണ്ടിവരുന്നതായി കണക്കാക്കപ്പെട്ടിട്ടുള്ള തുകയുടെ

50% മേളയുടെ നടത്തിപ്പുകാർക്ക് ' **on-account-basis**' ആയി നേരിട്ട് അനുവദിക്കുന്നതാണ്. ബാക്കിയുളള തുക മേള അവസാനിച്ചുകഴിഞ്ഞ്, ചാർട്ടേഡ് അക്കൗണ്ട്/സർക്കാർ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ വരവ് ചെലവ് കണക്കുകൾ, ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(6) സംസ്ഥാന സർക്കാരിന്റെ പങ്ക്.

എ. സംസ്ഥാന സർക്കാരുകൾ മേളകളിൽ പങ്കെടുക്കുന്നവർക്കും മേളകൾ നടത്തുന്നവർക്കും തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും നൽകേണ്ടതാണ്. കൈത്തറി ഉല്പന്നങ്ങളുടെ കച്ചവടത്തിന് ഉതകുംവിധം ധനസഹായവും പ്രചരണ പ്രവർത്തനങ്ങളും നടത്തേണ്ടതുമാണ്.

ബി ആതിഥേയ സംസ്ഥാനങ്ങളും മേളയുടെ നടത്തിപ്പിൽ പ്രധാന പങ്ക് വഹിക്കേതാണ്. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മതിയായ പ്രോത്സാഹനവും പ്രചരണവും നൽകേണ്ടതാണ്.

(7) പങ്കെടുക്കുന്നവരുടെ കടമകൾ

മേളയിൽ പങ്കെടുക്കുന്നവർ വിപണിയിൽ ഡിമാന്റ് ഉളള ഉല്പന്നങ്ങൾ നിർമ്മിയ്ക്കണം. ഉപഭോക്താക്കൾക്ക് ഇഷ്ടാനുസരണം ഇൻസെന്റീവുകൾ നൽകുന്നതിനും ബാധ്യസ്ഥരാണ്..

(8) അവസാന റിപ്പോർട്ട്

മേള അവസാനിച്ചശേഷം, നിർവ്വഹണ ഏജൻസി അവസാന റിപ്പോർട്ട് സമർപ്പിക്കേതാണ്. ഇതിൽ ആകെയുളള പങ്കെടുക്കുന്നവരുടെ എണ്ണം, വില്പനക്കണക്കുകൾ, ആന്തരിക സജ്ജീകരണങ്ങൾക്കും പ്രചരണങ്ങൾക്കും ചെലവായ തുക എന്നിവ ഉൾപ്പെടുത്തിയിരിക്കണം.

.
.

അനുബന്ധം - **V**

## വിപണനഃ- കയറ്റുമതി പ്രോത്സാഹന പദ്ധതി

### വിപണന പ്രോത്സാഹന പദ്ധതിയുടെ ഘടകംഃ- അർബൻ ഹാറ്റ്.

അർബൻ ഹാറ്റുമായി ബന്ധപ്പെട്ട സാമ്പത്തിക വിതരണത്തിന്റെ അവസ്ഥയെ വിവരിക്കുന്ന വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ

1. **ലക്ഷ്യംഃ**

പ്രധാനപ്പെട്ട പ്രദേശങ്ങളിൽ അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നതിനുളള പദ്ധതി 1997-98 ലാണ് ആരംഭിച്ചത്. ഇതിൽ പങ്കെടുക്കുന്ന കരകൗശല വിദഗ്ധർ/കൈത്തറി നെയ്ത്തുകാർ കരകൗശല വസ്തുക്കൾ/കൈത്തറി ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നു. ഇതുവഴി കരകൗശല വിദഗ്ധർക്ക്/നെയ്ത്തുകാർക്ക് മധ്യവർത്തികളെ ഒഴിവാക്കിക്കൊ് വിപണനം നടത്തുന്നതിനുളള ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാകുന്നു. ഇൻഡ്യയുടെ വിവിധ പ്രദേശങ്ങളിലുളള വിവിധതരം ഭക്ഷ്യോല്പന്നങ്ങൾ മുറപ്രകാരം വില്പന നടത്തുന്നതിനുളള സ്റ്റാളുകൾ കൂടി അർബൻ ഹാറ്റിൽ ഉണ്ടെന്നത് മറ്റൊരു സവിശേഷതയാണ്. ദില്ലി ഹാറ്റുമായി ബന്ധപ്പെട്ട്, ആഭ്യന്തര-അന്താരാഷ്ട്ര വിനോദ സഞ്ചാരികൾക്ക് അവിടത്തെ ഫുഡ് & ക്രാഫ്റ്റ് ബസാർ വിനോദ-വിശ്രമ സൗകര്യങ്ങൾ ഒരുക്കുന്നതും അത് നിലവിൽ വന്ന് ഏതാനും വർഷങ്ങൾക്കകം അന്താരാഷ്ട്ര നിലവാരത്തിലെത്തുന്നതുമായിരിക്കും.

2. **അർഹതഃ**

മതിയായ സാമ്പത്തിക സ്ത്രോതസ്സുളള സംസ്ഥാന കരകൗശല/കതതറി വികസന കോർപ്പറേഷനുകൾക്കും/വിനോദ സഞ്ചാര വികസന കോർപ്പറേഷനുകൾക്കും .

3. **മേഖല**

ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളുമായി ആലോചിച്ച്, തന്ത്രപരമായി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ അർബൻ ഹാറ്റുകൾ സ്ഥാപിക്കാവുന്നതാണ്. മതിയായ തുറന്ന പ്രദേശവും ചുറ്റും ഹരിതമേഖല സൃഷ്ടിക്കാൻ പര്യാപ്തവുമായ പ്രദേശത്തോടു കൂടിയ സ്ഥലമായിരിക്കണം. ഹാറ്റിനുള്ള വിസ്തീർണ്ണം, സ്ഥലത്തിന്റെ ലഭ്യതയ്ക്കനുസൃത മായിട്ടായിരിക്കും. എന്നിരുന്നാലും 18000 ച.അടിയിൽ കറയാൻ പാടുള്ളതല്ല. യോജിച്ച പ്രദേശങ്ങളിൽ തയ്യാറാക്കിയ ഭൂമി ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്ക്/ നിർവ്വഹണ ഏജൻസികൾക്ക് ആയിരിക്കും. ഭൂമിയുടെ വ്യക്തമായ ഉടമസ്ഥവകാശം നിർവ്വഹണ ഏജൻസിയ്ക്ക് ഉണ്ടായിരിക്കുകയും യാതൊരു ബാധ്യതയും അതിന്മേൽ ഇല്ലാത്തതുമായിരിക്കണം.

4. **ഘടനയുടെ സങ്കല്പം**:

പ്രദേശം ഒരു പാർക്ക് ആയി വികസിപ്പിക്കപ്പെടേണ്ടതും അതിലെ കെട്ടിടം ആകെ വിസ്തീർണ്ണത്തിന്റെ 10 ശതമാനത്തിൽ അതായത് 1800 ച.അടിയിൽ ക്ലിപ്തപ്പെടുത്തേണ്ടതുമാണ്. ഷോപ്പുകൾ/സ്റ്റാളുകൾ പ്ലാറ്റ് ഫോമുകളിൽ സ്ഥാപിക്കേണ്ടതും, അത് ഹാറ്റിന്റെ ഘടനയുമായി ബന്ധം നിലനിർത്തേണ്ടതുമാണ്. ഷോപ്പുകൾക്കിടയിലുള്ള മുറ്റം കല്ലു പാകേണ്ടതും ദൃശ്യഭംഗി നൽകുന്നതിനായി ഇടയിൽ പുല്ലു വച്ചു പിടിപ്പിക്കേതുമാണ്. കോംപ്ലക്സു പൂർണ്ണമായും രൂപ കല്പന ചെയ്യേണ്ടത് ചുറ്റുമുള്ള പരിസ്ഥിതിയുമായി സൗഹൃദ പൂർണ്ണമായ ഒരു ലഘു രൂപമായതും പ്രാദേശികമായ നിർമ്മാണ സംസ്കാരത്തെ പ്രതിഫലിക്കുന്ന രീതിയിലുമായിരിക്കേതാണ്. സ്റ്റാളിന്റെ സാധാരണ വലിപ്പം കുറഞ്ഞത് **10' X 8'** യും എക്സിബിഷൻ സ്റ്റാൾ കുറഞ്ഞത് 40-50 കരകൗശല വിദഗ്ധരുടെ/കൈത്തറി നെയ്ത്തുകാരുടെ ഉല്പന്നങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുന്ന തരത്തിലുള്ളതുമായിരിക്കണം. സ്ത്രീകൾക്കും പുരുഷന്മാർക്കും തങ്ങുന്നതിനുള്ള ഡോർമെറ്ററികൾ പ്രത്യേകമായി ഉണ്ടാകുന്നതിന് മുൻഗണന നൽകുന്നതാണ്.

കോംപ്ലക്സിൽ, സാംസ്കാരിക പരിപാടികൾ, കലാപരിപാടികൾ, പ്രദർശനങ്ങൾ എന്നിവയ്ക്ക് യോജിച്ച നിർമ്മാണ ഘടനയായിരിക്കും. വിനോദത്തിനും വിശ്രമത്തിനും യോജിച്ച രീതിയിലുളള പരിത:സ്ഥിതി അനുഭവപ്പെടുന്ന തരത്തിൽ പ്രദേശം മുഴുവൻ മെച്ചപ്പെട്ട രീതിയിൽ പ്രകൃതി മനോഹാരിത വരുത്തിയിരിക്കും.

കരകൗശല വിദഗ്ധരുടെ/കൈത്തറി നെയ്ത്തുകാരുടെ 40-50 സ്റ്റാളുകൾ വഴി അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് വില്പന നടത്തുന്ന തരത്തിലാണ് ഇത് ആസൂത്രണം ചെയ്തിരിക്കുന്നത്. ദിനംപ്രതി എന്ന നിലയിൽ സ്റ്റാളുകൾ വാടകയ്ക്ക് ലഭ്യമാകുന്നതാണ്. ഹാറ്റിന്റെ ഭക്ഷണ വിതരണ ഭാഗത്ത്, അടുക്കള സൗകര്യവും ജലവിതരണ സൗകര്യങ്ങളും ഉൾപ്പെടെ മതിയായ സൗകര്യങ്ങളുളള 5-7 സ്റ്റാളുകൾ സേവന നിരതമായിരിക്കും.

രണ്ട് പ്രദർശനശാലകൾ അതായത് ''സംസ്ഥാന ദിനങ്ങൾ'' സംഘടിപ്പിക്കുന്നതിനും മറ്റ് പ്രദർശനങ്ങൾക്കുമായി ഉണ്ടായിരിക്കുന്നതാണ്. ദൂരെ നിന്നും വരുന്ന കരകൗശല വിദഗ്ധർക്ക്/ നെയ്ത്തുകാർക്കായി ഡോർമെറ്ററി സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

രുതരത്തിലുളള സ്റ്റാളുകളും കരകൗശല വിദഗ്ധർക്ക്/നെയ്ത്തുകാർക്ക്/സർക്കാരിതര സംഘടനകൾക്ക്/ വിനോദസഞ്ചാര കോർപ്പറേഷനുകൾക്ക് 15 ദിവസംതോറും മുറപ്രകാരം നാമമാത്രമായ നിരക്കിന് നൽകുന്നതാണ്. സ്റ്റാളുകൾ അനുവദിക്കുന്നത് കരകൗശല വിദഗ്ധർക്ക്/കൈത്തറി നെയ്ത്തുകാർക്ക് ലഭ്യമാക്കാൻ കഴിയുംവിധം സുതാര്യമായിട്ടായിരിക്കും. കരകൗശല വിദഗ്ധരുടെ/നെയ്ത്തുകാരുടെ/ സംഘടനകളുടെ തിരിഞ്ഞെടുപ്പ് നടത്തുന്നത് ബന്ധപ്പെട്ട ലോക്കൽ ഹാറ്റ് മാനേജ്മെന്റ് കമ്മിറ്റിയാണ്. ഹാറ്റിന്റെ ഭരണപരമായ ആവശ്യങ്ങൾക്കായി ഇടത്തരം മീറ്റിംഗ് റൂമും സുവനീർ ഷോപ്പും ഉണ്ടായിരിക്കുന്നതാണ്.

4. **പദ്ധതിയുടെ ഏകദേശ ചെലവ്**

താഴെപ്പറയും വിധം 3 കോടി രൂപയുടെ പദ്ധതിച്ചെലവാണ് പ്രതീക്ഷിക്കപ്പെടുന്നത്.

| ക്രമനമ്പർ | ഇനം | നിർദ്ദിഷ്ട എസ്റ്റിമേറ്റ് (തുക ലക്ഷത്തിൽ) |
|---|---|---|
| 1 | സ്ഥലം മെച്ചപ്പെടുത്തൽ | 50.00 |
| 2 | കെട്ടിടം | 150.00 |
| 3 | സാനിറ്ററി, ജലവിതരണം | 18.00 |
| 4 | വൈദ്യുതീകരണം | 10.00 |
| 5 | പ്ലാന്റ്, മെഷീനറി | 24.00 |
| 6 | ഫർണിച്ചർ, ഫിക്സ്ച്ചർ | 6.00 |
| 7 | വാഹനങ്ങൾ | 4.00 |
| 8 | പ്രവർത്തനത്തിനാവശ്യമുള്ള വസ്തുക്കൾ | 5.00 |
| 9 | പ്രവർത്തനത്തിന് മുൻപും ശേഷവുമുള്ള ചെലവുകൾ | 6.00 |
| 10 | സാങ്കേതികോപദേശ ഫീസ് | 4.00 |
| 11 | മറ്റ് ചെലവുകൾ 10% | 21.00 |
| 12 | പ്രവർത്തന മൂലധന മാർജിൻ | 02.00 |
| | ആകെ | **300.00** |

6. **ധനവിതരണത്തിന്റെ രീതി**

പ്രതീക്ഷിക്കപ്പെടുന്ന മൂലധന ചെലവായ 300 ലക്ഷം രൂപാ താഴെപ്പറയുന്ന രീതിയിൽ ആണ്.

| | | |
|---|---|---|
| ഭാരത സർക്കാർ | 70% (അതായത് 35% കൈത്തറി വികസന കമ്മീഷണറും 35% കരകൗശല വികസന കമ്മീഷണറും) | 210 ലക്ഷം രൂപാ കൈത്തറി വികസന കമ്മീഷണറും കരകൗശല വികസന കമ്മീഷണറും തുല്യമായി വീതിയ്ക്കുന്നു. |
| സംസ്ഥാന സർക്കാർ | 30% | 90 ലക്ഷം രൂപാ |

(എ) കേന്ദ്രസർക്കാർ ധനസഹായം 2.10 കോടി രൂപയിൽ ഒതുങ്ങുന്നു. അധികത്തുക ആവശ്യമുള്ളവ സംസ്ഥാന സർക്കാർ/നിർവ്വഹണ ഏജൻസി വഹിക്കേണ്ടതാണ്.

ബി) മുകളിൽ പറഞ്ഞതിനു പുറമേ, നിർവ്വഹണ ഏജൻസി ആഗ്രഹിക്കുന്ന പക്ഷം, ആദ്യവർഷം 15 ലക്ഷം രൂപയുടേയും രണ്ടാം വർഷം 10 ലക്ഷം രൂപയുടേയും ഒറ്റത്തുക വീതം പദ്ധതിയുടെ പരസ്യച്ചെലവുകൾക്കായി കേന്ദ്ര സർക്കാരിന്റെ, ടെക്സ്റ്റയിൽസ് മന്ത്രാലയം അനുവദിക്കുന്നതാണ്.

7. ഒന്നാം വർഷം പ്രതീക്ഷിക്കുന്ന വരുമാനം.

I. ***കരകൗശല വിദഗ്ധരിൽ നിന്നും/ നെയ്ത്തുകാരിൽ നിന്നും വാടക വരവ്.***

i. ദ്വൈവാരത്തിൽ കരകൗശല വിദഗ്ധരിൽ/ നെയ്ത്തുകാരിൽ നിന്നും. : 40 (ശരാശരി)

ii. ദിവസ വിഹിതം : 50 രൂപ

iii. ഒരു ദിവസത്തെ ആകെ വിഹിതം : 40 X 50 = 2000 രൂപാ.

iv. ദേശീയ വരുമാനം : 365 X 2000 =730000 രൂപ

v. പ്രതീക്ഷിക്കപ്പെടുന്ന കുറവ് 10% : 73000 രൂപാ

ആകെ വരുമാനം : **6,57,000/-** രൂപാ

II **പ്രദർശനശാലയിൽ നിന്നുള്ള വരുമാനം.**

i) ഒരു പ്രദർശനശാലയ്ക്ക് 1500/-രൂപാ വീതം 2 എണ്ണത്തിനുള്ള തുക : 3000 രൂപാ

ii) വർഷത്തിൽ 100 ദിവസങ്ങൾ വിനിയോഗിക്കപ്പെട്ടാൽ ദേശീയ വരുമാനം. : 300000/- രൂപാ

3. ഭക്ഷണശാലയിൽ നിന്നുള്ള വരുമാനം:

i) പ്രതിമാസ നിരക്ക് : 5000 രൂപാ

ii) ഭക്ഷണശാലകളുടെ എണ്ണം : 5

iii) പ്രതിമാസ വരുമാനം : 25000 രൂപ

i) ഒരു വർഷത്തിൽ 10 മാസം പ്രവർത്തനം നടക്കുന്നു എന്ന് കണക്കാക്കിയാൽ ആകെ വരുമാനം. : 2,50,000

4. <u>പ്രവേശന ടിക്കറ്റിൽ നിന്നുള്ള വരുമാനം</u>

ഒരു ദിവസം ശരാശരി 500 സന്ദർശകൻ ഉണ്ടെന്ന്

കണക്കാക്കിയാൽ 3 രൂപാ നിരക്കിൽ പ്രവേശന

ടിക്കറ്റ് വീതം 200 ദിവസത്തേയ്ക്ക് - 3,00,000 രൂപ

**5.** <u>മറ്റ് വരുമാനം</u>
വാഹനങ്ങളുടെ പാർക്കിംഗ് ഫീസ്, കരകൗശല വിദഗ്ധർക്ക്/
നെയ്ത്തുകാർക്ക് തുറന്ന സ്ഥലം അനുവദിക്കുന്നതിന് ഫീസ്,
സാംസ്കാരിക പരിപാടികൾ, സുവനീർ ഷോപ്പ് എന്നിവ
വഴിയുള്ള വരുമാനം തുടങ്ങിയവ : 1,50,000
രൂപാ

**6.** കണക്കാക്കപ്പെടുന്ന ആകെ വാർഷിക വരുമാനം. : 16,50,000
രൂപാ

8. ആകെ ചെലവുകളുടെ കണക്കുകൂട്ടൽ

ആതിഥേയ ഏജൻസിയ്ക്കായിരിക്കും ഹാറ്റിന്റെ നടത്തിപ്പുകളുടെ ഉത്തരവാദിത്ത്വം. ഈയിനത്തിലുള്ള ചെലവുകൾ താഴെപ്പറയുന്ന രീതിയിൽ കണക്കാക്കാവുന്നതാണ്.

| ക്രമനമ്പർ | ശമ്പളം | എണ്ണം | ഒരുമാസ ത്തേയ്ക്ക് (രൂപയിൽ | ഒരുവർഷത്തേയ്ക്ക് (രൂപയിൽ) |
|---|---|---|---|---|
| 1 | മാനേജർ | 01 | 6000 | 72000/- |
| 2 | ഡെപ്യൂട്ടി മാനേജർ | 02 | 4500 * 2 | 1,08,000/- |
| 3 | തൊഴിലാളികൾ | 05 | 2000 * 5 | 1,20,000/- |
| 4 | അക്കൗണ്ട്/അസിസ്റ്റൻറ് | 01 | 4000 | 48,000/- |
| 5 | ഇലക്ട്രിക്കൽ/മെയിന്റനൻസ് അസിസ്റ്റന്റ് | 01 | 2500 | 30,000/- |
| 6 | സെക്യൂരിറ്റി ഓഫീസർ | 01 | 4500 | 54000/- |
| 7 | സെക്യൂരിറ്റി ഗാർഡ് | 06 | 2500 * 6 | 1,80,000/- |
| 8 | ടൈപ്പിസ്റ്റ് | 01 | 3000 | 36,000/- |

| | | | | |
|---|---|---|---|---|
| 9 | പ്യൂൺ | 01 | 2000 | 24,000/- |
| | ആകെ | | | **6,72,000/-** |
| | മറ്റ് ആനുകൂല്യങ്ങൾ (6,72,000 ന്റെ 40% | | | **2,68,000/-** |
| II | ആകെ (ഏകദേശം)<br><br>ഊർജ്ജത്തിനും ഇന്ധനത്തിനും | | | **10,00,000/-**<br><br>**1,00,000/-** |
| III | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകേ ലൈസൻസ് ഫീസ് | | | **50,000/-** |
| IV | ഉപയോഗിച്ചു തീരുന്നതും അല്ലാത്തതുമായ സാമാനങ്ങൾ | | | **1,00,000/-** |
| V | പൊതു ഭരണ ചെലവുകൾ | | | **50,000/-** |
| VI | ഇൻഷ്വറൻസ്, റിപ്പയർ തുടങ്ങിയവ | | | **2,00,000/-** |
| VII | പലവക ചെലവുകൾ, പരസ്യം തുടങ്ങിയവ | | | **1,50,000/-** |
| | ആകെ മൊത്തം | | | **16,50,000/-** |

**9. നടത്തിപ്പു/ഭരണച്ചെലവുകൾ**

അർബൻ ഹാറ്റുകളുടെ ലോക്കൽ മാനേജ്മെന്റ് നിർണ്ണയിക്കുന്നതനുസരിച്ചുള്ള ജീവനക്കാരെ ആവശ്യാനുസരണം നിർവ്വഹണ ഏജൻസി നിയമിക്കുന്നു. എന്നിരുന്നാലും സെക്യൂരിറ്റി, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായി കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് മുൻഗണന നൽകാവുന്നതാണ്.

അർബൻ ഹാറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മനുഷ്യശേഷി കരാർ വ്യവസ്ഥയിലോ പുനർ വിന്യാസത്തിലൂടെയോ ആയിരിക്കും അധികം ജീവനക്കാരെ അനുവദിക്കുന്നതല്ല.

## 10. പ്രൊപ്പോസലുകളുടെ സമർപ്പണം.

നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിർവ്വഹണ ഏജൻസി ബന്ധപ്പെട്ട റീജിയണൽ ഡയറക്ടർ വഴി ആസ്ഥാന ഓഫീസിന്, കരകൗശല വികസന കമ്മീഷണറുടെ ഓഫിസിന്, കരകൗശല വികസന കമ്മീഷണറുടെ ഓഫീസിന് സമർപ്പിക്കണം. താഴെപ്പറയുന്ന രേഖകൾ പ്രൊപ്പോസലിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

1. 18000 ച.മീറ്ററിൽ കുറയാത്ത വിസ്തീർണ്ണമുള്ളതും നിർവ്വഹണ ഏജൻസിയ്ക്ക് അവകാശപ്പെട്ടതുമായ ഭൂമിയുടെ രേഖ.

2. നഗരത്തിൽ പ്രധാനപ്പെട്ട പ്രദേശത്താണ് ഈ സ്ഥലം നിലനിൽക്കുന്നതെന്ന് കാണിച്ച് അധികാരപ്പെട്ടവർ നൽകുന്ന സാക്ഷ്യപത്രം.

3. ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭ്യമാക്കാമെന്ന് ഉറപ്പാക്കുന്ന രേഖ.

4. അധികമായി വരുന്ന ചെലവ് സംസ്ഥാന സർക്കാർ/നിർവ്വഹണ ഏജൻസി വഹിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം.

5. കെട്ടിട നിർമ്മാണത്തെ സംബന്ധിക്കുന്ന വിശദമായ രൂപരേഖയും മറ്റും.

6. പദ്ധതി ശുപാർശ ചെയ്യുന്നതിന് മുൻപ് റീജിയണൽ ഡയറക്ടർ രേഖകളുടെ സൂക്ഷ്മ പരിശോധനയും സ്ഥലത്തിന്റെ ഭൗതിക പരിശോധനയും നടത്തി താഴെപ്പറയുന്ന തരത്തിൽ സാക്ഷ്യപത്രം നൽകുന്നതാണ്.

പ്രൊപ്പോസലിന്റെ ഉള്ളടക്കം പരിശോധിച്ച്, ഈ പദ്ധതിയുമായി യോജിക്കുന്നതാണെന്ന് കാണുകയും അർബൻ ഹാറ്റ് സ്ഥാപിക്കാൻ നിർദ്ദേശിക്കുന്ന സ്ഥലം പരിശോധിച്ച്, അത് നഗരത്തിന്റെ പ്രധാന

ഭാഗത്താണെന്നു മനസ്സിലാക്കുകയും ചെയ്തിരിക്കുന്നതായി സാക്ഷ്യപ്പെടുത്തി കൊളളുന്നു.

## 11. ഗവേണിംഗ് ബോഡി

താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഗവേണിംഗ് ബോഡിയെ സംസ്ഥാന സർക്കാർ/നിർവ്വഹണ ഏജൻസി രൂപികരിക്കുകയും ഔദ്യോഗികമായി പരസ്യപ്പെടുത്തുകയും ചെയ്യേതാണ്. ഹാറ്റുകളുടെ നയപരിപാടികൾ രൂപീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉളള ഉത്തരവാദിത്വം ഗവേണിംഗ് ബോഡിയിൽ നിക്ഷിപ്തമായിരിക്കും.

1. കൈത്തറിയുടെ/കരകൗശലത്തിന്റെ ചുമതലയുളള സംസ്ഥാന ഗവണ്മെന്റ് സെക്രട്ടറി.
2. വിനോദ സഞ്ചാരത്തിന്റെ ചുമതലയുളള സംസ്ഥാന ഗവണ്മെന്റ് സെക്രട്ടറി.
3. സംസ്ഥാന സർക്കാരിന്റെ കൈത്തറി/കരകൗശല ഡയറക്ടർ.
4. ടെക്സ്റ്റൈൽ മന്ത്രാലയത്തിലെ കൈത്തറി വികസന കമ്മീശണർ
5. ടെക്സ്റ്റയിൽസ് മന്ത്രാലയത്തിലെ കരകൗശല വികസന കമ്മീഷണർ.
6. സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിലെ പ്രതിനിധി.

## 12. അഖിലേന്ത്യാ ഗവേണിംഗ് കൗൺസിൽ

അർബൻ ഹാറ്റുകളുടെ എല്ലാ പ്രൊപ്പോസലുകളും ഗവേണിംഗ് കൗൺസിൽ പരിശോധിക്കുകയും തിരിഞ്ഞെടുത്തു കൊണ്ടു ളള/തളളികളഞ്ഞു കൊണ്ടുളള അറിയിപ്പ് നിർവ്വഹണ ഏജൻസിക്ക് നൽകുകയും ചെയ്യും. ഗവേണിംഗ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

i) കൈത്തറി വികസന കമ്മീഷണർ - ചെയർമാൻ

ii) കരകൗശല വികസന കമ്മീഷണർ - അംഗം

iii) ടെക്സ്റ്റയിൽസ് മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി/ഡയറക്ടർ - അംഗം

## 13. അർബൻ ഹാറ്റുകളുടെ നിരീക്ഷണം.

അർബൻ ഹാറ്റുകൾ അനുവദിക്കപ്പെട്ട പദ്ധതികളിൽ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലെ ഫീൽഡ് ഓഫീസർമാർ മാസത്തിലൊരിക്കൽ സന്ദർശിക്കുകയും റീജിയണൽ ഓഫീസർ വഴി റിപ്പോർട്ട് നൽകുകയും ചെയ്യും. പദ്ധതിയുടെ പുരോഗതി, ഫിന്റെ വിനിയോഗം എന്നിവ റീജിയണൽ ഡയറക്ടർ പരിശോധിക്കുകയും ഏറ്റവും ഒടുവിലത്തെ സ്ഥിതിയും ഭൗതിക-സാമ്പത്തിക പരിപാടികളുടെ റിപ്പോർട്ടും കൈത്തറി വികസന കമ്മീഷണറുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യുന്നു. കരകൗശല വികസന കമ്മീഷണർ/അഡീഷണൽ കരകൗശല വികസന കമ്മീഷണർ അദ്ധ്യക്ഷനായുള്ള ആസ്ഥാനതല പുനരവലോകന യോഗം മൂന്നു മാസത്തിലൊരിക്കൽ ചേരുന്നു.

അനുബന്ധം - (**VI**)

***<u>വിപണി പ്രോത്സാനത്തിന്റെ ഘടകം: ദേശീയ അവാർഡ്.</u>***

''കൈത്തറി നെയ്ത്തുകാർക്കുളള ദേശീയ അവാർഡിനെ സംബന്ധിക്കുന്ന സാമ്പത്തിക വിതരണത്തിന്റേയും അന്തിമ റിപ്പോർട്ടിനുളള നിർദ്ദിഷ്ട ഫാറം കാണിക്കുന്ന വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ.

1. പരിപാടിയുടെ ശീർഷകം

മികച്ച നെയ്ത്തുകാർക്കും കരകൗശല വിദഗ്ധർക്കുമുളള ദേശീയ അവാർഡ്.

2. ലക്ഷ്യവും പശ്ചാത്തലവും:

കരകൗശല വിദഗ്ധർക്കുളള ദേശീയ അവാർഡ് 1965-ൽ ആരംഭിക്കുകയും പിന്നീട് അത് നെയ്ത്തുകാർക്ക് കൂടി ഏർപ്പെടുത്തുകയും ചെയ്തു. നെയ്ത്തുകാർക്കും കരകൗശല വിദഗ്ധർക്കും അവാർഡ് നൽകുന്നത് അവരുടെ മികച്ച സംഭാവനയ്ക്കും കരകൗശല വൈദഗ്ധ്യത്തിനും വികസിതമായ കരവിരുതിനും ഉളള അംഗീകരാമായിട്ടാണ്. ഓരോ വർഷവും പരമാവധി 40 ദേശീയ അവാർഡുകളും 40 ദേശീയ മെരിറ്റ് സർട്ടിഫിക്കറ്റുകളും ഒരു വർഷം നൽകുന്നു. കൂടുതൽ ആവേശകരയും ഉല്പാദനക്ഷമവുമായ രീതിയിൽ ഈ വൈദഗ്ധ്യത്തെ മുന്നോട്ടു കൊു പോകാൻ ഈ അംഗീകാരം അവരെ പ്രോത്സാഹിപ്പിക്കുകയും ആത്യന്തികമായി മറ്റുളളവരെ ഇതിനായി പ്രേരിപ്പിക്കുകയും ചെയ്യും.

3. **<u>അർഹത ഇൻഡ്യയിലെ എല്ലാ കരകൗശല വിദഗ്ധരും നെയ്ത്തുകാരും.</u>**

ദേശീയ അവാർഡിനായി മത്സരിക്കാൻ ഇൻഡ്യയിൽ താമസിക്കുന്ന എല്ലാ കരകൗശല വിദഗ്ധർക്കും നെയ്ത്തുകാർക്കും അർഹതയു്.

4. **<u>അവാർഡിന്റെ ഘടകങ്ങൾ:</u>**

ഓരോ അവാർഡിനും 50,000/- രൂപയുടെ സമ്മാനത്തുകയും, വെങ്കല പ്രതിമയും അംഗവസ്ത്രവും ഉൾപ്പെടുന്നു. ഓരോ ദേശീയ മെരിറ്റ്

സർട്ടിഫിക്കറ്റിനും, സർട്ടിഫിക്കറ്റിനു പുറമേ 10,000/- രൂപയുടെ സമ്മാനത്തുകയും ഉൾപ്പെട്ടിരിക്കും.

5. <u>തിരിഞ്ഞെടുപ്പു രീതി</u>:

ദേശീയ അവാർഡിനായുള്ള തിരിഞ്ഞെടുപ്പു രീതി താഴെപ്പറയുന്ന ത്രിതല നടപടി ക്രമത്തിലൂടെയായിരിക്കും.

**א** കരകൗശല വിദഗ്ധരെ സംബന്ധിച്ച് ആഭ്യതല തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിലും നെയ്ത്തുകാരെ സംബന്ധിച്ച് മേഖലാതലത്തിലും (സോണൽ ലെവൽ) ആയിരിക്കും.

**א** കരകൗശലത്തിന്റെ കാര്യത്തിൽ വിവിധ സംസ്ഥാനതല കമ്മിറ്റികൾ ശുപാർശ ചെയ്ത എൻട്രികൾ ഹെഡ് ക്വാർട്ടേഴ്സ് തലത്തിലെ കമ്മിറ്റി വിലയിരുത്തുന്നതാണ് രാം ഘട്ട തിരിഞ്ഞെടുപ്പു പ്രക്രിയ. കൈത്തറി ഇനങ്ങളെ സംബന്ധിചച് വിവിധങ്ങളായ മേഖലാ കമ്മിറ്റികൾ ശുപാർശ ചെയ്ത എൻട്രികൾ ഒരു പ്രത്യേക ഹെഡ്ക്വാർട്ടേഴ്സ് തല കമ്മിറ്റി പരിശോധിക്കുന്നു. കൈത്തറിയുടേയും കരകൗശലത്തിന്റേയും സംസ്ഥാനതലത്തിലേയും ഹെഡ്ക്വാർട്ടേഴ്സ് തലത്തിലേയും കമ്മിറ്റികളുടെ ഘടന താഴെപ്പറയുന്നു.

<u>സംസ്ഥാന തല കമ്മിറ്റിയുടെ ഘടന കരകൗശലം</u>)

| | | | |
|---|---|---|---|
| 1. | കരകൗശല ഡയറക്ടർ/കുടിൽ വ്യവസായം: | | ചെയർമാൻ |
| 2. | കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലെ റീജിയണൽ ഡയറക്ടർ | - | കൺവീനർ |
| 3. | സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ | - | അംഗം. |
| 4. | ആർ.ഡി.റ്റി.ഡി.സി ഡെപ്യൂട്ടി ഡയറക്ടർ | - | അംഗം |
| 5. | ചരിത്രം/മ്യൂസിയം/കലാസ്ഥാപനങ്ങൾ/ നിഫ്റ്റ്/നിഡ് കലയിലും കരകൗശലത്തിലും പരിചയമുള്ളതും കൈത്തറി വികസന കമ്മീഷണർ നാമനിർദ്ദേശം ചെയ്തതുമായ സന്നദ്ധ സംഘടനകളിലും വ്യക്തികളിലും നിന്ന് പ്രശസ്തരായ അനൗദ്യോഗിക പ്രതിനിധി | - | അംഗം |
| 6. | ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തയ്യാറാക്കിയ പ്രശസ്ത ഡിസൈനർമാരുടെ പാനലിൽ നിന്നും ഒരാൾ. | - | അംഗം. |

ആസ്ഥാനതല കമ്മിറ്റിയുടെ ഘടന (കരകൗശലം)

| | | | |
|---|---|---|---|
| 1. | കരകൗശല വികസന കമ്മീഷണർ | - | ചെയർമാൻ |
| 2. | അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ/ജോയിന്റ് ഡെലപ്മെൻര് കമ്മീഷണർ(കരകൗശലം) | - | അംഗം. |
| 3. | നിഫ്റ്റ്/നിഡ് പ്രതിനിധി | - | അംഗം |
| 4. | എൻ.എച്ച്.എച്ച്.എം-ന്റെ സീനിയർ ഡയറക്ടർ | - | അംഗം |
| 5. | കരകൗശല വികസന കമ്മീഷണർ നാമനിർദ്ദേശം ചെയ്യുന്നതും കരകൗശല രംഗത്തെ വിദഗ്ധരുമായ ര് അനൗദ്യോഗിക അംഗങ്ങൾ | - | അംഗം |
| 6. | ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തയ്യാറാക്കിയ പ്രശസ്ത ഡിസൈർ മാരുടെ പാനലിൽ നിന്നും ഒരാൾ | - | അംഗം |

കൈത്തറിയുടേയും കരകൗശലത്തിന്റേയും ഹെഡ്ക്വാർട്ടർ തല കമ്മിറ്റികൾ ശുപാർശ ചെയ്ത ഇനങ്ങളില നിന്നും ദേശീയ അവാർഡിനായുള്ള ഇനങ്ങൾ തിരിഞ്ഞെടുക്കുന്നതിന് പൊതുവായ ഒരു കേന്ദ്ര സെലക്ഷൻ കമ്മിറ്റി ഉായിരിക്കും.

## കേന്ദ്ര സെലക്ഷൻ കമ്മിറ്റിയുടം ഘടന:

| | | | |
|---|---|---|---|
| 1. | സെക്രട്ടറി (ടെക്സ്റ്റയിൽസ്) | - | ചെയർമാൻ |
| 2. | കൈത്തറി വികസന കമ്മീഷണർ | - | കൺവീനർ |
| 3. | കരകൗശല വികസന കമ്മീഷണർ | - | കോ-കൺവീനർ |
| 4. | മാനേജിംഗ് ഡയറക്ടർ, സെന്ററൽ കോട്ടേജ് ഇൻഡസ്ട്രീസ് കോർപ്പറേഷൻ | - | അംഗം |
| 5. | മാനേജിംഗ് ഡയറക്ടർ, ഹാന്റിക്രാഫ്റ്റ്സ് & ഹാന്റ്ലൂംസ് എക്സ്പോർട്ട് കോർപ്പറേഷൻ | - | അംഗം |
| 6. | ഡയറക്ടർ ജനറൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി. | - | അംഗം |
| 7. | കൈത്തറിയുടേയും കരകൗശലത്തിന്റേയും ഹെഡ്ക്വാർട്ടേർ തല കമ്മിറ്റികളിൽ നിന്നും ര് അനൗദ്യോഗിക അംഗങ്ങൾ | - | അംഗം. |
| 8. | മറ്റ് നാല് അനുദ്യോഗസ്ഥർ | - | അംഗം |

## എൻട്രികൾ സമർപ്പിക്കേണ്ട വിധം:

അതാത് സംസ്ഥാനങ്ങളിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ/വ്യവസായ ഡയറക്ടറേറ്റുകളിൽ/ ബന്ധപ്പെട്ട പ്രാദേശിക ഓഫീസുകളിൽ/കരകൗശല വികസന കമ്മീഷണറുടെ(HM&SEC)

## കൈത്തറി കമ്മിറ്റികളുടെ ഘടന:

1. വീവേഴ്സ് സർവ്വീസ് സെന്ററിലെ സോണൽ ഡയറക്ടർ - ചെയർമാൻ
2. കൈത്തറി വികസന കമ്മീഷണറുടെ/സംസ്ഥാന കൈത്തറി ഡയറക്ടറുടെ മേഖലാ/പ്രാദേശിക പ്രതിനിധി - അംഗം
3. ഒരു മേഖലാ പ്രതിനിധി ഉൾപ്പെടെ കൈത്തറിയിലെ റ്റൂൾ അനൗദ്യോഗിക വിദഗ്ധർ. - അംഗം
4. ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തയ്യാറാക്കിയ പ്രശസ്ത ഡിസൈനർമാരുടെ പാനലിൽ നിന്നും ഒരാൾ - അംഗം

## ആസ്ഥാനതല കമ്മിറ്റി (കൈത്തറി)യുടെ ഘടന:

1. കൈത്തറി വികസന കമ്മീഷണർ - ചെയർമാൻ
2. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജികളിലെ ര് ഡയറക്ടർമാർ. - അംഗം
3. നിഡ്/നിഫ്റ്റ്/ഐ.ഐ.റ്റി എന്നിവിടങ്ങളിലെ ഫാക്കൽറ്റി പ്രതിനിധി. - അംഗം
4. കൈത്തറി മേഖലയിൽ നിന്നും ര് അനുദ്യോഗസ്ഥർ - അംഗം
5. ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും തയ്യാറാക്കിയ പ്രശസ്ത ഡിസൈനർമാരുടെ പാനലിൽ നിന്നും ഒരാൾ - അംഗം

നെയ്ത്തുകാരും കരകൗശല വിദഗ്ധരും അവരുടെ എൻട്രികൾ സംസ്ഥാനതല കമ്മിറ്റി/മേഖലാതല കമ്മിറ്റി (കൈത്തറിയും കൈത്തറി നെയ്ത്തുകാരുടേയും ) യുടെ പരിഗണനയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കേണ്ടത്. കരകൗശല വിദഗ്ധരുടെ എൻട്രികൾ, കൈത്തറി വികസന കമ്മീഷണറുടേയും കരകൗശല വികസന കമ്മീഷണറുടേയും ഫീൽഡ് ഓഫീസുകൾ ആണ് താമസ സ്ഥലത്തിന് ഏറ്റവും അടുത്തുള്ളതെങ്കിൽ അവിടെ സമർപ്പിക്കാവുന്നതുമാണ്.

**എൻട്രികൾ ഫീൽഡ് ഓഫീസ്തലം മുതൽ സംസ്ഥാനതല സെലക്ഷൻ കമ്മിറ്റി/ മേഖലാ കമ്മിറ്റി വരെ കൊറുപോകുന്നതിനുള്ള ചെലവ്, കൈത്തറി ഉല്പന്നങ്ങളുടെ കാര്യത്തിൽ കൈത്തറി വികസന കമ്മീഷണറുടെ ഓഫീസും കരകൗശല ഉല്പന്നങ്ങളുടെ കാര്യത്തിൽ കരകൗശല വികസന കമ്മീഷണറുടെ ഓഫീസും വഹിക്കുന്നതാണ്. ഇതു കൂടാതെ, ഗുണമേന്മയും മത്സരക്ഷമതയും ഉറപ്പാക്കുന്നതിന് താഴെപ്പറയുന്നവയിൽ ശുപാർശ ചെയ്യപ്പെടുന്ന സംസ്ഥാനതല കമ്മിറ്റി പരിഗണനയ്ക്കായി സ്വീകരിക്കുന്നു.**

(i) സംസ്ഥാനതല കമ്മിറ്റി/ആസ്ഥാന/കേന്ദ്രതലകമ്മിറ്റിയിൽ ഏതെങ്കിലും അംഗം.

(ii) സംസ്ഥാന കരകൗശല/കൈത്തറി വികസന കോർപ്പറേഷനുകൾ/അപ്പക്സ് കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ

(iii) പ്രാദേശിക ഡിസൈർ - സാങ്കേതിക വികസന കേന്ദ്രങ്ങൾ

(iv) സംസ്ഥാന ഡിസൈൻ കേന്ദ്രങ്ങൾ

(v) അഖിലേന്ത്യാ കൈത്തറി-കരകൗശല ബോർഡുകൾ

(vi) മതിയായ കാരണങ്ങളാൽ എൻട്രികൾ സംസ്ഥാന/മേഖലാ തല സെലക്ഷൻ കമ്മിറ്റികളിൽ സമർപ്പിക്കാൻ കഴിയാത്തവരുടെ എൻട്രികൾ, ജൂലൈ 24-ന് മുൻപ്, അതായത് ആസ്ഥാനതല കമ്മിറ്റിയുടെ തിരിഞ്ഞെടുപ്പിന് ഒരാഴ്ച മുൻപ് സ്വീകരിക്കുന്നതിന് കോർ കമ്മിറ്റി രൂപീകരിച്ചിട്ടു്. എൻട്രികൾ നേരിട്ട് ആസ്ഥാനത്തിൽ സമർപ്പിക്കുമ്പോൾ, സംസ്ഥാന/മേഖലാതലത്തിൽ സമർപ്പിക്കാത്തതിനുള്ള കാരണം, കോർ കമ്മിറ്റിയുടെ പരിശോധനയ്ക്കായി തയ്യാറാക്കി നൽകേണ്ടതാണ്. കോർ കമ്മിറ്റിയുടെ ഘടന താഴെപ്പറയുന്നു.:-

## കോർകമ്മിറ്റിയുടെ ഘടന:-

I **കൈത്തറിയ്ക്കായി**

1. അഡീഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കമ്മീഷണർ - ചെയർമാൻ
2. ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ തയ്യാറാക്കുന്ന പാനലിൽ നിന്നും പ്രശസ്തരായ ര് ഡിസൈനർമാർ. - അംഗം
3. മേഖലാ/സംസ്ഥാനതല കമ്മിറ്റികളിൽ നിന്നും അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട

ഡിസൈനർ - അംഗം

II കരകൗശലത്തിനായി

1. അഡീഷണൽ ഹാന്റിക്രാഫ്റ്റ് ഡെവലപ്മെന്റ് കമ്മീഷണർ - ചെയർമാൻ

2. ഹെഡ്ക്വാർട്ടേഴ്സ് തലത്തിൽ തയ്യാറാക്കുന്ന പാനലിൽ നിന്നും പ്രശസ്തരായ ര് ഡിസൈനർമാർ - അംഗം

3. മേഖലാ/സംസ്ഥാനതല കമ്മിറ്റികളിൽ നിന്നും അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട ഡിസൈനർ - അംഗം

7. ***തിരിഞ്ഞെടുപ്പു പ്രക്രിയയ്ക്കുള്ള സമയപ്പട്ടിക***

എല്ലാവർഷത്തേയും തിരിഞ്ഞെടുപ്പു പ്രക്രിയയ്ക്കുള്ള സമയപട്ടിക താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| i) കേന്ദ്ര സംസ്ഥാനതലങ്ങളിലും ബന്ധപ്പെട്ട മറ്റ് തലങ്ങളിലും പ്രചരണത്തിനായി സർക്കുലർ നൽകുന്നത് | ജാനുവരി 1-നകം |
| ii) കൈത്തറി വികസന കമ്മീഷണറും കരകൗശലവികസന കമ്മീഷണറും കൈത്തറിയുടേയും കരകൗശലത്തിന്റെയുംഎൻട്രികൾ ക്ഷണിച്ചുകൊ് പത്രങ്ങളിൽ പരസ്യം ചെയ്യുന്നത്. | ജനുവരി 10-നകം |
| iii) മേഖലാ/സംസ്ഥാനതലങ്ങളിൽ എൻട്രികൾ സമർപ്പിക്കേ അവസാന തീയതി | ഏപ്രിൽ 30-നകം |
| iv) മേഖലാ/സംസ്ഥാനതലത്തിൽ തിരിഞ്ഞെടുപ്പ് യോഗം | മേയ് 30-നകം |
| v) തിരിഞ്ഞെടുക്കപ്പെട്ട എൻട്രികൾ പൂരിപ്പിച്ച അപേക്ഷയും സത്യപ്രസ്താവനയും ശുപാർശയോടൊപ്പം ന്യൂഡൽഹിയിൽ സമർപ്പിക്കേത്. | ജൂൺ 25-നകം |
| vi) ആസ്ഥാനതലത്തിൽ ആസ്ഥാനതല തിരിഞ്ഞെടുപ്പ് കമ്മിറ്റിയുടെ തിരിഞ്ഞെടുപ്പ് | ജൂലൈയ് 30-നകം |
| vii) കേന്ദ്രതല തിരിഞ്ഞെടുപ്പ് കമ്മിറ്റിയുടെ താൽക്കാലികമായ തിരിഞ്ഞെടുക്കൽ | ആഗസ്റ്റ് 30-നകം |

8. തിരിഞ്ഞെടുപ്പു രീതി:-

കേന്ദ്രതലത്തിൽ രൂപീകരിക്കപ്പെട്ട കേന്ദ്ര തിരിഞ്ഞെടുപ്പ് കമ്മിറ്റി കൈത്തറിയുടേയും കരകൗശലത്തിന്റേയും അന്തിമ തിരിഞ്ഞെടുപ്പ് നടത്തുന്നു. ആസ്ഥാനതല തിരിഞ്ഞെടുപ്പു കമ്മിറ്റിയിൽ നിന്നും കൈത്തറിയുടേയും കരകൗശലത്തിന്റേയും എൻട്രികൾ കേന്ദ്രതല തിരിഞ്ഞെടുപ്പ് കമ്മിറ്റി സ്വീകരിക്കുന്നു. കൈത്തറിയുടേയും കരകൗശലത്തിന്റെയും അത്തരത്തിലുള്ള തിരിഞ്ഞെടുപ്പ് താഴെപ്പറയും വിധമാണ്.

i) **കൈത്തറി**

എൻട്രികൾ ക്ഷണിച്ചുകൊള്ള പ്രാഥമിക തല തിരിഞ്ഞെടുപ്പു കൈത്തറി ഡയറക്ടർ/സംസ്ഥാനങ്ങളിലെ കൈത്തറിയുടെ ചുമതലയുള്ള കമ്മീഷണർ, ബന്ധപ്പെട്ട വീവേഴ്സ് സർവ്വീസ് സെന്റർ എന്നി തലത്തിൽ നടക്കുന്നു. ഡയറക്ടർമാർ/കൈത്തറിയുടെ ചുമതലയുള്ള സംസ്ഥാന കമ്മീഷണർ, വീവേഴ്സ് സർവ്വീസ് സെന്ററുകൾ/കോർപ്പറേഷനുകൾ/കൈത്തറിയുടെ അപ്പക്സ് സംഘങ്ങൾ,എൻ.ഐ.എഫ്.റ്റി/എച്ച്.എച്ച്.ഇ.സി/എൻ.എച്ച്.എച്ച്.എം/എച്ച്.ഇ.പി.സി/എൻ.എച്ച്ഡി.സി എന്നിവിടങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ വീവേഴ്സ് സർവ്വീസ് സെന്ററുകളുടെ സോണൽ ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള സോണൽ കമ്മിറ്റിയുടെ തിരിഞ്ഞെടുപ്പിനുവേണ്ടി സോണൽ ഡയറക്ടർമാർക്ക് അയച്ചുകൊടുക്കുന്നു. ഓരോ സംസ്ഥാനങ്ങളിൽ നിന്നുമുള്ള എൻട്രികളിൽ നിന്നും സോണൽ കമ്മിറ്റി തിരിഞ്ഞെടുപ്പ് നടത്തുകയും (10-ൽ അധികരിക്കാത്ത എണ്ണം) അത് കൈത്തറി കമ്മീഷണറുടെ ഓഫീസിലോ ഡൽഹിയിലെ വീവേഴ്സ് സർവ്വീസ് സെന്ററിലോ (തീരുമാനിക്കുന്നത് അനുസരിച്ച്) പ്രവർത്തിക്കുന്ന ആസ്ഥാനതല തിരിഞ്ഞെടുപ്പു കമ്മിറ്റിക്ക് അയച്ചുകൊടുക്കുന്നു.

ii) **കരകൗശലം**

തിരിഞ്ഞെടുപ്പു പ്രക്രിയ ആരംഭിക്കുന്നത് സംസ്ഥാനതലത്തിലാണ്. എന്നിരുന്നാലും സംസ്ഥാനതല കമ്മിറ്റിയുടെ ചെയർമാനായി പ്രവർത്തിക്കുന്ന കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലെ റീജിയണൽ ഡയറക്ടർമാർ പ്രക്രിയകൾക്ക് തുടക്കമിട്ടുകൊണ്ട് സംസ്ഥാനതല കമ്മിറ്റികൾക്ക് എൻട്രികൾ സമർപ്പിക്കാൻ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലേയും മാർക്കറ്റിംഗ് സർവ്വീസ് എക്സ്റ്റൻഷൻ സെന്ററുകളിലേയ്ക്കും സർക്കുലർ നൽകുന്നു. ഈ ആവശ്യത്തിനായി ഒരു സമയപരിധി നിശ്ചയിക്കുകയും ഓരോ സംസ്ഥാനത്തേയും സംസ്ഥാനതല തിരിഞ്ഞെടുപ്പ് കമ്മിറ്റി എൻട്രികളിൽ നിന്നും 10-ൽ അധികരിക്കാത്ത എണ്ണം തിരിഞ്ഞെടുത്ത് ന്യൂഡൽഹിയിലെ കരകൗശല വികസന കമ്മീഷണറുടെ ഓഫീസിലെ ആസ്ഥാനതല തിരിഞ്ഞെടുപ്പ് കമ്മിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഈ പ്രക്രിയകൾ അസാധാരണമാംവിധം വൈകാതിരിക്കുന്നതിന് എൻട്രികൾ സ്വീകരിക്കുന്നതിന് ഒരു സമയപരിധി റീജിയണൽ ഡയറക്ടർമാർ നിശ്ചയിക്കേണ്ടതാണ്. കൂടാതെ ഗുണനിലവാരവും മത്സരക്ഷമതയും ഉറപ്പുവരുത്തുന്നതിന് സംസ്ഥാനതല കമ്മിറ്റി താഴെപ്പറയുന്നവയിൽ നിന്നും നേരിട്ട് ലഭിക്കുന്ന എൻട്രികൾക്ക് പരിഗണന നൽകേണ്ടതാണ്.

1. സ്റ്റേറ്റ്ലെവൽ കമ്മിറ്റിയിൽ നിന്ന് ഏതെങ്കിലും അംഗം.
2. അഖിലേന്ത്യാ ഹാന്റ്ലൂം/ഹാന്റിക്രാഫ്റ്റ് ബോർഡ്
3. സംസ്ഥാന കൈത്തറി/കരകൗശല കോർപ്പറേഷനുകൾ/അപ്പക്സ് ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ.
4. റീജിയണൽ ഡിസൈൻ & ടെക്നിക്കൽ ഡെവലപ്മെന്റ് സെന്റർ/എൻ.സി.റ്റി.ഡി.
5. സ്റ്റേറ്റ് ഡിസൈൻ സെന്റർ

സംസ്ഥാനതല/മേഖലാതലത്തിൽ നിന്നും സ്വീകരിക്കപ്പെടുന്ന എൻട്രികളിൽ നിന്നും കരകൗശലത്തിന്റേയും കൈത്തറിയുടേയും ആസ്ഥാനതല കമ്മിറ്റി അന്തിമ തിരിഞ്ഞെടുപ്പു നടത്തുന്നു.

ആസ്ഥാനതല തിരിഞ്ഞെടുപ്പു കമ്മിറ്റി തിരിഞ്ഞെടുത്ത എൻട്രികൾ (അവാർഡിനാവശ്യമായ എണ്ണത്തിന്റെ ഇരട്ടിയിൽ അധികരിക്കാത്ത്) കേന്ദ്ര

തിരിഞ്ഞെടുപ്പു കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നു. കൈത്തറിയുടെയും കരകൗശലത്തിന്റേയും ആസ്ഥാനതല തിരിഞ്ഞെടുപ്പു കമ്മിറ്റികളിൽ നിന്നും സ്വീകരിച്ച എൻട്രികളിൽ നിന്നും കേന്ദ്ര തിരിഞ്ഞെടുപ്പു കമ്മിറ്റി ഒരു അന്തിമ തിരിഞ്ഞെടുപ്പു നടത്തുന്നു. തെരഞ്ഞെടുപ്പു പ്രക്രിയ താഴെപ്പറയുന്ന രീതിയിൽ സംക്ഷിപ്തപ്പെടുത്താം.

| | |
|---|---|
| കൈത്തറി | കരകൗശലം |
| മേഖലാ തല കമ്മിറ്റി | സംസ്ഥാന തല കമ്മിറ്റി |
| ആസ്ഥാനതല കമ്മിറ്റി | ആസ്ഥാനതല കമ്മിറ്റി |

9. **കേന്ദ്ര തിരിഞ്ഞെടുപ്പു കമ്മിറ്റി**

തിരിഞ്ഞെടുപ്പു പ്രക്രിയ കാരണം കൈത്തറി - കരകൗശല വിദഗ്ധർക്ക് അവരുടെ മുടക്കു മുതൽ ദീർഘകാലത്തേയ്ക്ക് തടസ്സപ്പെടുന്നതായും അവരുടെ നല്ല ഉല്പന്നങ്ങൾ അയച്ചുകൊടുക്കാൻ കഴിയുന്നില്ലെന്ന് അഭിപ്രായ സമർപ്പണം നടത്തുകയുണ്ടായിട്ടുണ്ട്. ഇക്കാരണത്താൽ കര ചാതുരിയുടെ ഏറ്റവും നല്ല ഉദാഹരണങ്ങൾ ദേശീയ അവാർഡിന്റെ തിരിഞ്ഞെടുപ്പിനായി എത്താത്ത സാഹചര്യമുണ്ട്. ഇക്കാരണത്താൽ എല്ലാ തലത്തിലുമുള്ള എൻട്രികളെ സ്പോൺസർ ചെയ്യുന്നതിന് വിപണന സംഘടനകൾ, പൊതു-സ്വകാര്യ കോർപ്പറേഷനുകൾ/സഹകരണ സംഘങ്ങൾ/സ്വകാര്യ വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങിയവരെ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവാർഡ്, അത് നിർമ്മിച്ച നെയ്ത്തുകാർക്ക്/ കരകൗശല വിദഗ്ധർക്ക് നൽകുന്നതാണ്.

എന്നിരുന്നാലും കരകൗശല/കൈത്തറി വിദഗ്ധർക്ക് സാമ്പത്തികഭാരം ഉണ്ടാകാതെ എൻട്രികൾ നൽകാൻ സഹായിച്ചുകൊ് കൂടുതൽ സംഘടനകൾ മുന്നോട്ടു വരുന്നതിനായി അവാർഡ് ലഭിക്കുന്ന എൻട്രികൾ സ്പോൺസർ ചെയ്ത സംഘടനകൾക്കും ഒരു പ്രശംസാ പത്രം നൽകുന്നതാണ്.

കേന്ദ്ര/സംസ്ഥാന കോർപ്പറേഷനുകൾ/ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും ലഭിക്കുന്ന എൻട്രികൾ കരകൗശല വികസന കമ്മീഷണറും കൈത്തറി വികസന കമ്മീഷണറും നിശ്ചയിക്കുന്ന അലസാന തീയതിയ്ക്ക് മുൻപായി ബന്ധപ്പെട്ട സംസ്ഥാന/മേഖലാ തിരിഞ്ഞെടുപ്പു കമ്മിറ്റികൾക്ക് അയച്ചുകൊടുക്കുന്നു.

അതിനുശേഷം എൻട്രികൾ നേരിട്ട് സ്വീകരിക്കുന്നതല്ല. ആസ്ഥാനതല/ കേന്ദ്ര തിരിഞ്ഞെടുപ്പു കമ്മിറ്റി അംഗങ്ങളുടെ ശുപാർശകളെന്തെങ്കിലും ഉള്ള പക്ഷം അവയും ബന്ധപ്പെട്ട വികസന കമ്മീഷണർക്ക് അഥവാ കരകൗശല/കൈത്തറി വികസന കമ്മീഷണറുടെ മേഖലാ/പ്രാദേശിക ഓഫീസുകളിലേയ്ക്ക് മേഖലാ/സംസ്ഥാനതല കമ്മിറ്റിയ്ക്ക് സമർപ്പിക്കാനുള്ള അവസാന തീയതിക്ക് മുൻപ് അയച്ചുകൊടുക്കേണ്ടതാണ്. മേഖലാ/സംസ്ഥാന തല കമ്മിറ്റികൾ ശുപാർശ ചെയ്തില്ലെങ്കിൽ പോലും എൻട്രികളെ ആസ്ഥാന/കേന്ദ്രതല തിരിഞ്ഞെടുപ്പു കമ്മിറ്റികൾക്ക് മുൻപ് വയ്ക്കുന്നതാണ്.

10. **തിരിഞ്ഞടുപ്പിന്റെ മാനദണ്ഡം**

കൈത്തറി നെയ്ത്തുകാരെ/കരകൗശല വിദഗ്ധരെ തിരിഞ്ഞെടുക്കുന്നതിന് പാലിച്ചുപോകുന്ന പ്രധാന മാനദണ്ഡങ്ങൾ താഴെപ്പറയുന്നു.

എ) കരവിരുതിന്റെ ഉത്കൃഷ്ടത (എൻട്രികളായി സ്വീകരിക്കപ്പെടുന്ന സാമ്പിളുകളിൽ നിന്നും/ അഥവാ ഹാജരാക്കപ്പെടുന്ന ഫോട്ടോകളിൽ നിന്നോ മറ്റ് തെളിവുകളിൽ നിന്നോ ഉള്ള വിലയിരുത്തലിൽ നിന്ന്)

ബി) മറ്റു കൈത്തറി - കരകൗശല വിദഗ്ധർക്ക് പരിശീലനം നൽകിയതുവഴി തൊഴിൽ മേഖലയുടെ വികസനത്തിനു നൽകിയ സംഭാവന കണക്കിലെടുത്തു.

സി) ബന്ധപ്പെട്ട നേട്ടങ്ങൾ (നെയ്ത്തുകാരൻ അഥവാ കരകൗശല വിദഗ്ധർ/സ്പോൺസർ ചെയ്യുന്ന സംഘടന സമർപ്പിക്കുന്ന മറ്റു തെളിവുകളുടേയും വ്യക്തി സംബന്ധമായ വിശദവിവരങ്ങളിൽ നിന്നുമുള്ള വിലയിരുത്തലുകളിൽ നിന്നും)

ഡി) കരകൗശല വിദഗ്ധരെ/നെയ്ത്തുകാരെ തിരിഞ്ഞെടുക്കുന്നതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കു കൂടി പ്രത്യേക പരിഗണന നൽകുന്നതാണ്.

(i) നശിച്ചു കൊണ്ടിരിക്കുന്ന കലയിലാണ് പ്രവർത്തനം നടത്തുന്നതെങ്കിൽ

(ii) ഉല്പന്ന വൈവിദ്ധ്യവൽക്കരണം കൊോ ആനുകാലിക പ്രയോഗം കൊോ നശിച്ചുകൊണ്ടിരിക്കുന്ന കരവിരുതിനെ പുനരുജ്ജീവിപ്പിച്ചു കൊണ്ടു വരുന്നതിനെടുക്കുന്ന ശ്രദ്ധേയമായ ശ്രമങ്ങളുണ്ടെങ്കിൽ

(iii) നവീനമായ ഡിസൈനുകളെ ആവിഷ്കരിക്കുക. ഏറെ വർഷങ്ങളായി ശ്രദ്ധിക്കപ്പെടുന്ന ഒരു കാര്യം, ചെറിയ പ്രായത്തിൽ തിരിഞ്ഞെടുക്കപ്പെടുന്ന നെയ്ത്തുകാർ/ കരകൗശല വിദഗ്ധർ, അവർ സമർപ്പിക്കുന്ന എൻട്രികളുടെ മാത്രം ഗുണനിലവാരത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നതും ഈ മേഖലയ്ക്ക് അവർ നൽകിയ സംഭാവനയെ മൊത്തത്തിൽ പരിഗണിക്കാതെ യാണെന്നതുമാണ്. ഇത് ഒഴിവാക്കപ്പെടുന്നതാണ്.

10. **പൊതു നിബന്ധനകൾ**

സ്വീകരിക്കപ്പെടുന്ന എൻട്രികൾ തിരിഞ്ഞെടുക്കപ്പെടാത്തവ ബന്ധപ്പെട്ട വ്യക്തികൾക്ക് ഉടൻതന്നെ, തിരിഞ്ഞെടുപ്പ് പ്രക്രിയ കഴിഞ്ഞ് പരമാവധി 30 ദിവസത്തിനകം സംസ്ഥാന/മേഖലാ തല തിരിഞ്ഞെടുപ്പു കമ്മിറ്റി മടക്കി അയച്ചുകൊടുക്കേണ്ടതാണ്. പങ്കെടുത്തതിന്, സംസ്ഥാനതല/മേഖലാതല തിരിഞ്ഞെടുപ്പു കമ്മിറ്റി ബന്ധപ്പെട്ട വ്യക്തിക്ക് ഒരു പ്രശംസാ കത്ത് കൂടി നൽകാവുന്നതാണ്.

ഓരോ വർഷവും കുറഞ്ഞത് 5 ഉത്കൃഷ്ടവും നവീനവുമായ ഉല്പന്നങ്ങൾ കണ്ടെത്തി നൽകാൻ വീവേഴ്സ് സർവ്വീസ് സെന്ററുകൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി സ്ഥാപനങ്ങൾ തുടങ്ങി കൈത്തറി വികസന കമ്മീഷണറുടെ അധീനതയിലുള്ള സ്ഥാപനങ്ങളോടും RE&TDC, M&SEC, BCDI & NCHPT തുടങ്ങി കരകൗശല വികസന കമ്മീഷണറുടെ അധീനതിയിലുള്ള സ്ഥാപനങ്ങളോടും ആവശ്യപ്പെടാവുന്നതാണ്. സ്പോൺസർ ചെയ്യുന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക്/ജീവനക്കാർക്ക്, അവർ സ്പോൺസർ ചെയ്ത എൻട്രികൾക്ക് ദേശീയ അവാർഡു ലഭിക്കുന്ന പക്ഷം പ്രശംസാ കത്തുകളോ സമ്മാനത്തുകയോ രണ്ടുമോ നൽകാവുന്നതാണ്.

ദേശീയ അവാർഡിന്റേയും മെരിറ്റ് സർട്ടിഫിക്കറ്റിന്റേയും പരിഗണനയ്ക്കു വരുന്ന എൻട്രികൾ വിപണനം ചെയ്യപ്പെടുന്നതിന് ഭാരതീയ കേന്ദ്ര കുടിൽ വ്യവസായ കോർപ്പറേഷൻ, വിവിധ പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന അവരുടെ എമ്പോറിയങ്ങളിലൂടെ നെയ്ത്തുകാരെ/ കരകൗശല വിദഗ്ധരെ സഹായിക്കുന്നു.

ദേശീയ അവാർഡിനായി എൻട്രികൾ സമർപ്പിക്കുന്നതിനായി കരകൗശല വിദഗ്ധരെ/കൈത്തറി നെയ്ത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ എടുത്തു എന്ന് വിശദീകരിക്കുന്ന ഒരു ലഘുകുറിപ്പ് ഓരോ റീജിയണൽ ഓഫീസും M & SEC യും ഓരോ സാമ്പത്തിക വർഷവും നൽകിയിരിക്കേണ്ടതാണ്.

സംസ്ഥാന/മേഖലാ തല കമ്മിറ്റികളിലെ ഓരോ അനൗദ്യോഗിക അംഗത്തിനേയും എല്ലാ രണ്ടു വർഷം കൂടുമ്പോഴും പുനരവലോകനം/മാറ്റം ചെയ്യേണ്ടതും കരകൗശലം/കൈത്തറി മേഖലയിൽ മെച്ചപ്പെട്ട പശ്ചാത്തലമുള്ള പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി തിരഞ്ഞെടുപ്പു പ്രക്രിയ കൂടുതൽ സുതാര്യവും പക്ഷപാതരഹിതവുമാക്കേണ്ടതുമാണ്.

കൈത്തറി വികസന കമ്മീഷണറുടേയും കരകൗശല വികസന കമ്മീഷണറുടേയും ഓഫീസുകളിലെ 15 പ്രശസ്ത ഡിസൈനർമാരുടെ ഒരു പാനൽ രണ്ടു വർഷത്തേയ്ക്ക് ആസ്ഥാനതലത്തിൽ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നുള്ള ഡിസൈനർമാരെ ആസ്ഥാനതല/മേഖലാതല/സംസ്ഥാനതല കമ്മിറ്റികളിലേയ്ക്കും കോർ കമ്മിറ്റിയിലേയ്ക്കും നാമ നിർദ്ദേശം ചെയ്യുന്നു.

തിരഞ്ഞെടുപ്പു പ്രക്രിയയിൽ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനും സുതാര്യമാക്കുന്നതിനും സുതാര്യമാക്കുന്നതിനും സംസ്ഥാനതല/മേഖലാതല അംഗങ്ങൾക്ക് അവരുടെ അഭിപ്രായം രേഖപ്പെടുത്തുകയും ഓരോ വിഷയത്തിനും മാർക്കു നൽകുന്നതിനും സൗകര്യമൊരുക്കുകയും അതുവഴി കമ്മിറ്റിക്ക് ഓരോ എൻട്രികളെയും വിലയിരുത്തുന്നതിനു സഹായകമായ രീതിയിൽ വിവിധ നിഷ്ക്കർഷകൾ ഉൾപ്പെടുന്ന ഒരു പൊതു പ്രൊഫോർമ തയ്യാറാക്കപ്പെടുന്നതാണ്. പങ്കെടുക്കാൻ പ്രാപ്തരായ നെയ്ത്തുകാരുടെ/കരകൗശല വിദഗ്ധരുടെ ബയോഡേറ്റ വിശദീകരിക്കുന്ന ഒരു കുറിപ്പ് മുൻകൂർ ആയി കമ്മിറ്റിയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

12. പ്രചരണം

**എ) വീവേഴ്സ് സർവ്വീസ് സെന്ററുകളിലെ സോണൽ ഡയറക്ടർമാർ ഫീൽഡ് ഓഫീസ്/വീവേഴ്സ് സർവ്വീസ് സെന്ററുകൾ വഴിയും ദില്ലി ഹാറ്റ്, ദേശീയതലമേളകൾ, ക്രാഫ്റ്റ് ബസാറുകൾ എന്നിവയിലൂടെയും സ്ഥിരം ഹോർഡിംഗുകൾ സ്ഥാപിച്ച് വിപുലമായ പ്രചരണം ചെയ്യേണ്ടതുമാണ്. ബോർഡുകളിലും/ഹോർഡിംഗുകളിലും ലഘുലേഖകളിലും അവാർഡിനായി എൻട്രികൾ സമർപ്പിക്കപ്പെടേണ്ട അവസാന തീയതിയും തിരിഞ്ഞെടുപ്പു മാനദണ്ഡത്തിന്റെ ലഘുവിവരവും വ്യക്തമായി ക്ഷണിച്ചിരിക്കേണ്ടതുമാണ്.**

**(ബി) ഇതു സംബന്ധമായ പരസ്യങ്ങൾ ടെലിവിഷനിലും/ആകാശവാണിയിലും പ്രാദേശിക ദിന പത്രങ്ങളിലും വീവേഴ്സ് സർവ്വീസ് സെന്ററുകളിലെ സോണൽ ഡയറക്ടർമാർ നൽകേണ്ടതാണ്. കൈത്തറി/കരകൗശല വികസന കമ്മീഷറണർ ധനസഹായം നൽകി നടപ്പിലാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്ന, കൈത്തറി/കരകൗശല മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെ പരിപാടികളിലൂടെ ദേശീയ അവാർഡിനായുള്ള പ്രചരണം വിപുലമാക്കാൻ അഭ്യർത്ഥിക്കാനും നല്ല എൻട്രികൾ കണ്ടെത്താനും ഈ സംഘടനകൾക്കും സംസ്ഥാന കര കൗശല കോർപ്പറേനും ഇൻസെന്റീവ് നൽകുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്.**

സി) ജില്ലാ കളക്ടർമാർ/മജിസ്ട്രേറ്റുകൾ/ജില്ലാ വ്യവസായ കേന്ദ്രങ്ങൾ/ ബ്ലോക്ക് വികസന ഓഫീസർമാർ/പഞ്ചായത്തുകൾ എന്നിവയോടും ജില്ലാ ഗ്രാമ വികസന ഏജൻസിയോടും അവരുടെ തലത്തിൽ പ്രചരണം നടത്താൻ അഭ്യർത്ഥിക്കാവുന്നതാണ്.

ഡി) കരകൗശല/നെയ്ത്തു പ്രതിനിധികൾക്കും കരകൗശല/നെയ്ത്ത് അസോസിയേഷനുകൾക്കും ദേശീയ അവാർഡു പദ്ധതിയെക്കുറിച്ച് അവബോധം നൽകുന്നതിനും പ്രാദേശിക പത്രങ്ങളിൽ നേരത്തേതന്നെ ഉചിതമായ പരസ്യങ്ങൾ നൽകിക്കുന്നതിനും വീവേഴ്സ് സർവ്വീസ് സെന്ററുകളിലെ സോണൽ ഡയറക്ടർമാർ പ്രത്യേക യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

ഇ) ദേശീയ അവാർഡു പദ്ധതിയെക്കുറിച്ചും അതിനായി എൻട്രികൾ സമർപ്പിക്കാവുന്ന അവസാനതിയതി ഏപ്രിൽ മാസത്തിലാണെന്നും കാണിച്ചുകൊണ്ട് എല്ലാവർഷവും കുറഞ്ഞത് 6 മാസം മുൻപ് വീവേഴ്സ് സർവ്വീസ് സെന്ററുകളിലെ സോണൽ ഡയറക്ടർ പ്രചരണം നടത്തുന്നതാണ്.

എഫ്) ദേശീയ അവാർഡ് പദ്ധതിയെക്കുറിച്ചും, അതിൽപറയുന്നവർക്കു നൽകുന്ന സൗകര്യങ്ങളെക്കുറിച്ചും യോഗങ്ങളിൽ/സിമ്പോസിയങ്ങളിൽ/സംവാദങ്ങളിൽ വീവേഴ്സ് സർവ്വീസ് സെന്ററുകളിലെ സോണൽ ഡയറക്ടർമാർ പ്രത്യേക പരാമർശം നൽകേണ്ടതാണ്.

**അനുബന്ധം VII**

## വിപണനകയറ്റുമതി പ്രോത്സാഹന പദ്ധതി

മൂല്യ നിർണ്ണയം

1. ആമുഖം:

വിപണന പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രദർശനങ്ങൾ/സംരംഭങ്ങൾ/മേളകൾ സംഘടിപ്പിക്കപ്പെടുന്നു.

- ദേശീയതല പ്രദർശനങ്ങൾ/പ്രത്യേക പ്രത്യേക പ്രദർശനങ്ങൾ
- ജില്ലാതല സംരംഭങ്ങൾ
- ക്രാഫ്റ്റ് മേളകൾ
- അർബൻ ഹാറ്റുകൾ
- മാർക്കറ്റിംഗ് കോംപ്ലക്സുകൾ
- കയറ്റുമതി പദ്ധതികൾ

മേൽ പ്രസ്താവിച്ച പരിപാടികൾ 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് തുടർന്ന് നടപ്പിലാക്കി വരുന്നതുമാണ്.കൈത്തറി വികസന കമ്മിഷണർ വാർഷികാടിസ്ഥാനത്തിൽ നടത്തുന്നതിനായാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരുകൾ ശുപാർശ ചെയ്യുന്ന നിർവ്വഹണ ഏജൻസികളാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

## 2. മൂല്യനിർണ്ണയത്തിന്റെ കാലയളവുകൾ

11-ാം പഞ്ചവത്സരപദ്ധതിയുടെ രണ്ടും നാലും വർഷങ്ങളിലാണ് മൂല്യനിർണ്ണയത്തിനു വിധേയമാക്കുന്നത്. വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമയം ഉൾപ്പെടെ മൂന്നു മാസം കൊണ്ടാണ് മൂല്യനിർണ്ണയം പൂർത്തിയാക്കുന്നത്.

3. മൂല്യനിർണ്ണയത്തിന് സാധ്യമാക്കുന്നവ:-

മൂല്യനിർണ്ണയത്തിനു വിഷയമാക്കപ്പെടുന്ന വിവരങ്ങൾ,

i) പരിപാടിയുടെ കാലഘട്ടം

ii) നിറവേറ്റപ്പെട്ട മുന്നൊരുക്കങ്ങൾ

iii) പ്രതിനിധികളുടെ എണ്ണം

iv) പരിപാടിയിലൂടെ നടന്ന വില്പനയും ലഭ്യമായ ഓർഡറും

v) പ്രതിനിധികൾക്കുണ്ടായ നേട്ടം

vi) നടപടിക്രമങ്ങളിലൂടെയുണ്ടായ തടസ്സങ്ങൾ

vii) മേളകളുടെ ഉപയോഗത്തെക്കുറിച്ചും ഇവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി നിർണ്ണയിക്കപ്പെട്ടിരുന്ന ലക്ഷ്യത്തെക്കുറിച്ചും, ഈ സംസ്ഥാനത്തിൽ ഇവ തുടർന്നും നടപ്പിലാക്കുന്നതിനുള്ള ശുപാർശയെ സംബന്ധിച്ചും സംസ്ഥാന സർക്കാരുകൾ/ഏജൻസികൾക്കുള്ള കാഴ്ചപ്പാട്.

4. <u>മൂല്യ നിർണ്ണയ റിപ്പോർട്ട്</u>

ഓരോ മൂല്യനിർണ്ണയത്തിനും ശേഷം എല്ലാ വിവരങ്ങളും പ്രതിപാദിക്കുന്ന ഒരു വിശദ റിപ്പോർട്ട്, മൂല്യനിർണ്ണയം കഴിഞ്ഞ് ഒരു മാസത്തിനകം കൈത്തറി വികസന കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

5) <u>മൂല്യനിർണ്ണയ ഏജൻസി</u>

കൈത്തറി വികസന കമ്മീഷണർ അംഗീകരിച്ച ഒരു സ്വതന്ത്ര ഏജൻസിയായിക്കും മൂല്യനിർണ്ണയ പഠനം നടത്തുന്നത്.